VOL NO: 06 | ISSUE 46
www.nerpatham.com
mail@nerpatham.com
2022 NOVEMBER 12 | ₹10

# നേർപഥം

വാരിക



## മനസ്സമാധാനം അകലെയല്ല

കർണാടകയിലെ കലാലയങ്ങളിൽ മുസ്‌ലിം വിദ്യാർഥിനികളുടെ ശിരോവസ്ത്രം നിരോധിക്കുകയും അത് ഹൈക്കോടതി ശരിവെക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ഭരണഘടനാ വിഷയമെന്ന നിലയ്ക്ക് അഭിഭാഷകരും വിദ്യാർഥിനികളുമടങ്ങിയ ഒരു ടീം സുപ്രീംകോടതിയെ സമീപിക്കുകയുണ്ടായി. രാജ്യത്തിന്റെ പരമോന്നത കോടതിയിൽ നടന്ന വാദപ്രതിവാദങ്ങൾ പൗരന്റെ മൗലികാവകാശവുമായി ബന്ധപ്പെട്ട ഒട്ടേറെ ചിന്തകളിലേക്ക് വെളിച്ചം വീശുന്നതായിരുന്നു. പ്രസ്തുത ചർച്ചകളുടെ ക്രോഡീകരണമാണ് ഈ കുറിപ്പ്.

# വിധി തേടുന്ന ഹിജാബും കോടതിയിലെ വാദങ്ങളും

ഹിജാബ് വിഷയത്തിൽ സുപ്രീം കോടതിയിൽ നടന്ന വാദപ്രതിവാദങ്ങളെ കുറിച്ചും ഇടക്കാല വിധിയെ കുറിച്ചുമുള്ള സമ്പൂർണ വിശകലനം

|| അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം(റ)

|| രോഗം: വിശ്വാസികൾ അറിയേണ്ടത്

|| വ്യക്തിത്വ വളർച്ചയിൽേക്കുള്ള ചില ചുവടുവയ്പുകൾ

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

**വില: ₹280+₹360+₹420=₹1060**
**ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക്: ₹860**

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

**മൂന്ന് വാല്യങ്ങൾ**




# വഹാബി നവോത്ഥാനം
## വിമർശകരും വസ്തുതകളും
### ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

0303

# നേർപഥം

വാരിക

2022 നവംബർ 12
1444 റബീഉൽ ആഖിർ 17
പുസ്തകം 06 / ലക്കം 46






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






**05**
മുഖമൊഴി
മനസ്സമാധാനം അകലെയല്ല

**06**
ആരോഗ്യപഥം
വ്യവഹാര പ്രശ്നങ്ങൾ
ഡോ. മുനവ്വർ

**08**
ചരിത്രപഥം
അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം(റ)
അബൂഫായിദ

**18**
പാരന്റിംഗ്
വ്യക്തിത്വ വളർച്ചയിലേക്കുള്ള ചില ചുവടുവയ്പുകൾ
അഷ്റഫ് എകരൂൽ

**22**
ക്വുർആൻ ദർശനം
അസ്സുഖ്റുഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**26**
ലേഖനം
രോഗം: വിശ്വാസികൾ അറിയേണ്ടത്
ഹുസൈൻ സലഫി

**32**
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

**34**
കവിത
നാളേക്കു വേണ്ടി
ഹുസ്ന മലോറം

# 'ആത്മീയ ചൂഷണങ്ങളെ തിരിച്ചറിയുക' മുജാഹിദ് ആദർശ സമ്മേളനം ശ്രദ്ധേയമായി

പെരുമ്പാവൂർ: നവംബർ 6, ഞായറാഴ്ച കണ്ടന്തറ സലഫി നഗറിൽ 'അന്ധവിശ്വാസത്തിനും ആത്മീയ ചൂഷണത്തിനുമെതിരെ' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ജില്ല മുജാഹിദ് ആദർശ സമ്മേളനം ജനപങ്കാളിത്തംകൊണ്ടും പ്രൗഢമായ പ്രഭാഷണങ്ങൾ കൊണ്ടും ശ്രദ്ധേയമായി.

ആത്മീയതയുടെ കച്ചവടരംഗത്ത് നമ്മുടെ രാജ്യം എന്നും മുന്നിൽതന്നെയാണ്. വർത്തമാനകാലത്തും ഇന്ത്യ ആത്മീയ മാർക്കറ്റിംഗ് രംഗത്ത് ആധിപത്യം പുലർത്തുന്ന കാഴ്ചയാണ് കാണുന്നത്. യുക്തിയും വിവേകവുള്ള മനുഷ്യൻ തന്റെ ആത്മാവിനെ നിരർഥകവും വിനാശകരവുമായ അടിമത്തത്തിലേക്ക് നയിക്കുന്ന തരത്തിൽ ചൂഷണവലയത്തിൽ അകപ്പെട്ടുപോകുന്നത് ഏറെ ഖേദകരമാണ്. മതത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങളെ തിരിച്ചറിഞ്ഞ് അത്തരം കുറ്റകൃത്യങ്ങൾക്ക് പിന്നിലുള്ള കുബുദ്ധികളെ മാതൃകാപരമായി ശിക്ഷിക്കുവാൻ ഉത്തരവാദപ്പെട്ടവർ തയ്യാറാകണം.

'അഹ്‌ലുസ്സുന്ന: ശരിയും തെറ്റും,' 'മതനിരാസത്തിന്റെ പുതിയ മുഖങ്ങൾ' എന്നീ വിഷയങ്ങളിൽ യഥാക്രമം അബ്ദുൽ മാലിക് സലഫി, ശമീർ മദീനി എന്നിവർ സംസാരിച്ചു.

സമ്മേളനത്തിൽ വിസ്ഡം ബുക്സിന്റെ പുതിയ പുസ്തകങ്ങളുടെ പ്രകാശനവും നടന്നു. സമ്മേളനം ശമീർ മദീനി ഉദ്ഘാടനം ചെയ്തു. വിസ്ഡം എറണാകുളം ജില്ല പ്രസിഡന്റ് ജാബിർ വി മൂസ അധ്യക്ഷനായി. ഹുസൈൻ സലഫി (ഷാർജ) സമാപന പ്രഭാഷണം നടത്തി. സൽമാനുൽ ഫാരിസി, സുലൈമാൻ വല്ലം, യൂസഫ് സ്വലാഹി, നസീർ അൻവാരി എന്നിവർ പങ്കെടുത്തു. ■

# 'നേർപഥം' പ്രചാരണ സംഗമങ്ങൾക്ക് പ്രൗഢമായ തുടക്കം

കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, വൈജ്ഞാനിക മണ്ഡലങ്ങളിൽ പുത്തനുണർവ് നൽകി ഇസ്‌ലാമിക വായനയുടെ പുതുവസന്തം തീർത്ത 'നേർപഥം' വാരികയുടെ പ്രചാരണത്തിന്റെ ഭാഗമായി ഏരിയ പ്രചാരണ സംഗമങ്ങൾക്ക് തുടക്കമായി.

സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിൽ വീരഗാഥ രചിച്ച മുജാഹിദ് പ്രസ്ഥാനത്തിന്റ സമകാലിക മുന്നേറ്റമായ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ മുഖപത്രമായ 'നേർപഥം' ഏഴാം വയസ്സിലേക്ക് പ്രവേശിക്കുകയാണ്.

സമകാലിക സാഹചര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളിൽ ശരിയായ ദിശാബോധം നൽകാൻ നേർപഥത്തിന്റ താളുകൾക്ക് കഴിഞ്ഞിട്ടുണ്ട്. വിശുദ്ധ ക്വുർആനിന്റെയും പ്രവാചക ചര്യയുടെയും പ്രകാശധാരയിലൂടെ യുവാക്കളുടെ സർവതോൻമുഖമായ രംഗങ്ങളിൽ വൈവിധ്യമായ പദ്ധതികളാവിഷ്കരിച്ച് പ്രവർത്തനപഥത്തിൽ മുന്നേറുന്ന യുവജന വിഭാഗമായ 'വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ' ആണ് പ്രചാരണ സംഗമങ്ങൾ സംഘടിപ്പിക്കുന്നത്.

നവമ്പർ 10 മുതൽ ഡിസമ്പർ 10 വരെയുള്ള കാലയളവിൽ നടക്കുന്ന നേർപഥത്തിന്റെ പ്രചാരണ കാമ്പയിനിന്റ ഭാഗമായാണ് ഏരിയ സംഗമങ്ങൾ നടക്കുന്നത്. മലപ്പുറം, പെരിന്തൽമണ്ണ, വണ്ടൂർ ഏരിയകളിൽ പ്രചാരണ സംഗമങ്ങൾ പൂർത്തിയായി. അരീക്കോട്, നിലമ്പൂർ, കൊണ്ടോട്ടി, എടവണ്ണ, തിരൂർ, ബേപ്പൂർ, തളിപ്പറമ്പ്, കണ്ണൂർ, കൽപ്പറ്റ തുടങ്ങി 30 ഏരിയകളിലാണ് സംഗമങ്ങൾ സംഘടിപ്പിക്കുന്നത്.

വിസ്ഡം ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ. ഹാരിസ് ബിൻ സലീം, വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ഒ.മുഹമ്മദ് അൻവർ, ഡോ.പി.പി. നസീഫ്, ഫിറോസ് ഖാൻ സ്വലാഹി, ത്വൽഹത്ത് സ്വലാഹി, ഹനീഫ വണ്ടൂർ, അബ്ദുൽ വഹാബ് സ്വലാഹി, നിസാർ മമ്പാട്, റഫീഖ് അലി ഇരിവേറ്റി തുടങ്ങിയവർ സംഗമങ്ങൾക്ക് നേതൃത്വം നൽകി. ■

# മനസ്സമാധാനം അകലെയല്ല

ഒരു വ്യക്തിയിൽ ദൈവവിശ്വാസം രൂഢമൂലമാകുമ്പോഴാണ് അയാളിൽ നല്ല പ്രവർത്തനങ്ങളും നല്ല ചിന്തകളും ഉണ്ടാവുക. അപ്പോഴേ അസൂയയും പകയും വിദ്വേഷവും അനാവശ്യമായ കിടമത്സരവും അഹങ്കാരവും ഇല്ലാതാവുകയുള്ളൂ.

ഏകനായ സ്രഷ്ടാവിലും അവന്റെ മതം പഠിപ്പിക്കുന്ന അദൃശ്യകാര്യങ്ങളിലും ഉറച്ചുവിശ്വസിക്കുന്നവർക്കാണ് ശാന്തിയും സമാധാനവും ലഭിക്കുക. അവനെക്കുറിച്ചുള്ള സ്മരണ തന്നെ അവാച്യമായ അനുഭൂതി പകരുന്നതാണ്.

"അതായത് വിശ്വസിക്കുകയും അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (ക്വുർആൻ 13:28).

ശാന്തിയുടെ മതമായ ഇസ്‌ലാം മനുഷ്യരുടെ രക്ഷയ്ക്കും സമാധാനത്തിനുമായി അതിന്റെ സന്ദേശങ്ങൾ സമർപ്പിക്കുന്നു. ശാന്തി തേടിയലയുന്ന മനുഷ്യരെ സമാധാനം നിറഞ്ഞ സുരക്ഷിത താവളത്തിലേക്കാണ് ഇസ്‌ലാം നയിക്കുന്നത്. സ്രഷ്ടാവിന്റെ മാർഗദർശനം പിൻപറ്റി ജീവിക്കുക എന്നതാണ് മുഖ്യമായത്. അവരുടെ മുന്നിലാണ് ഇഹപര രക്ഷയുടെ കവാടം തുറക്കപ്പെടുക. അല്ലാത്തവർക്ക് ഇഹലോകം തന്നെ കുടുസ്സായി മാറും.


"...അപ്പോൾ എന്റെ മാർഗദർശനം ആർ പിൻപറ്റുന്നുവോ അവൻ പിഴച്ചുപോവുകയില്ല; കഷ്ടപ്പെടുകയുമില്ല. എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന് ഇടുങ്ങിയ ഒരു ജീവിതമാണ് ഉണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ചു കൊണ്ടുവരുന്നതുമാണ്" (ക്വുർആൻ 20:123,124).

സ്രഷ്ടാവിന്റെ വിധിയിലുള്ള ഉറച്ച വിശ്വാസവും മനസ്സമാധാനം പകരുന്ന ഒന്നാണ്. പരീക്ഷണങ്ങളിൽ അടിപതറാതിരിക്കാൻ അത് അനിവാര്യമാണ്. തനിക്ക് അല്ലാഹു വിധിച്ചതെന്തോ അതു മാത്രമെ തനിക്ക് ലഭിക്കൂ എന്ന തിരിച്ചറിവ് അത്യാർത്തിയിൽ നിന്നും അസൂയയിൽനിന്നും വിശ്വാസിയെ കാത്തുരക്ഷിക്കുന്നു; അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ചെറുതായി കാണാതിരിക്കാനും അത് സഹായിക്കുന്നു. നബി(സ്വ) പറഞ്ഞു:

"നിങ്ങളെക്കാൾ താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക. നിങ്ങളെക്കാൾ മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. അതാണ് അല്ലാഹു നിങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹങ്ങളെ നിസ്സാരമായി കാണാതിരിക്കാൻ ഏറ്റവും നല്ലത്" (മുസ്‌ലിം).

ധാരാളം സമ്പത്തും എല്ലാവിധ സൗകര്യങ്ങളുമുള്ള വീടും മുന്തിയ വാഹനവുമൊക്കെ സ്വന്തമായുണ്ടായാൽ ജീവിതം ധന്യമായി എന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ അതൊക്കെയുണ്ടായിട്ടും മനസ്സമാധാനമില്ലാതെ ഒട്ടേറെയാളുകൾ ജീവിക്കുന്നത് ഇക്കൂട്ടർ കാണുന്നില്ല. നബി(സ്വ) പറഞ്ഞു: "ധന്യതയെന്നത് ഭൗതികവിഭവങ്ങളുടെ ആധിക്യമല്ല. മറിച്ച് മനഃസംതൃപ്തി, അതാണ് ധന്യതയും ഐശ്വര്യവുവും" (ബുഖാരി, മുസ്‌ലിം).

മരണത്തെക്കുറിച്ചുള്ള ഓർമയും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ബോധവുമുണ്ടെങ്കിൽ ആസ്വാദനങ്ങൾക്കു പിന്നാലെയുള്ള ആർത്തിപൂണ്ട ഓട്ടമുണ്ടാകില്ല, മനസ്സ് ഒരവസ്ഥയിലും അസ്വസ്ഥമാകുകയില്ല. നബി(സ്വ) പറഞ്ഞു: "സർവ സുഖങ്ങളെയും തകർത്തുകളയുന്നതിനെ(മരണത്തെ)ക്കുറിച്ച് നിങ്ങൾ ധാരാളമായി ഓർക്കുക"(ബുഖാരി).



# വ്യവഹാര പ്രശ്നങ്ങൾ

ഡോ. മുനവ്വർ

**അകാരണ കോപ നിയന്ത്രണം**

*1) പൊതുവായിട്ടുള്ള ശരീരപരിശോധന*

അകാരണ കോപം നിയന്ത്രിക്കുന്നതിന് ആദ്യം വേണ്ടത് കുട്ടിയെ ശരിയായ വിധത്തിലുള്ള വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയാണ്. ഇതുവഴി ശരീരഘടനാപരമായ എന്തെങ്കിലും തകരാറുണ്ടെങ്കിൽ കണ്ടുപിടിക്കാവുന്നതാണ്. കുട്ടിയുടെ പൊതുവായ ആരോഗ്യസ്ഥിതിയും പരിശോധിക്കേണ്ടതുണ്ട്. ആഹാരശീലം, ഉറക്കം, മലമൂത്രവിസർജന രീതി എന്നിവയിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ അതും പരിഹരിക്കേണ്ടതാണ്. എപ്പിലപ്സി (ചുഴലിദീനം), അപകടം മൂലം തലയ്ക്ക് ഉണ്ടാകുന്ന പരിക്കുകൾ, ചികിത്സ ആവശ്യമായിവരുന്ന മറ്റ് അസുഖങ്ങൾ എന്നിവയും അകാരണ കോപത്തിനു കാരണമാകാറുണ്ട്.

*2) ശിശുപരിപാലന വ്യവഹാര പരിഷ്കരണം*

അകാരണ കോപത്തിന്റെ അടിസ്ഥാന കാരണങ്ങൾ വിശദമായ പരിശോധനയ്ക്കു വിധേയമാക്കേണ്ടതുണ്ട്. കുട്ടികളോടുള്ള രക്ഷാകർത്താക്കളുടെ തെറ്റായ സമീപനം ഇതിനുള്ള ഒരു പ്രധാന കാരണമായി തെളിഞ്ഞിട്ടുണ്ട്. ഇതു പരിഹരിക്കേണ്ടതുണ്ട്. ഇവ പൂർണമായും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ രക്ഷാകർത്താക്കൾ അവരുടെ വ്യവഹാരരീതികൾ പരിഷ്കരിക്കാനെങ്കിലും തയാറാകേണ്ടതാണ്. അങ്ങനെ സംഭവിച്ചാൽ കുടുംബത്തിൽ നിലനിൽക്കുന്ന സമ്മർദ അന്തരീക്ഷത്തിന് ഇളവ് ഉണ്ടാകുകയും കുട്ടികൾക്ക് അവരുടെ തെറ്റായ വ്യവഹാരരീതികൾ തിരുത്തുന്നതിന് അവസരം ലഭിക്കുകയും ചെയ്യും. പല കാരണങ്ങളാൽ തങ്ങളിൽ കടന്നുകൂടുന്ന മാനസിക അസ്വാസ്ഥ്യങ്ങൾ, തെറ്റായ ധാരണകൾ എന്നിവയ്ക്ക് തങ്ങളുടെ കുട്ടികൾ ബലിയാടാകാതിരിക്കാൻ രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളുട നാനാതരത്തിലുള്ള വികാസത്തിന് അനുയോജ്യമായ സ്ഥലസൗകര്യങ്ങൾ, കളിപ്പാട്ടങ്ങൾ, കളിക്കൂട്ടുകാർ എന്നിവയൊക്കെ അനിവാര്യമാണ്.

*3) രക്ഷാകർത്താക്കളുടെ വൈകാരിക പക്വത*

കുട്ടികൾ അമിത കോപപ്രകടനം നടത്തുമ്പോൾ അവർക്ക് ശിക്ഷ കൊടുത്തില്ലെങ്കിൽ പല രക്ഷാകർത്താക്കൾക്കും തൃപ്തിവരില്ല. രക്ഷാകർത്താക്കളുടെ ഇത്തരം സമീപനം ശരിയല്ല. കുട്ടികളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ കഴിയാത്തതിന്റെ തക്കതായ കാരണം അവർക്ക് വിശദമായി പറഞ്ഞുകൊടുക്കുകയും അവരുടെ ആവശ്യങ്ങളുടെ കഴമ്പില്ലായ്മ അവരെ നല്ലവണ്ണം പറഞ്ഞു ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അതിനുശേഷവും കുട്ടി തന്റെ ശാഠ്യത്തിൽ ഉറച്ചുനിന്നു വീണ്ടും കോപപ്രകടനം നടത്തുകയാണെങ്കിൽ അതിനെ താൽക്കാലികമായി അവഗണിക്കുന്നതാണ് ഉത്തമം. അവരുടെ കോപം കുറെ കഴിയുമ്പോൾ കെട്ടടങ്ങുന്നതാണ്. എന്നാൽ അവരുടെ ആവശ്യത്തിന്റെ അർഥശൂന്യത അവരെ

ബോധ്യപ്പെടുത്തുവാനുള്ള ശ്രമം ഉപേക്ഷിക്കാവുന്നതല്ല. അങ്ങനെ ചെയ്താൽ തങ്ങളെ ദുഃഖിപ്പിച്ച രക്ഷാകർത്താവ് തങ്ങളെ തഴഞ്ഞതായും കുട്ടികൾ കരുതും. കുട്ടികളുടെ അകാരണ കോപ പ്രകടന സ്വഭാവം നിയന്ത്രിക്കാൻ ഈ മാർഗം വളര ഫലപ്രദമായിട്ടാണ് കണ്ടുവരുന്നത്. അകാരണ കോപപ്രകടനത്തിലൂടെ രക്ഷാകർത്താക്കളെ ചൂഷണം ചെയ്തു തങ്ങളുടെ ന്യായമല്ലാത്ത ആവശ്യങ്ങൾ നേടാൻ കഴിയില്ല എന്ന് ബോധ്യമാകുന്നതോടുകൂടി കുട്ടികൾ അവരുടെ കാര്യത്തിൽനിന്നു ക്രമേണ പിൻവാങ്ങും.

**കള്ളം പറയൽ**

അസത്യം പറയുന്നതിനെയാണ് കള്ളം പറയൽ എന്നുപറയുന്നത്. അതായത്, തെറ്റായിട്ടുള്ള കാര്യമോ ഇല്ലാത്ത കാര്യമോ പറയുക. മനഃപൂർവം തെറ്റായ കാര്യങ്ങൾ പറയുക, ഇല്ലാത്ത കാര്യങ്ങൾ ഉണ്ടാക്കി പറയുക, കാര്യങ്ങൾ തെറ്റിദ്ധരിപ്പിക്കത്തക്ക വിധത്തിൽ പറഞ്ഞു ഫലിപ്പിക്കുക, കാര്യങ്ങൾ വളച്ചൊടിച്ചു പറയുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും. ചില വസ്തുക്കളെ ബോധപൂർവം നിഷേധിക്കുന്നതും പൂർണ മായും നിഷേധിക്കുന്നതും കള്ളം പറച്ചിലിൽ ഉൾപ്പെടും. കള്ളം പറഞ്ഞ് അഭയം തേടുന്നവനെ നുണയൻ എന്നാണ് പറയുക. എന്നാൽ തെറ്റായ കാര്യങ്ങൾ ധാരാളമായി പറയുന്ന കൊച്ചുകുട്ടികളെ ഇത്തരത്തിൽ പറയാറില്ല. ഇവർ കള്ളം പറയുന്നതിനുള്ള ഒന്നാമത്തെ കാരണം വസ്തുതകളെക്കുറിച്ച് ശരിയായ അറിവ് ഇല്ലാത്തതാണ്. ഇവർക്ക് നിരവധി വിചിത്രവും അത്ഭുതകരവുമായ ഭാവനകൾ ഉണ്ടാകുന്നതാണ് രണ്ടാമത്തെ കാരണം. കുട്ടികൾ എന്തെങ്കിലും വസ്തുത വിവരിക്കുമ്പോൾ അവരുടെ വിചിത്ര ഭാവനയും ആഗ്രഹങ്ങളും കൂടി അതിൽ പ്രതിഫലിക്കും.

**കള്ളം പറയുന്ന രീതികൾ**

പ്രസിദ്ധ ബ്രിട്ടീഷ് കുറ്റാന്വേഷക വിദഗ്ധൻ സർ സിറിൽ ബർട്ട് കള്ളം പറയൽ രീതിയെ എട്ടായി തരംതിരിച്ചിട്ടുണ്ട്. അവ താഴെ വിവരിക്കുന്നു:

*1) തമാശയ്ക്ക് പറയുന്ന കള്ളങ്ങൾ*

ശൈശവത്തിലും ബാല്യത്തിന്റെ ആദ്യദശകളിലും തമാശയ്ക്കുവേണ്ടി കുട്ടികൾ കള്ളം പറയാറുണ്ട്. ഇത്തരം കള്ളം പറയലിനെ കുറ്റകൃത്യമായി കാണാറില്ല.

*2) വിചിത്ര കൽപനാ കള്ളങ്ങൾ*

ആഗ്രഹങ്ങളുടെ സഫലീകരണ ചിന്തയാണ് വിചിത്ര കൽപനാ കള്ളങ്ങളിലൂടെ പ്രകടിപ്പിക്കുന്നത്. ഏതാണ്ട് 4 വയസ്സ് പ്രായമാകുന്നതുവരെ കുട്ടികൾ കൂടെക്കൂടെ വിചിത്ര കൽപനാ കള്ളങ്ങൾ പറയുക സ്വാഭാവികമാണ്. ഈ കാലഘട്ടത്തിൽ കുട്ടികൾ ഭാവനാസൃഷ്ടങ്ങളായ വിചിത്രലോകത്തു വസിക്കുന്നതാണ് ഇതിനു കാരണം. ചിലപ്പോൾ വിചിത്രലോകത്തെ അനുഭവങ്ങൾ യാഥാർഥ്യമെന്ന മട്ടിൽ ഇവർ വിവരിക്കുകയും ചെയ്യും.

*3) തെറ്റിദ്ധരിപ്പിക്കുന്ന കള്ളങ്ങൾ*

ചില സന്ദർഭങ്ങളിൽ വസ്തുക്കളെക്കുറിച്ചു ശരിയും തെറ്റും തിരിച്ചറിയാൻ കുട്ടികൾക്ക് കഴിയാതെ വരും. അത്തരം സന്ദർഭങ്ങളിൽ രക്ഷപ്പെടുന്നതിനുവേണ്ടി കുട്ടികൾ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞു കാര്യങ്ങൾ ഫലിപ്പിക്കാൻ ശ്രമിക്കും.

*4) സ്വാഭിമാനം വളർത്തുന്നതിനുള്ള കള്ളങ്ങൾ*

കള്ളം പറഞ്ഞ് ഇല്ലാത്ത സ്വാഭിമാനം വളർത്തി രസിക്കുക കുട്ടികളുടെ ഒരു വിനോദമാണ്. ഇത്തരം കള്ളങ്ങൾ അവരുടെ അഹ(EGO)ത്തിന്റെ സംതൃപ്തിക്ക് ഉപകരിക്കും. യാതൊരുവിധ അറിവുമില്ലാത്ത സംഭവങ്ങൾ ഇവർ മറ്റുള്ളവരെ വർണിച്ചു കേൾപിക്കും. അവർ അത്തരം കാര്യങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ടാവില്ല. അപകർഷതാബോധം പുലർത്തുന്നവരാണ് ഇത്തരം കള്ളങ്ങൾ സാധാരണ പറയാറുള്ളത്.

*5) പ്രതികാരാത്മക കള്ളങ്ങൾ*

കളികളിലും മത്സരങ്ങളിലും തങ്ങളെ പരാജയപ്പെടുത്തുന്നവരെക്കുറിച്ച് മറ്റുള്ളവരോട് കള്ളങ്ങൾ പറയുന്നസ്വഭാവം ചില കുട്ടികൾക്കുണ്ട്. തന്റെ പ്രതിയോഗികളുടെമേൽ മേധാവിത്വം പുലർത്തുന്നതിനുവേണ്ടിയാണ് ഇത്തരം കള്ളങ്ങൾ മെനഞ്ഞെടുത്ത് അവതരിപ്പിക്കുന്നത്. ചില മുതിർന്ന വ്യക്തികളിലും ഇത്തരം പ്രവണത കണ്ടുവരുന്നുണ്ട്.

*6) സ്വാർഥതൽപരമായ കള്ളങ്ങൾ*

സ്വന്തം തെറ്റുകളും കുറവുകളും മറച്ചുവയ്ക്കാനായി ആളുകൾ കള്ളം പറയാറുണ്ട്. മറ്റുള്ളവരുടെ മുമ്പിൽ കുറ്റക്കാരനാകാതെ സ്വയരക്ഷയ്ക്കുവേണ്ടിയാണ് ഇത്തരം കള്ളങ്ങൾ പറയുക.

*7) കൂറുപുലർത്താനുള്ള കള്ളങ്ങൾ*

വ്യക്തികൾ തങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പിനോട് കൂറ് പുലർത്തുക സ്വാഭാവികമാണ്. നല്ല പ്രവൃത്തികൾ ചെയ്യുന്ന ഗ്രൂപ്പായാലും മോശപ്പെട്ട പ്രവൃത്തികളിൽ വ്യാപൃതമായിട്ടുള്ള ഗ്രൂപ്പായാലും അംഗങ്ങളെ സംബ ന്ധിച്ചിടത്തോളം ഇതു ശരിയാണ്. ഗ്രൂപ്പിനോട് കൂറു പുലർത്തുന്നവർ ഗ്രൂപ്പിന്റെ തെറ്റായ നടപടികൾ മൂടിവയ്ക്കാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്.

*8) രോഗസംബന്ധിയായ കള്ളങ്ങൾ*

പല വ്യക്തികളും പ്രത്യേക തരം വൈകാരിക ഭാവങ്ങളും വ്യവഹാര അപസാമാന്യതകളും പുലർത്തുന്നവരാണ്. ഇവ ഇവർ അറിയാതെ തന്നെ കള്ളം പറയുന്ന ശീലം ഇവരിൽ സൃഷ്ടിക്കും. വെറുതെ നുണ പറയുക, സംതൃപ്തിക്കുവേണ്ടി നുണ പറയുക, വമ്പത്തം പ്രകടിപ്പിക്കുന്നതിനുവേണ്ടി നുണ പറയുക എന്നിവ ഇങ്ങനെ സംഭവിക്കുന്നതാണ്. ഇത്തരക്കാരെ നുണ രോഗികൾ എന്നു വിളിക്കാവുന്നതാണ്.

**(തുടരും)**



# അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം(റ)

**അബൂഫായിദ**

ഉമ്മുൽ മുഅ്മിനീൻ ഖദീജ(റ)യുടെ അമ്മാവനായ ഖൈസ് ഇബ്നു സഈദിന്റെ മകനാണ് അബ്ദുല്ലാഹ് ഇബ്നു ഉമ്മിമക്തൂം. അദ്ദേഹം ജന്മനാ അന്ധനായിരുന്നു. പ്രവാചകത്വലബ്ധിക്ക് ശേഷം കൂടുതൽ വൈകാതെ തന്നെ ഇസ്‌ലാമിന്റെ പ്രകാശത്തിലേക്ക് അദ്ദേഹം കടന്നുവന്നു. അദ്ദേഹം ഇസ്‌ലാമിൽ പ്രവേശിക്കുമ്പോൾ മുസ്‌ലിംകളുടെ അംഗസംഖ്യ അംഗുലീപരിമിതമായിരുന്നു.

ഇസ്‌ലാം സ്വീകരിച്ചതോടെ ഖബ്ബാബ്(റ), ബിലാൽ(റ) എന്നിവരെപ്പോലെ അബ്ദുല്ല(റ)യും മൃഗീയ പീഡനങ്ങൾക്ക് വിധേയനായി. ത്യാഗത്തിന്റെയും അർപ്പണത്തിന്റെയും തീച്ചൂളയിൽ അബ്ദുല്ലയുടെ വിശ്വാസം കൂടുതൽ ശക്തമായി. ശത്രുക്കളുടെ മർദനമുറകൾക്ക് അദ്ദേഹത്തിന്റെ മനക്കരുത്തിന് മങ്ങലേൽപിക്കാൻ ഒട്ടും കഴിഞ്ഞില്ല. ഇസ്‌ലാമിക പാഠങ്ങൾ പഠിക്കാനും ഖുർആൻ സൂക്തങ്ങൾ മനപ്പാഠമാക്കാനും അന്ധനായ അദ്ദേഹം തന്റെ അധികസമയവും വിനിയോഗിച്ചു. പരിശുദ്ധ ഖുർആൻ പഠിക്കാൻ ലഭിക്കുന്ന ഒരവസരവും അദ്ദേഹം പാഴാക്കിയില്ല.

ഒരിക്കൽ നബി(സ്വ) ഖുറൈശി പ്രമുഖരുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഉത്ബത്ത് ഇബ്നു റബീഅത്ത്, സഹോദരൻ ശൈബത്ത്, അബൂജഹൽ, ഉമയ്യത്ത് ഇബ്നു ഖലഫ്, വലീദുബ്നു മുഗീറ എന്നീ പ്രമുഖരുമായിട്ടായിരുന്നു സംഭാഷണം

മുസ്‌ലിംകളുമായി അവർ അനുവർത്തിച്ചുവരുന്ന കർക്കശസ്വഭാവത്തിൽ അവർക്കു വല്ല പരിവർത്തനത്തിനും കാരണമായിത്തീർന്നേക്കുമോ പ്രസ്തുത സംഭാഷണം എന്ന പ്രതീക്ഷയോടെയായിരുന്നു നബി(സ്വ) അവരോട് സംസാരിച്ചുകൊണ്ടിരുന്നത്.

തദവസരത്തിൽ അബ്ദുല്ലാഹ് ഇബ്നു ഉമ്മിമക്തൂം അവിടെ കയറിച്ചെന്നു. അദ്ദേഹം ഒരു ആയത്ത് ഓതി. നബി(സ)യോട് അതിന്റെ വിശദീകരണം ആവശ്യപ്പെട്ടു.

നബി(സ)ക്ക്, അവസരോചിതമല്ലാത്ത അദ്ദേഹത്തിന്റെ ഇടപെടൽ ഇഷ്ടപ്പെട്ടില്ല. നബി(സ്വ) മുഖം തിരിച്ചുകളഞ്ഞു. ക്വുറൈശി പ്രമുഖരോട് അഭിമുഖമായി വീണ്ടും സംസാരിക്കാൻ തുടങ്ങി. സംസാരം കഴിഞ്ഞു നബി(സ്വ) വീട്ടിലേക്ക് തിരിക്കാൻ ഒരുങ്ങിയപ്പോഴേക്കും നബി(സ)യെ ആക്ഷേപിച്ചുകൊണ്ട് അല്ലാഹുവിന്റെ ദിവ്യബോധനമുണ്ടായി. സൂറഃ അബസയിലെ തുടക്കത്തിലെ ഏതാനും ആയത്തുകൾ അവതരിക്കപ്പെട്ടു.

"അദ്ദേഹം മുഖം ചുളിച്ചു തിരിഞ്ഞുകളഞ്ഞു. അദ്ദേഹത്തിന്റെ (നബിയുടെ) അടുത്ത് ആ അന്ധൻ വന്നതിനാൽ. (നബിയേ,) നിനക്ക് എന്തറിയാം? അയാൾ (അന്ധൻ) ഒരുവേള പരിശുദ്ധി പ്രാപിച്ചേക്കാമല്ലോ. അല്ലെങ്കിൽ ഉപദേശം സ്വീകരിക്കുകയും ആ ഉപദേശം അയാൾക്ക് പ്രയോജനപ്പെടുകയും ചെയ്തേക്കാമല്ലോ. എന്നാൽ സ്വയംപര്യാപ്തത നടിച്ചവനാകട്ടെ, നീ അവന്റെ നേരെ ശ്രദ്ധ തിരിക്കുന്നു. അവൻ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാൽ നിനക്കെന്താണ് കുറ്റം? എന്നാൽ നിന്റെ അടുക്കൽ ഓടിവന്നവനാകട്ടെ, (അല്ലാഹുവെ) അവൻ ഭയപ്പെടുന്നവനായിക്കൊണ്ട്; അവന്റെ കാര്യത്തിൽ നീ അശ്രദ്ധ കാണിക്കുന്നു. നിസ്സംശയം, ഇത് (ക്വുർആൻ) ഒരു ഉൽബോധനമാകുന്നു; തീർച്ച. അതിനാൽ ആർ ഉദ്ദേശിക്കുന്നുവോ അവനത് ഓർമിച്ചുകൊള്ളട്ടെ."

അന്നുമുതൽ നബി(സ്വ) അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂമിനെ ആദരിക്കുകയും അദ്ദേഹത്തിന് സാമീപ്യം നൽകുകയും അദ്ദേഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞു നിർവഹിച്ചുകൊടുക്കുകയും ചെയ്തു.

ക്വുറൈശികളുടെ ഉപദ്രവം അതിന്റെ മൂർധന്യത്തിലെത്തിയപ്പോൾ മുസ്‌ലിംകൾക്ക് ആത്മരക്ഷാർഥം മദീനയിലേക്ക് പലായനം ചെയ്യാൻ അല്ലാഹു അനുമതി നൽകിയപ്പോൾ അന്ധനായ അബ്ദുല്ല (റ) ഉറ്റവരെയും ഉടയവരെയും ത്യജിച്ച് ഒന്നാമനായിത്തന്നെ മദീനയിലേക്ക് പുറപ്പെട്ടു. മദീനയിൽ ചെന്ന അദ്ദേഹം പ്രബോധനരംഗത്ത് മിസ്അബി(റ)ന്റെ വലംകൈയായി നിലകൊണ്ടു. അദ്ദേഹം ജനങ്ങൾക്ക് ക്വുർആൻ ഓതിക്കേൾപിക്കുകയും പഠിപ്പിക്കുകയും ചെയ്തുപോന്നു.

> **"എന്നെ നിങ്ങൾ രണാങ്കണത്തിൽ കൊണ്ടുപോയി ഇരുവിഭാഗത്തിന്റെയും അണികൾക്കിടയിൽ നിർത്തുക. എന്നിട്ട് നമ്മുടെ പതാക എന്റെ കൈയിൽ തരിക. അന്ധനായ എനിക്ക് ഓടി രക്ഷപ്പെടാൻ കഴിയുകയില്ലല്ലോ. ഞാൻ പതാകയുമായി മരണം വരെ സമരമുഖത്ത് ഉറച്ചു നിൽക്കുകയും ചെയ്യും."**

നബി(സ) മദീനയിലെത്തിയപ്പോൾ അബ്ദുല്ല(റ) ബിലാലി(റ)ന്റെ കൂട്ടുകാരനായിത്തീർന്നു. ബിലാൽ(റ) ബാങ്ക് വിളിച്ചാൽ അബ്ദുല്ല(റ) ഇക്വാമത്തു നിർവഹിക്കും; അദ്ദേഹം ബാങ്കുവിളിച്ചാൽ ബിലാൽ ഇക്വാമത്തും.

നബി(സ്വ) വല്ലപ്പോഴും മദീന വിട്ടുപോകുമ്പോൾ അബ്ദുല്ല(റ)യെ തന്റെ പ്രതിനിധിയായി നിർത്തുമായിരുന്നു. മക്കാവിജയമടക്കം പത്തിലധികം തവണ അദ്ദേഹം മദീനയിൽ നബി(സ്വ)യുടെ അഭാവത്തിൽ നബി(സ)യെ പ്രതിനിധീകരിക്കുകയുണ്ടായി.

ബദ്ർ യുദ്ധാനന്തരം മുജാഹിദുകളുടെ ശ്രേഷ്ഠത പ്രകീർത്തിക്കുന്നതും രണാങ്കണത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നവരെ ആക്ഷേപിക്കുന്നതുമായ ക്വുർആൻ സൂക്തങ്ങൾ അവതരിച്ചപ്പോൾ അത് അബ്ദുല്ല(റ)യെ വേദനിപ്പിച്ചു. സൈനികസേവനത്തിന് സാധ്യമല്ലാത്ത തന്റെ ശാരീരികാവസ്ഥയോർത്ത് അദ്ദേഹം ദുഃഖിച്ചു. പ്രതിബന്ധമുള്ളവരെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ക്വുർആൻ സൂക്തത്തിന്റെ അവതരണം അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ പ്രാർഥനപോലെ പ്രതിബന്ധമുള്ളവരെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ദിവ്യസൂക്തം അവതരിക്കപ്പെട്ടു.

എങ്കിലും രക്തസാക്ഷിത്വത്തിന്റെ പുണ്യം കൈവെടിയാൻ അബ്ദു(റ) ഒരുക്കമല്ലായിരുന്നു. അദ്ദേഹം പറഞ്ഞു: 'എന്നെ നിങ്ങൾ രണാങ്കണത്തിൽ കൊണ്ടുപോയി ഇരുവിഭാഗത്തിന്റെയും അണികൾക്കിടയിൽ നിർത്തുക. എന്നിട്ട് നമ്മുടെ പതാക എന്റെ കൈയിൽ തരിക. അന്ധനായ എനിക്ക് ഓടി രക്ഷപ്പെടാൻ കഴിയുകയില്ലല്ലോ. ഞാൻ പതാകയുമായി മരണം വരെ സമരമുഖത്ത് ഉറച്ചു നിൽക്കുകയും ചെയ്യും.'

ഹിജ്‌റ 14ാം വർഷം ഖലീഫ ഉമർ(റ) പേർഷ്യക്കാരുമായി ഒരു നിർണായക സമരത്തിന് വട്ടം കൂട്ടി. തന്റെ ഗവർണർമാർക്ക് അദ്ദേഹം ഇങ്ങനെ എഴുതി: "ആയുധം, കുതിര, പണം, യുദ്ധപരിജ്ഞാനം എന്നിവ സ്വായത്തമായുള്ള ഒരാളെയും ഒഴിവാക്കാതെ ഉടൻ മദീനയിലേക്കയക്കുക."

ഉമറി(റ)ന്റെ കൽപനയനുസരിച്ച് മുസ്‌ലിംകൾ മദീനയിലേക്ക് ഒഴുകിയെത്തി. ആരും ഒഴിഞ്ഞുനിന്നില്ല. അക്കൂട്ടത്തിൽ അന്ധനായ അബ്ദുല്ലയുമുണ്ടായിരുന്നു..

സഅദുബ്നു അബീവക്വാസി(റ)നെ ഉമർ(റ) നായകനായി നിയമിച്ചു. സൈന്യം ഖാദിസിയ്യായിൽ എത്തിച്ചേർന്നു. അബ്ദുല്ല പടയങ്കിയണിഞ്ഞു. ഇസ്‌ലാമിന്റെ പതാക വലതുകൈയിൽ പിടിച്ചു, സമരമുഖത്ത് നിലയുറപ്പിച്ചു. ലോകചരിത്രത്തിൽ തുല്യതയില്ലാത്ത, ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും ഗാഥ രചിച്ച മൂന്നുദിവസങ്ങളിൽ ഒട്ടേറെ പേർ രക്തസാക്ഷികളായി; കൂട്ടത്തിൽ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂമും ഉണ്ടായിരുന്നു. ■

കവർ സ്റ്റോറി



കർണാടകയിലെ കലാലയങ്ങളിൽ മുസ്‌ലിം വിദ്യാർഥിനികളുടെ ശിരോവസ്ത്രം നിരോധിക്കുകയും അത് ഹൈക്കോടതി ശരിവെക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ഭരണഘടനാ വിഷയമെന്ന നിലയ്ക്ക് അഭിഭാഷകരും വിദ്യാർഥിനികളുമടങ്ങിയ ഒരു ടീം സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായി. രാജ്യത്തിന്റെപരമോന്നത കോടതിയിൽ നടന്ന വാദപ്രതിവാദങ്ങൾ പൗരന്റെ മൗലികാവകാശവുമായി ബന്ധപ്പെട്ട ഒട്ടേറെ ചിന്തകളിലേക്ക് വെളിച്ചം വീശുന്നതായിരുന്നു. പ്രസ്തുത ചർച്ചകളുടെ ക്രോഡീകരണമാണ് ഈ കുറിപ്പ്.

# വിധി തേടുന്ന ഹിജാബും കോടതിയിലെ വാദങ്ങളും

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

മുസ്‌ലിം വിദ്യാർഥിനികളുടെ തല മറയ്ക്കാനുള്ള അവകാശത്തിന്മേലുള്ള വാദം പൂർത്തിയായശേഷം സുപ്രീം കോടതി വിധി പ്രസ്താവിച്ചു. വിധി പ്രസ്താവിച്ച രണ്ടു ജഡ്ജുമാരിൽ ഒരാൾ മുസ്‌ലിം വിദ്യാർഥിനികൾക്ക് അനുകൂലമായും മറ്റൊരാൾ പ്രതികൂലമായും വിധി എഴുതിയിരിക്കുകയാണ്. ജഡ്ജിമാർക്കിടയിൽ വിഷയത്തിൽ രണ്ടഭിപ്രായം രൂപപ്പെട്ടതോടെ വിഷയം ഒരു വിശാല ബെഞ്ചിന് കൈമാറാനും കൂടുതൽ വാദം കേട്ടശേഷം അന്തിമവിധി പ്രഖ്യാപിക്കാനുമാണ് കോടതിയുടെ തീരുമാനം.

## പശ്ചാത്തലം

കർണാടകയിലെ ചില വിദ്യാലയങ്ങളിൽ യൂണിഫോം നിർബന്ധമാക്കുന്നതിന്റെ മറവിൽ മുസ്‌ലിം പെൺകു

ട്ടികൾക്ക് തലമറയ്ക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടതോടെയാണ് വിവാദത്തിന് തുടക്കം കുറിച്ചത്. ഫെബ്രുവരി അഞ്ചിനാണ് വിദ്യാലയങ്ങളിൽ ശിരോവസ്ത്രം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് കർണാടക പുറപ്പെടുവിച്ചത്. രാജ്യത്താകമാനം മാധ്യമങ്ങളും പൊതുസമൂഹവും വിഷയം ചർച്ച ചെയ്യുകയും മുസ്‌ലിം ന്യൂനപക്ഷത്തിനെതിരെയുള്ള തുടർച്ചയായ കടന്നാക്രമണങ്ങളുടെ ഭാഗമായി അതിനെ കാണുകയും ചെയ്തു. ശിരോവസ്ത്രം നിരോധിച്ചുകൊണ്ടുള്ള നടപടികൾ തുടർന്നപ്പോൾ വിദ്യാർഥിനികൾ കർണാടക ഹൈക്കോടതിയെ സമീപിച്ചു. കർണാടക ഹൈക്കോടതി വിദ്യാലയങ്ങളിൽ ശിരോവസ്ത്രത്തിന് ഏർപ്പെടുത്തിയ വിലക്ക് ശരിവച്ചുകൊണ്ട് വിധി പ്രസ്താവിച്ചു. അതിനെത്തുടർന്നാണ് വിദ്യാർഥിനികളും മതനിരപേക്ഷ സമൂഹത്തിലെ പ്രഗത്ഭരായ അഭിഭാഷകരും സുപ്രീം കോടതിയെ സമീപിച്ചത്.

### കർണാടക കോടതിയുടെ വിധി

കർണാടക ഹൈക്കോടതിയുടെ വിധിയിൽ ഒന്നാമതായി ചൂണ്ടിക്കാണിക്കുന്നത് മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിക്കുന്നത് ഇസ്‌ലാമിലെ അത്യന്താപേക്ഷിത മതാചാരം (Essential relig-ious practice) അല്ല എന്നാണ്. അതുകൊണ്ടുതന്നെ മതസ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണഘടനയുടെ 25-ാം അനുച്ഛേദത്തിന്റെ ആനുകൂല്യം അതിന് ലഭിക്കില്ല. അഭിപ്രായസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന 19-ാം അനുച്ഛേദത്തിന്റെ പരിഗണനയിലും ശിരോവസ്ത്രം വരില്ല. അതിനാൽ ക്ലാസ്സ് മുറിയിൽ അഭിപ്രായസ്വാതന്ത്ര്യമോ സ്വകാര്യതയോ അനുവദിക്കേണ്ടതില്ല,

1983ലെ കർണാടക വിദ്യാഭ്യാസ നിയമത്തിന്റെ 133(2) പ്രകാരമാണ് യൂണിഫോം നിർദേശിച്ചുകൊണ്ടുള്ള കർണാടക സർക്കാരിന്റെ ഉത്തരവ് ഉണ്ടായിട്ടുള്ളതെന്നും അതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാലയ വികസന സമിതികൾ പോലുള്ള ബോഡികൾ രൂപീകരിച്ചുകൊണ്ട് വിദ്യാലയങ്ങളിലെ വസ്ത്രനിയമങ്ങൾ നടപ്പാക്കിയതെന്നും തീരുമാനം സർക്കാർ നേരിട്ട് എടുത്തതാണെന്നും കർണാടക ഹൈക്കോടതി വിധിയിൽ പറയുന്നു. മാർച്ച് 15നാണ് ജസ്റ്റിസുമാരായ റിതു രാജ് അവാസ്തി, കൃഷ്ണ ദീക്ഷിത്, ജെ.എം.ഖാസി എന്നിവർ ശിരോവസ്ത്രത്തിനെതിരെ ഏകകണ്ഠമായി വിധി പ്രസ്താവിച്ചത്.

### കേസ് സുപ്രീം കോടതിയിൽ

കർണാടക ഹൈക്കോടതിയിൽ വാദം നടക്കുമ്പോൾതന്നെ ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയം എന്ന നിലയ്ക്ക് സുപ്രീം കോടതി ഇടപെടണമെന്ന ആവശ്യം പ്രമുഖ അഭിഭാഷകർ ഉയർത്തിയിരുന്നു. എന്നാൽ കർണാടക വിധിക്ക് ശേഷം മാത്രമെ വിഷയത്തിൽ ഇടപെടാൻ സാധിക്കൂ എന്ന നില



**കർണാടകയിലെ ചില വിദ്യാലയങ്ങളിൽ യൂണിഫോം നിർബന്ധമാക്കുന്നതിന്റെ മറവിൽ മുസ്‌ലിം പെൺകുട്ടികൾക്ക് തലമറയ്ക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടതോടെയാണ് വിവാദത്തിന് തുടക്കം കുറിച്ചത്. ഫെബ്രുവരി അഞ്ചിനാണ് വിദ്യാലയങ്ങളിൽ ശിരോവസ്ത്രം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് കർണാടക പുറപ്പെടുവിച്ചത്. രാജ്യത്താകമാനം മാധ്യമങ്ങളും പൊതുസമൂഹവും വിഷയം ചർച്ച ചെയ്യുകയും മുസ്‌ലിം ന്യൂനപക്ഷത്തിനെതിരെയുള്ള തുടർച്ചയായ കടന്നാക്രമണങ്ങളുടെ ഭാഗമായി അതിനെ കാണുകയും ചെയ്തു. ശിരോവസ്ത്രം നിരോധിച്ചുകൊണ്ടുള്ള നടപടികൾ തുടർന്നപ്പോൾ വിദ്യാർഥിനികൾ കർണാടക ഹൈക്കോടതിയെ സമീപിച്ചു. കർണാടക ഹൈക്കോടതി വിദ്യാലയങ്ങളിൽ ശിരോവസ്ത്രത്തിന് ഏർപ്പെടുത്തിയ വിലക്ക് ശരിവച്ചുകൊണ്ട് വിധി പ്രസ്താവിച്ചു. അതിനെത്തുടർന്നാണ് വിദ്യാർഥിനികളും മതനിരപേക്ഷ സമൂഹത്തിലെ പ്രഗത്ഭരായ അഭിഭാഷകരും സുപ്രീം കോടതിയെ സമീപിച്ചത്.**

പാടായിരുന്നു സുപ്രീം കോടതി പുലർത്തിയത്. ജൂലൈ 5ന് കേസ് സുപ്രീം കോടതി പരിഗണിക്കുകയും സെപ്റ്റംബർ 5 മുതൽ വാദം തുടങ്ങുയയും ചെയ്തു. പത്ത് ദിവസങ്ങളിലായി നടന്ന വാദം കേൾക്കൽ സെപ്റ്റംബർ 22 നാണ് അവസാനിച്ചത്. ജസ്റ്റിസ് ഹേമന്ദ് ഗുപ്ത, ജസ്റ്റിസ് സുധാംശു ധൂലിയ എന്നിവരടങ്ങുന്ന രണ്ടംഗ ബെഞ്ചാണ് വാദം കേട്ടത്. മൗലികാവകാശങ്ങളുടെ ഭാഗമായ മുസ്‌ലിം വിദ്യാർഥിനികളുടെ തല മറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി കോടതിയിൽ വാദങ്ങളുടെ പോർമുഖം തുറക്കാൻ സന്നിഹിതരായത് മതനിരപേക്ഷതയുടെ കാവലാളുകളായി അറിയപ്പെടുന്ന പ്രമുഖ അഭിഭാഷകരാണ്. ദുഷ്യന്ത് ദവെ, കപിൽ സിബൽ, പ്രശാന്ത് ഭൂഷൺ, രാജീവ് ധവാൻ, ദേവദത്ത് കാമത്ത്, സഞ്ജയ് ഹെഗ്ഡെ, ഇജാസ് മഖ്ബൂൽ, നിസാം പാഷ, യൂസുഫ് മുച്ചാല, സൽമാൻ ഖുർഷിദ്, ആദിത്യ സോന്ധി, ഹുസേഫാ അഹ്മദി, ജെയ്ന കോത്താരി, അബ്ദുൽ മജീദ് ധർ, മീനാക്ഷി അറോറ, കോളിൻ ഗോൺസാൽവസ്, ശുഐബ് ആലം, തുളസി രാജ് എന്നിവർ വിഷയത്തിന്റെ നാനാവശങ്ങൾ ഓരോന്നോരോന്നായി കോടതിക്ക് മുമ്പാകെ സമർപ്പിച്ചു. മുസ്‌ലിം വിദ്യാർഥിനികളുടെ ശിരോവസ്ത്ര അവകാശത്തിനുവേണ്ടി ഒരുപക്ഷേ, ലോകത്ത് ഇത്രയും ശക്തമായ വാദമുഖങ്ങൾ ഒരു കോടതിയിലും അരങ്ങേറിക്കാണില്ല. ഓരോ അഭിഭാഷകനും ആവർത്തനവിരസതയില്ലാതെ പരസ്പര ധാരണയോടെ വ്യത്യസ്തങ്ങളായ നിയമവശങ്ങൾ അവതരിപ്പിച്ചപ്പോൾ അതൊരു വൈജ്ഞാനിക സംവാദമായി മാറുകയായിരുന്നു.

**മൗലികാവകാശങ്ങളുടെ ഭാഗമായ മുസ്‌ലിം വിദ്യാർഥിനികളുടെ തല മറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി കോടതിയിൽ വാദങ്ങളുടെ പോർമുഖം തുറക്കാൻ സന്നിഹിതരായത് മതനിരപേക്ഷതയുടെ കാവലാളുകളായി അറിയപ്പെടുന്ന പ്രമുഖ അഭിഭാഷകരാണ്. ദുഷ്യന്ത് ദവെ, കപിൽ സിബൽ, പ്രശാന്ത് ഭൂഷൺ, രാജീവ് ധവാൻ, ദേവദത്ത് കാമത്ത്, സഞ്ജയ് ഹെഗ്ഡെ, ഇജാസ് മഖ്ബൂൽ, നിസാം പാഷ, യൂസുഫ് മുച്ചാല, സൽമാൻ ഖുർഷിദ്, ആദിത്യ സോന്ധി, ഹുസേഫാ അഹ്മദി, ജെയ്ന കോത്താരി, അബ്ദുൽമജീദ് ധർ, മീനാക്ഷി അറോറ, കോളിൻ ഗോൺസാൽവസ്, ശുഐബ് ആലം, തുളസി രാജ് എന്നിവർ വിഷയത്തിന്റെ നാനാവശങ്ങൾ ഓരോന്നോരോന്നായി കോടതിക്ക് മുമ്പാകെ സമർപ്പിച്ചു. മുസ്‌ലിം വിദ്യാർഥിനികളുടെ ശിരോവസ്ത്ര അവകാശത്തിനുവേണ്ടി ഒരുപക്ഷേ, ലോകത്ത് ഇത്രയും ശക്തമായ വാദമുഖങ്ങൾ ഒരു കോടതിയിലും അരങ്ങേറിക്കാണില്ല. ഓരോ അഭിഭാഷകനും ആവർത്തനവിരസതയില്ലാതെ പരസ്പര ധാരണയോടെ വ്യത്യസ്തങ്ങളായ നിയമവശങ്ങൾ അവതരിപ്പിച്ചപ്പോൾ അതൊരു വൈജ്ഞാനിക സംവാദമായി മാറുകയായിരുന്നു.**


### മതവേഷങ്ങളും സർക്കാർ സ്ഥാപനങ്ങളും

ജസ്റ്റിസ് ഹേമന്ദ് ഗുപ്തയാണ് വാദം കേട്ടുതുടങ്ങിയത്. 'നമ്മുടേത് ഒരു സെക്കുലർ രാജ്യമാണെന്ന് ഭരണഘടനയുടെ ആമുഖം (Preamble) പറയുന്നു. ഒരു സെക്കുലർ രാജ്യത്തെ ഒരു സർക്കാർ സ്ഥാപനത്തിൽ മതപരമായ വസ്ത്രം ധരിക്കാമോ എന്നതാണ് പ്രസക്തമായ വിഷയം.' ഗുപ്ത പറഞ്ഞുതുടങ്ങി. ശിരോവസ്ത്രം പോലെയുള്ള മതപരമായ വേഷങ്ങൾ വിദ്യാലയങ്ങളിൽ അഭികാമ്യമല്ല എന്ന സൂചനയാണ് പ്രസ്തുത പ്രസ്താവനയിൽ നിഴലിച്ചത്. എന്നാൽ ഇത് തിരിച്ചറിഞ്ഞ പ്രമുഖ അഭിഭാഷകൻ രാജീവ് ധവാൻ കോടതികളിൽ പോലും ന്യായാധിപരും അഭിഭാഷകരും മത അടയാളങ്ങളായ തിലകക്കുറികൾ അണിഞ്ഞും പഗ്ഡി (തലപ്പാവ്) ധരിച്ചും വരുന്ന കാര്യം ചൂണ്ടിക്കാട്ടുകയും ഇതെല്ലാം നമ്മുടെ സർക്കാർ സ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും സർവസാധാരണമാണെന്നും ചൂണ്ടിക്കാട്ടി. മുസ്‌ലിം വനിതാ അഭിഭാഷകർ കോടതികളിൽ ശിരോവസ്ത്രം അണിയുന്ന കാര്യവും അദ്ദേഹം എടുത്തുപറഞ്ഞു.

### നിരോധനത്തിന്റെ രാഷ്ട്രീയം

അനാവശ്യ വിവാദങ്ങളുണ്ടാക്കി നേട്ടംകൊയ്യാൻ ശ്രമിക്കുന്ന രാഷ്ട്രീയമാണ് ഇതിന് പിന്നിലെന്നും ശിരോവസ്ത്ര നിരോധനം ആവശ്യപ്പെടുന്ന പാർട്ടിയുടെ എം.എൽ.എയുടെ നേതൃത്വമാണ് മാ






നേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന് പിന്നിലെന്നും സീനിയർ അഡ്വക്കേറ്റ് സഞ്ജയ് ഹെഗ്ഡെ കോടതിയെ ധരിപ്പിച്ചു. കർണാടക വിദ്യാഭ്യാസ ആക്റ്റിൽ യൂണിഫോമിനെ കുറിച്ച് പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ലെന്നും അതേസമയം മതം, ജാതി മുതലായവയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം നിഷേധിക്കാൻ പാടില്ലെന്ന് പ്രസ്തുത ആക്റ്റിന്റെ 39ാം വകുപ്പ് (B&C) വ്യക്തമാക്കിയിട്ടുണ്ടെന്നും ഹെഗ്ഡെ ചൂണ്ടിക്കാട്ടി. വിഷയത്തിൽ ഇടപെട്ട് സംസാരിച്ച ജസ്റ്റിസ് ധൂലിയ ശിരോവസ്ത്രം ഒരുപക്ഷേ, മതാചാരത്തിൽ പെട്ടതാകാമെങ്കിലും യൂണിഫോം പാലിക്കുക എന്നത് എല്ലാ വിദ്യാർഥികളുടെയും കടമയാണെന്ന് പറഞ്ഞപ്പോൾ അതിന്റെ പേരിൽ വിദ്യാഭ്യാസം നിഷേധിക്കാൻ ആർക്കാണ് അധികാരമെന്ന് ഹെഗ്ഡെ ചോദിച്ചു.

കർണാടകക്ക് വേണ്ടി കോടതിയിൽ ഹാജരായ അഡ്വക്കറ്റ് ജനറൽ പ്രഭുലിംഗ് നവാഡ്ജി ശിരോവസ്ത്രം ധരിക്കുന്നതിന് കർണാടക സർക്കാർ വിലക്ക് ഏർപ്പെടുത്തിയിട്ടില്ലെന്നും എന്നാൽ സർക്കാർ വിദ്യാലയങ്ങളിലെ വികസന സമിതികളാണ് അതാത് വിദ്യാലയങ്ങളുടെ അച്ചടക്ക സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നതെന്നും അതിലിടപെടാൻ സർക്കാരിന് കഴിയില്ലെന്നുമുള്ള വാദമാണ് മുമ്പോട്ടുവെച്ചത്. ഹിജാബ് നിരോധിക്കുകയല്ല, യൂണിഫോം നിർബന്ധമാക്കുക മാത്രമാണ് ചെയ്തതെന്നുമുള്ള ദുർബലമായ 'വക്കീൽ വാദം' എഴുന്നള്ളിക്കുകയായിരുന്നു അദ്ദേഹം.

**ദേവദത്ത് കാമത്ത്**

രണ്ടാം ദിവസം പ്രമുഖ അഭിഭാഷകൻ ദേവദത്ത് കാമത്തിന്റെ ദിവസമായിരുന്നു. ഭരണഘടനയുടെ 19, 21, 25 അനുച്ഛേദങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അദ്ദേഹം ആരംഭിച്ചത്. വസ്ത്ര നിയമങ്ങൾ ഭരണഘടനയെ അതിലംഘിക്കുന്ന വിധത്തിലായിരിക്കരുത്. വിദ്യാലയങ്ങളിൽ ബുർഖ, ജിൽബാബ് പോലുള്ള ശരീരമാസകലം മറയുന്ന വസ്ത്രം അണിയാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടിയല്ല, മറിച്ച് തലമറയ്ക്കുക എന്ന മിനിമം ആവശ്യത്തിനുവേണ്ടിയാണ് മുസ്‌ലിം പെൺകുട്ടികൾ മുറവിളികൂട്ടുന്നത്. അത് 'എസ്സെൻഷ്യൽ' അല്ലെന്ന് പറയാൻ എങ്ങനെ സാധിക്കും? വിദ്യാഭ്യാസം ലഭിക്കാൻ ഭരണഘടന അനുവദിച്ച അവകാശങ്ങളെ മുഴുവൻ ഉപേക്ഷിക്കണം എന്നാണോ പറയുന്നത്? ഒരാൾ തലമറയ്ക്കുന്നത് മറ്റൊരാൾക്ക് ഏതുവിധത്തിലാണ് പ്രശ്നമാകുന്നത്? യൂണിഫോമിന്റെ അതേ നിറത്തിലോ ഡിസൈനിലോ ഉള്ള ശിരോവസ്ത്രം ധരിക്കുന്നത് എങ്ങനെ അച്ചടക്കാരാഹിത്യമാകും? തങ്ങളുടെ മതവിശ്വാസം അനുവദിക്കുന്നില്ല എന്നതിന്റെ പേരിൽ ദേശീയഗാനം ആലപിക്കാതിരുന്ന വിദ്യാർഥികളെ പോലും വിദ്യാലയങ്ങളിൽനിന്നും പുറത്താക്കാൻ പാടില്ല എന്ന് വിധിച്ച രാജ്യമാണ് നമ്മുടേത് എന്ന്; 1985ലെ ബിജോയ് ഇമ്മാനുവൽ കേസ് ഉയർത്തിപ്പിടിച്ചുകൊണ്ട് കാമത്ത് വാദിച്ചു. ഒരു പ്രത്യേക മതവിശ്വാസമോ ആചാരമോ നമ്മുടെ യുക്തിയെയോ വികാരത്തെയോ ആകർഷിക്കുന്നുണ്ടോ എന്നതല്ല, മറിച്ച് ആ വിശ്വാസം യഥാർഥമായി പ്രസ്തുത മതാഭ്യാസത്തിന്റെ ഭാഗമായി നിലനിൽക്കുന്നതാണോ എന്നതാണ് പരിശോധിക്കപ്പെടേണ്ടത് എന്ന ബിജോയ് കേസിലെ സുപ്രീം കോടതി വിധി പ്രസ്താവന

**അനാവശ്യ വിവാദങ്ങളുണ്ടാക്കി നേട്ടംകൊയ്യാൻ ശ്രമിക്കുന്ന രാഷ്ട്രീയമാണ് ഇതിന് പിന്നിലെന്നും ശിരോവസ്ത്ര നിരോധനം ആവശ്യപ്പെടുന്ന പാർട്ടിയുടെ എം. എൽ.എയുടെ നേതൃത്വമാണ് മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന് പിന്നിലെന്നും സീനിയർ അഡ്വക്കേറ്റ് സഞ്ജയ് ഹെഗ്ഡെ കോടതിയെ ധരിപ്പിച്ചു. കർണാടക വിദ്യാഭ്യാസ ആക്റ്റിൽ യൂണിഫോമിനെ കുറിച്ച് പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ലെന്നും അതേസമയം മതം, ജാതി മുതലായവയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം നിഷേധിക്കാൻ പാടില്ലെന്ന് പ്രസ്തുത ആക്റ്റിന്റെ 39ാം വകുപ്പ് (B&C) വ്യക്തമാക്കിയിട്ടുണ്ടെന്നും ഹെഗ്ഡെ ചൂണ്ടിക്കാട്ടി. വിഷയത്തിൽ ഇടപെട്ട് സംസാരിച്ച ജസ്റ്റിസ് ധൂലിയ ശിരോവസ്ത്രം ഒരുപക്ഷേ, മതാചാരത്തിൽ പെട്ടതാകാമെങ്കിലും യൂണിഫോം പാലിക്കുക എന്നത് എല്ലാ വിദ്യാർഥികളുടെയും കടമയാണെന്ന് പറഞ്ഞപ്പോൾ അതിന്റെ പേരിൽ വിദ്യാഭ്യാസം നിഷേധിക്കാൻ ആർക്കാണ് അധികാരമെന്ന് ഹെഗ്ഡെ ചോദിച്ചു.**

കാമത്ത് വായിച്ചു. കാമത്ത് ഉയർത്തിയ പ്രധാന വാദങ്ങൾ താഴെ പറയുന്നവയാണ്.

**ഭരണഘടനയുടെ ധാർമികത**

കേന്ദ്രസർക്കാരിന് കീഴിലുള്ള കേന്ദ്രീയ വിദ്യാലയങ്ങളിൽ ശിരോവസ്ത്രം അനുവദിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്രീയ വിദ്യാലയങ്ങളുടെ നടപടി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന ദുർബലവാദമാണ് കർണാടക ഹൈക്കോടതിയുടെ വിധിയിലുള്ളത്. യൂണിഫോമിനോട് യോജിക്കുന്ന നിറത്തിലുള്ള ശിരോവസ്ത്രം ധരിക്കാൻ അനുവദിച്ചുകൊണ്ടുള്ള കേന്ദ്രീയവിദ്യാലയത്തിന്റെ സർക്കുലർ കാമത്ത് കോടതിക്ക് സമർപ്പിച്ചു. ഹൈക്കോടതി പറയുന്നത് വിദ്യാലയങ്ങളിൽ ശിരോവസ്ത്രം അനുവദിക്കുന്നത് ഭരണഘടനയുടെ ധാർമികതയെ (Constitutional moraltiy) ബാധിക്കുമെന്നാണ്. എന്നാൽ മതസ്വാതന്ത്ര്യം അനുവദിക്കാതിരിക്കുന്നതാണ് ഭരണഘടനയുടെ അന്തസ്സിനെ ബാധിക്കുക.

**വിവിധ രാജ്യങ്ങളുടെ വിധികൾ**

കാമത്ത് തുടരുന്നു: ദക്ഷിണാഫ്രിക്കയിൽ സൊണാലി എന്ന പേരുള്ള ഒരു തമിഴ് ഹിന്ദു വിദ്യാർഥിനിക്ക് മൂക്കുത്തി ധരിക്കാൻ അവിടത്തെ പരമോന്നത കോടതി അനുമതി നൽകിയത് നമുക്കും മാതൃകയാണ്. ലോകത്തെ വിവിധ സാംസ്കാരിക വൈവിധ്യങ്ങളെ അംഗീകരിക്കാൻ വിവിധ രാജ്യങ്ങൾ ശ്രമിക്കുമ്പോൾ ഇവിടെ നാം നമ്മുടെ തന്നെ ജനങ്ങളുടെ സാംസ്കാരിക വൈവിധ്യങ്ങളെ നിരാകരിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. സൗത്ത് ആഫ്രിക്കൻ കോടതിയുടെ വിധിയിൽ ഇങ്ങനെ കാണാം: 'സഹിഷ്ണുത ഭരണഘടനയുടെ സവിശേഷതകളിൽ ഒന്നാണ്. മറ്റൊരു സ്കൂൾ തിരഞ്ഞെടുക്കാൻ സൊണാലിയോട് ആവശ്യപ്പെടുന്നത് ന്യൂനപക്ഷത്തെ പാർശ്വവത്കരിക്കുന്നതിലേക്കാണ് നയിക്കുക.'

**കേന്ദ്രസർക്കാരിന് കീഴിലുള്ള കേന്ദ്രീയ വിദ്യാലയങ്ങളിൽ ശിരോവസ്ത്രം അനുവദിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്രീയ വിദ്യാലയങ്ങളുടെ നടപടി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന ദുർബലവാദമാണ് കർണാടക ഹൈക്കോടതിയുടെ വിധിയിലുള്ളത്. യൂണിഫോമിനോട് യോജിക്കുന്ന നിറത്തിലുള്ള ശിരോവസ്ത്രം ധരിക്കാൻ അനുവദിച്ചുകൊണ്ടുള്ള കേന്ദ്രീയവിദ്യാലയത്തിന്റെ സർക്കുലർ കാമത്ത് കോടതിക്ക് സമർപ്പിച്ചു. ഹൈക്കോടതി പറയുന്നത് വിദ്യാലയങ്ങളിൽ ശിരോവസ്ത്രം അനുവദിക്കുന്നത് ഭരണഘടനയുടെ ധാർമികതയെ (Constitutional moraltiy) ബാധിക്കുമെന്നാണ്. എന്നാൽ മതസ്വാതന്ത്ര്യം അനുവദിക്കാതിരിക്കുന്നതാണ് ഭരണഘടനയുടെ അന്തസ്സിനെ ബാധിക്കുക.**

യു.എസ്.സർക്കാർ വിദ്യാലയങ്ങളിൽ ശിരോവസ്ത്രം അനുവദിച്ച കാര്യവും കാനഡയിൽ സിഖ് വിദ്യാർഥികൾക്ക് അവരുടെ വിശ്വാസമനുസരിച്ച് ഇരുമ്പുവള (കരാം) ധരിക്കാൻ അനുമതി നൽകിയ കാര്യവും കാമത്ത് വിശദീകരിച്ചു.

രണ്ടുവർഷം മുമ്പ് മുസ്‌ലിം പെൺകുട്ടികൾക്ക് ശിരോവസ്ത്രം നിരോധിച്ചുകൊണ്ട് ആസ്ത്രിയയിലെ ചില വിദ്യാലയങ്ങൾ ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ അവിടുത്തെ കോൺസ്റ്റിറ്റ്യൂഷണൽ കോർട്ട് ഉത്തരവ് മരവിപ്പിച്ചു. ഇങ്ങനെയുള്ള നിരോധനങ്ങൾ മുസ്‌ലിം പെൺകുട്ടികളെ വിദ്യാഭ്യാസത്തിൽനിന്നും തടയുകയും അവരെ പാർശ്വവത്കരിക്കുകയുമാണ് ചെയ്യുക എന്നാണ് ആസ്ത്രിയൻ കോടതി പറഞ്ഞത്. മറ്റു രാജ്യങ്ങളിലെ വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യേണ്ടതുണ്ടോ എന്ന കോടതിയുടെ ചോദ്യത്തിന് എല്ലാവരിലുമുള്ള നന്മകളെ സ്വീകരിക്കലാണ് ഇന്ത്യൻ പാരമ്പര്യമെന്നും എല്ലാ മതങ്ങളെയും ബഹുമാനിക്കണമെന്ന് സുപ്രീം കോടതി തന്നെ 2002ലെ അരുണ റോയ് കേസിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും കാമത്ത് മറുപടി പറഞ്ഞു. ഒരു മതത്തിൽ പെട്ട വിദ്യാർഥികൾ മാത്രം അവരുടെ മതചിഹ്നങ്ങൾ കാണിക്കാൻ പാടില്ല എന്നതാണോ സെക്കുലറിസത്തിന്റെ വിശദീകരണമെന്നും അദ്ദേഹം ചോദിച്ചു.

**നിരോധനം ഒരു സമുദായത്തിന് മാത്രം**

കാമത്ത് തുടരുന്നു: കർണാടക സർക്കാരിന്റെ ഉത്തരവ് (ജി.ഒ) നിരുപദ്രവകരമാമെന്നാണ് അഡ്വക്കറ്റ് ജനറൽ ഇവിടെ പറഞ്ഞത്. എന്നാൽ ജി.ഒയിലെ പരാമർശങ്ങൾ ഇങ്ങനെയാണ്: 'ശിരോവസ്ത്രം നിരോധിച്ചത് അനുച്ഛേദം 25ന്റെ ലംഘനമല്ല. കാരണം വിദ്യാർഥികൾ മതപരമായ വേഷത്തിൽ വരുന്നത് ഐക്യത്തിന് തടസ്സമാണ്.'

ഒരു കോടതിയെപ്പോലെ സംസ്ഥാന സർക്കാർ വിധിപറയുന്നത് ന്യായമല്ലെന്നും കാമത്ത് പറഞ്ഞു. രുദ്രാക്ഷം, കുരിശ്, നാമം തുടങ്ങിയവ ധരിച്ചുകൊണ്ട് വിദ്യാലയങ്ങളിൽ പ്രവേശിക്കുന്നത് തടയാതിരിക്കുകയും ഒരു സമുദായത്തിന് മാത്രം അവകാശം നിഷേധിക്കുകയും ചെയ്യുന്നത് നീതിയല്ല. എന്നാൽ അവ വസ്ത്രത്തിന്റെ ഉള്ളിലാണ് ധരിക്കുന്നതെന്ന് കോടതി അഭിപ്രായപ്പെട്ടപ്പോൾ തങ്ങളുടെ വിദ്യാർഥികാലഘട്ടത്തിൽ അവ പരസ്യമായി തന്നെയായിരുന്നു ധരിച്ചിരുന്നതെന്ന് കാമത്ത് പറഞ്ഞു.

**കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയും മത അടയാളങ്ങളും**

മതപരമായ അടയാളങ്ങൾ ദൃശ്യമാകുന്ന തരത്തിലുള്ള ഒന്നും



ധരിക്കരുത് എന്ന് ഭരണഘടനാ നിർമ്മാണ സഭയിൽ പലരും ഉന്നയിച്ചിരുന്നു എന്ന വാദമാണ് കർണാടക സർക്കാർ വാദിക്കുന്നത്. എന്നാൽ അതേ സഭയിൽ ഭരണഘടനാശിൽപി ഡോ. ബി.ആർ അംബേദ്കർ അതിന് മറുപടി പറയുകയും വിഷയം സഭയിൽ കൊണ്ടുവന്ന ബീഹാറിൽനിന്നുള്ള തജമ്മുൽ ഹുസൈന്റെ അഭിപ്രായം തള്ളപ്പെടുകയുമാണുണ്ടായത്. പർദയെക്കുറിച്ചുള്ള അംബേദ്കറുടെ വീക്ഷണം ഹൈക്കോടതി കൊണ്ടുവന്നത് അസ്ഥാനത്താണ്. പർദകളെ കുറിച്ചല്ല, തല മറയ്ക്കാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടിയാണ് വിദ്യാർഥിനികൾ മുറവിളി കൂട്ടുന്നത്. വിദ്യാലയങ്ങളെ ജയിൽ, ദുർഗുണ പരിഹാര പാഠശാല എന്നിവയോട് ഉപമിച്ചുകൊണ്ട് വിദ്യാർഥികൾ അധ്യാപകരുടെ കസ്റ്റഡിയിലാണെന്ന ഹൈക്കോടതിയുടെ പരാമർശം ഉൾക്കൊള്ളാൻ സാധിക്കുന്നതല്ല. ജയിൽ അന്തേവാസികൾക്ക് മൗലികാവകാശമില്ലെന്നാണ് കോടതി പറയുന്നത്. വിദ്യാലയങ്ങളെ ജയിലിനോട് ഉപമിക്കുന്നത് ശരിയാണോ എന്ന് ബഹുമാനപ്പെട്ട പരമോന്നത കോടതി പരിശോധിക്കണം.

**ശിരോവസ്ത്രവും മറ്റുള്ളവരുടെ വികാരവും**

ശിരോവസ്ത്രം ധരിച്ചു വന്നാൽ മറ്റുള്ളവരുടെ വികാരം വ്രണപ്പെടുമെന്ന കർണാടകയുടെ വാദം യുക്തിസഹമല്ലെന്ന് കാമത്ത് വാദിച്ചു. ആർക്കെങ്കിലും മനഃപ്രയാസമുണ്ടാകും എന്നത് മറ്റൊരാളുടെ മൗലികാവകാശത്തെ നിഷേധിക്കാൻ കാരണമാകുന്ന ഒന്നല്ല. 25ാം അനുച്ഛേദത്തെ കൃത്യമായി അവലോകനം ചെയ്താൽ ഇത് വ്യക്തമാകും. ക്രമസമാധാനം (Public order), ധാർമികത (Moraltiy), ആരോഗ്യം (Health) എന്നിവയെ ബാധിക്കുന്ന തരത്തിലാണെങ്കിൽ മാത്രമെ മൗലികാവകാശത്തെ നിയന്ത്രിക്കാനാവൂ എന്നാണ് 25ാം അനുച്ഛേദം പറയുന്നത്. ഒരു പെൺകുട്ടി ശിരോവസ്ത്രം ധരിക്കുന്നത് മുകളിൽ പറഞ്ഞ മൂന്നുകാര്യങ്ങളിൽ ഏതിനെയാണ് ബാധിക്കുക എന്ന് കർണാടക സർക്കാരിന്റെ ജി.ഒ പറയുന്നില്ല. 25ാം അനുച്ഛേദം മത സ്വാതന്ത്ര്യത്തെ കുറിച്ചാണ് പറയുന്നതെന്നും താങ്കൾ അഭിപ്രായ സ്വാതന്ത്ര്യം എന്ന 19ാം അനുച്ഛേദത്തെ ആസ്പദമാക്കിയും കോടതിയിൽ ഒരു യൂണിഫോം ധരിച്ചുകൊണ്ടുമാണ് സംസാരിക്കുന്നത് എന്ന കാര്യം ജസ്റ്റിസ് ധൂലിയ ഓർമിപ്പിച്ചപ്പോൾ 19ൽ തുടങ്ങി 25 വരെ നീളുന്ന മൗലികാവകാശങ്ങളെ കുറിച്ചാണ് പറയുന്നതെന്ന് കാമത്ത് പ്രതികരിച്ചു. ഈ കോടതിയിൽ ഏവരും ബഹുമാനിക്കുന്ന സീനിയർ അഡ്വക്കേറ്റ് കേശവ പരാശരൻ യൂണിഫോമിന്റെ കൂടെ നെറ്റിയിൽ 'നാമം' (മത അടയാളമായ വലിയ തിലകം) ധരിച്ചുകൊണ്ടാണ് ഹാജരായിട്ടുള്ളത്. അത് ഈ കോടതിയുടെ അച്ചടക്കത്തെയോ അന്തസ്സിനെയോ ബാധിക്കുന്നില്ലെന്ന് എല്ലാവർക്കും അറിയാം.

എന്നാൽ മുസ്‌ലിം വിദ്യാർഥിനികളുടെ ശിരോവസ്ത്രവുമായി അതിനെ താരതമ്യം ചെയ്യാൻ സാധിക്കില്ലെന്നും രാജസ്ഥാനിലും ഗുജറാത്തിലുമെല്ലാം കാണുന്ന പഗ്ഡി പോലുള്ള തലപ്പാവുകൾ ഒരിക്കലും ഒഴിവാക്കാൻ സാധിക്കാത്ത അവരുടെ അനിവാര്യ

**രണ്ടുവർഷം മുമ്പ് മുസ്‌ലിം പെൺകുട്ടികൾക്ക് ശിരോവസ്ത്രം നിരോധിച്ചുകൊണ്ട് ആസ്ത്രിയയിലെ ചില വിദ്യാലയങ്ങൾ ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ അവിടുത്തെ കോൺസ്റ്റിറ്റിയൂഷണൽ കോർട്ട് ഉത്തരവ് മരവിപ്പിച്ചു. ഇങ്ങനെയുള്ള നിരോധനങ്ങൾ മുസ്‌ലിം പെൺകുട്ടികളെ വിദ്യാഭ്യാസത്തിൽ നിന്നും തടയുകയും അവരെ പാർശ്വവത്കരിക്കുകയുമാണ് ചെയ്യുക എന്നാണ് ആസ്ത്രിയൻ കോടതി പറഞ്ഞത്. മറ്റു രാജ്യങ്ങളിലെ വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യേണ്ടതുണ്ടോ എന്ന കോടതിയുടെ ചോദ്യത്തിന് എല്ലാവരിലുമുള്ള നന്മകളെ സ്വീകരിക്കലാണ് ഇന്ത്യൻ പാരമ്പര്യമെന്നും എല്ലാ മതങ്ങളെയും ബഹുമാനിക്കണമെന്ന് സുപ്രീം കോടതിതന്നെ 2002ലെ അരുണ റോയ് കേസിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും കാമത്ത് മറുപടി പറഞ്ഞു. ഒരു മതത്തിൽ പെട്ട വിദ്യാർഥികൾ മാത്രം അവരുടെ മതചിഹ്നങ്ങൾ കാണിക്കാൻ പാടില്ല എന്നതാണോ സെക്കുലറിസത്തിന്റെ വിശദീകരണമെന്നും അദ്ദേഹം ചോദിച്ചു.**

മായ വസ്ത്രങ്ങളാണെന്നും ജസ്റ്റിസ് ഹേമന്ദ് ഗുപ്ത പറഞ്ഞപ്പോൾ മതത്തിന്റെ കാതലായ കാര്യമാണെങ്കിലും അല്ലെങ്കിലും ക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയെ ബാധിക്കുന്നില്ലെങ്കിൽ അത് അനുവദിച്ചുകൊടുക്കണമെന്നാണ് ഭരണഘടന അനുശാസിക്കുന്നതെന്ന് കാമത്ത് പ്രതികരിച്ചു.

### ഹെക്‌ലേഴ്സ് വീറ്റോ ഭരണഘടനക്ക് എതിര്

കാമത്ത് തുടരുന്നു: ഒരാൾ അയാൾക്ക് അനുവദിക്കപ്പെട്ട മൗലികാവകാശം ഉപയോഗിക്കുന്നതിനെ തടസ്സപ്പെടുത്തിക്കൊണ്ട് ആരെങ്കിലും കടന്നുവന്നാൽ 'ക്രമാസമാധാന'ത്തിന്റെ പേരുപറഞ്ഞ് മൗലികാവകാശം നിഷേധിക്കാൻ പാടുണ്ടോ? മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചതിന്റെ പേരിൽ ചില വിദ്യാർഥികൾ കാവി ഷാൾ ധരിച്ചുകൊണ്ട് പ്രതിഷേധിച്ചതുകൊണ്ടാണ് ശിരോവസ്ത്രം നിരോധിച്ചുകൊണ്ട് ജി.ഒ പുറപ്പെടുവിച്ചതെന്ന് കർണാടക അഡ്വക്കറ്റ് ജനറൽ ഇവിടെ പറയുകയുണ്ടായി. ഇങ്ങനെ അസഹിഷ്ണുതയുമായി കടന്നുവരുന്നവരുടെ എതിർപ്പുകൾ (Hecklers veto) അനുവദിച്ചുകൊടുക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്; കാമത്ത് വ്യക്തമാക്കി. ആരെങ്കിലും ക്രമാസമാധാനത്തിന് ഭംഗം വരുത്തുന്നുണ്ടെങ്കിൽ അതിനെ തടയുക ഭരണകൂടത്തിന്റെ ബാധ്യതയാണ്. വെസ്റ്റ് ബംഗാളിൽ ചിലരുടെ പ്രതിഷേധത്തെ തുടർന്ന് സംസ്ഥാന സർക്കാർ ഒരു സിനിമ നിരോധിച്ചതിനെതിരെ സുപ്രീം കോടതി സംസ്ഥാന സർക്കാറിന് പിഴ വിധിച്ച സംഭവം കാമത്ത് ഓർമിപ്പിച്ചു. വിധി പ്രസ്താവിച്ച ജഡ്ജിമാരുടെ കൂട്ടത്തിൽ ഈ കേസ് കേൾക്കുന്ന ഹേമന്ദ് ഗുപ്തയും ഉണ്ടായിരുന്നുവെന്നും മുകളിൽ പറഞ്ഞ 'ഹെക്ക്‌ലേഴ്സ് വീറ്റോ തത്ത്വം' ആയിരുന്നു ജഡ്ജിമാർ ആധാരമാക്കിയതെന്നും അദ്ദേഹം അനുസ്മരിച്ചു.

**ഒരാൾ ശിരോവസ്ത്രം ധരിക്കുന്നത് മറ്റുള്ളവരുടെ മൗലികാവകാശത്തെ ഹനിക്കുന്നില്ലെന്നിരിക്കെ അതിനെ നിരോധിക്കേണ്ട കാര്യമെന്താണെന്ന് ചോദിച്ച ദേവദത്ത് കാമത്തിനോട് മറ്റുള്ളവരുടെ മൗലികാവകാശമല്ല, മറിച്ച് ശിരോവസ്ത്രം മൗലികാവകാശമാണെന്നാണ് തെളിയിക്കേണ്ടതെന്നായിരുന്നു ജസ്റ്റിസ് ഗുപ്തയുടെ പ്രതികരണം. അതിനുള്ള കാമത്തിന്റെ മറുപടി നിയമജ്ഞരുടെ കണ്ണ് തുറപ്പിക്കുന്നതായിരുന്നു. ശിരോവസ്ത്രമോ നാമമോ സിഖുകാർ അണിയുന്ന കരാമോ മൗലികാവകാശമാണോ എന്നതിനെക്കാൾ അതിനെ തടയാൻ മറ്റുള്ളവർക്ക് അവകാശമുണ്ടോ എന്നതാണ് പ്രസക്തമാകുന്നത് എന്നായിരുന്നു കാമത്തിന്റെ മറുപടി.**

### തടയാനുള്ള അവകാശമില്ല

ഒരാൾ ശിരോവസ്ത്രം ധരിക്കുന്നത് മറ്റുള്ളവരുടെ മൗലികാവകാശത്തെ ഹനിക്കുന്നില്ലെന്നിരിക്കെ അതിനെ നിരോധിക്കേണ്ട കാര്യമെന്താണെന്ന് ചോദിച്ച ദേവദത്ത് കാമത്തിനോട് മറ്റുള്ളവരുടെ മൗലികാവകാശമല്ല, മറിച്ച് ശിരോവസ്ത്രം മൗലികാവകാശമാണെന്നാണ് തെളിയിക്കേണ്ടതെന്നായിരുന്നു ജസ്റ്റിസ് ഗുപ്തയുടെ പ്രതികരണം. അതിനുള്ള കാമത്തിന്റെ മറുപടി നിയമജ്ഞരുടെ കണ്ണ് തുറപ്പിക്കുന്നതായിരുന്നു. ശിരോവസ്ത്രമോ നാമമോ സിഖുകാർ അണിയുന്ന കരാമോ മൗലികാവകാശമാണോ എന്നതിനെക്കാൾ അതിനെ തടയാൻ മറ്റുള്ളവർക്ക്



അവകാശമുണ്ടോ എന്നതാണ് പ്രസക്തമാകുന്നത് എന്നായിരുന്നു കാമത്തിന്റെ മറുപടി.

**കർണാടക വിദ്യാഭ്യാസ ആക്റ്റും തെറ്റിദ്ധരിപ്പിക്കലുകളും**

കാമത്ത് തുടരുന്നു: സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ ആക്റ്റിലെ സെക്ഷൻ 7 റൂൾ 11ൽ വിദ്യാർഥിനികൾ ശിരോവസ്ത്രം നിരോധിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെന്നാണ് കർണാടക സർക്കാരിന്റെ വാദം. എന്നാൽ റൂളിലെ പരാമർശങ്ങളെ സർക്കാർ വ്യാഖ്യാനിച്ച് ഒപ്പിക്കുകയാണെന്ന് കാമത്ത് ചൂണ്ടിക്കാട്ടി. ഭരണഘടന അനുശാസിക്കുന്ന പൗരധർമങ്ങൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി ചേർത്ത ഒരു വകുപ്പാണ് അത്. 'മതപരമോ ഭാഷാപരമോ പ്രാദേശികമോ ആയ വൈവിധ്യങ്ങൾക്കതീതമായി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ഇടയിൽ ഐക്യവും പൊതുസാഹോദര്യത്തിന്റെ ആത്മാവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീകളുടെ അന്തസ്സിന് കളങ്കമുണ്ടാക്കുന്ന ആചാരങ്ങൾ ഉപേക്ഷിക്കപ്പെടേണ്ടതാണ്' എന്നാണ് അതിലെ പരാമർശം. മുസ്‌ലിം പെൺകുട്ടികൾ ധരിക്കുന്ന ശിരോവസ്ത്രം അവരുടെ അന്തസ്സിന് കളങ്കമുണ്ടാക്കുന്നു എന്ന വാദം നിലനിൽക്കുന്നതല്ല. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ ആക്റ്റിൽ ശിരോവസ്ത്രം നിരോധിച്ചുകൊണ്ടുള്ള യാതൊന്നും തന്നെയില്ല.

**ശിരോവസ്ത്രവും കാവി ഷാളും**

മൗലികാവകാശത്തിന്മേലുള്ള നിയന്ത്രണം ക്രമസമാധാനവുമായി നേരിട്ടുള്ളതോ സാമീപ്യമുള്ളതോ ആയ ബന്ധമുണ്ടെങ്കിൽ മാത്രമെ മൗലികാവകാശത്തിന്മേലുള്ള നിയന്ത്രണം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ എന്നും പരോക്ഷമായതോ അനുമാനത്തിന്റെ അടിസ്ഥാനത്തിലുള്ളതിന്റെയോ പേരിൽ നിയന്ത്രണമോ വിലക്കോ കൊണ്ടുവരാൻ ഭരണഘടന അനുവദിക്കുന്നില്ലെന്നും കാമത്ത് കോടതിയെ ബോധിപ്പിച്ചു. കാവി ഷാൾ അണിയണമെന്ന് ഹിന്ദുനിയമത്തിൽ എവിടെയും പറയുന്നില്ല. അതുകൊണ്ടുതന്നെ 'നീ അത് ധരിക്കുകയാണെങ്കിൽ ഞാൻ ഇത് ധരിക്കും' എന്ന പ്രസ്താവന മതത്തെ കലാപത്തിനുവേണ്ടി ഉപയോഗിക്കുന്നതിന് തുല്യമാണ്.

**ഒരാൾ രാമന്റെയും കൃഷ്ണന്റെയും ചിത്രങ്ങൾ വഹിക്കുന്നത് (ഞാനും വഹിക്കാറുണ്ട്) അയാളുടെ മനഃസാക്ഷിക്കനുസരിച്ചാണ്. അത് വേദഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ട കാര്യമല്ലെങ്കിൽ പോലും അടിസ്ഥാനപരമായ വിശ്വാസത്തിന്റെ ഭാഗമാണത്. മതവിശ്വാസത്തെ മനഃസാക്ഷിയുമായി ബന്ധിപ്പിക്കാൻ സാധിക്കില്ലെന്ന് അംബേദ്കർ കോൺസ്റ്റിറ്റുവെന്റ് അസംബ്ലി ഡിബേറ്റിൽ പറഞ്ഞുവെന്നാണ് ഹൈക്കോടതി പറയുന്നത്. എന്നാൽ ഡിബേറ്റിൽ അങ്ങനെ പറഞ്ഞതായി ഒരു രേഖയുമില്ല. മതവിശ്വാസത്തെ മനഃസാക്ഷിയിൽനിന്ന് വേർപ്പെടുത്താനുള്ള ഹൈക്കോടതിയുടെ ശ്രമം അത്യന്തം അപകടകരമാണെന്നും കാമത്ത് പറഞ്ഞു. പെൺകുട്ടികളുടെ തലമറയ്ക്കൽ മതത്തിന്റെ അനിവാര്യമായ ആചാരങ്ങളിൽ പെട്ടതാണോ എന്ന കാര്യത്തിലുള്ള വാദങ്ങൾ മറ്റു അഭിഭാഷകർ കൊണ്ടുവരും. ഞാൻ പ്രധാനമായും ഉന്നയിക്കുന്നത് 25ാം അനുച്ഛേദപ്രകാരം ഒരാളുടെ മതവിശ്വാസത്തിന്റെ ഭാഗമായി അയാൾ തല മറയ്ക്കുകയാണെങ്കിൽ അതിനുമേൽ സർക്കാറിന് വിലക്കോ നിയന്ത്രണമോ (restriction) കൊണ്ടുവരാൻ അവകാശമുണ്ടോ എന്നതാണ്.**

ഒരു വിഭാഗം അവരുടെ മതപരമായ വിശ്വാസത്തിന്റെ പേരിൽ സ്വമേധയാ ധരിക്കുന്നതാണ് ശിരോവസ്ത്രം. എന്നാൽ കാവി ഷാൾ മറ്റുള്ളവർ ധരിക്കുകയാണെങ്കിൽ മാത്രം ധരിക്കുമെന്ന വാദം തന്നെ അത് അനിവാര്യമല്ലെന്ന് തെളിയിക്കുന്നു.

**മതസ്വാതന്ത്ര്യവും മനഃസാക്ഷിയും**

മതസ്വാതന്ത്ര്യത്തെ മനഃസാക്ഷിക്കനുസരിച്ചുള്ള സ്വാതന്ത്ര്യമായി കാണാൻ സാധിക്കില്ലെന്ന ഹൈക്കോടതിയുടെ നിരീക്ഷണം തെറ്റാണ്. ഒരാൾ രാമന്റെയും കൃഷ്ണന്റെയും ചിത്രങ്ങൾ വഹിക്കുന്നത് (ഞാനും വഹിക്കാറുണ്ട്) അയാളുടെ മനഃസാക്ഷിക്കനുസരിച്ചാണ്. അത് വേദഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ട കാര്യമല്ലെങ്കിൽ പോലും അടിസ്ഥാനപരമായ വിശ്വാസത്തിന്റെ ഭാഗമാണത്. മതവിശ്വാസത്തെ മനഃസാക്ഷിയുമായി ബന്ധിപ്പിക്കാൻ സാധിക്കില്ലെന്ന് അംബേദ്കർ കോൺസ്റ്റിറ്റുവെന്റ് അസംബ്ലി ഡിബേറ്റിൽ പറഞ്ഞുവെന്നാണ് ഹൈക്കോടതി പറയുന്നത്. എന്നാൽ ഡിബേറ്റിൽ അങ്ങനെ പറഞ്ഞതായി ഒരു രേഖയുമില്ല. മതവിശ്വാസത്തെ മനഃസാക്ഷിയിൽനിന്ന് വേർപ്പെടുത്താനുള്ള ഹൈക്കോടതിയുടെ ശ്രമം അത്യന്തം അപകടകരമാണെന്നും കാമത്ത് പറഞ്ഞു.

പെൺകുട്ടികളുടെ തലമറയ്ക്കൽ മതത്തിന്റെ അനിവാര്യമായ ആചാരങ്ങളിൽ പെട്ടതാണോ എന്ന കാര്യത്തിലുള്ള വാദങ്ങൾ മറ്റു അഭിഭാഷകർ കൊണ്ടുവരും. ഞാൻ പ്രധാനമായും ഉന്നയിക്കുന്നത് 25ാം അനുച്ഛേദപ്രകാരം ഒരാളുടെ മതവിശ്വാസത്തിന്റെ ഭാഗമായി അയാൾ തല മറയ്ക്കുകയാണെങ്കിൽ അതിനുമേൽ സർക്കാറിന് വിലക്കോ നിയന്ത്രണമോ (restriction) കൊണ്ടുവരാൻ അവകാശമുണ്ടോ എന്നതാണ്. കാമത്ത് അവസാനിപ്പിച്ചു.

**(തുടരും)**




# വ്യക്തിത്വ വളർച്ചയിലേക്കുള്ള ചില ചുവടുവയ്പുകൾ

അഷ്റഫ് എകരൂൽ

ഉയർച്ച തേടുന്നവരുടെ തേട്ടങ്ങളിൽ ഒന്ന് വക്തിത്വ വളർച്ചയാണ്. ഭൗതിക-പാരത്രിക നേട്ടങ്ങൾ തേടുന്ന മുസ്‌ലിമിന്നും അത് അനിവാര്യം തന്നെ. ഇസ്‌ലാമിക ചുവടുവയ്പിലൂടെയാണ് അത് ആർജിക്കേണ്ടതെന്നു മാത്രം. ചില അടിസ്ഥാന ഘടകങ്ങളെ നിലനിർത്തുന്നതിലൂടെയാണ് ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ സൗഭാഗ്യവും സമാധാനവും വന്നുചേരുന്നത്. അതിൽ പ്രധാനമാണ് സ്വന്തത്തെ സംസ്കരിക്കാനാവശ്യമായ മര്യാദകൾ ശീലമാക്കുകയെന്നത്. മുമ്പിലുള്ളതിലേക്ക് മാത്രം തുറന്നിടാനുള്ളജാലകമല്ല മനുഷ്യനേത്രങ്ങൾ; ഇടയ്ക്കിടെ സ്വന്തത്തിലേക്കും അവ തുറന്നുവയ്ക്കണം.

സ്വന്തത്തെ വളർത്താനും വൃത്തിയാക്കാനും സഹായകമായതെല്ലാം സ്വാംശീകരിക്കാനും മലീമസമാക്കുന്നതിനെയല്ലാം മാറ്റിനിർത്താനും കഴിവുള്ളവനാകണം വിശ്വാസി. അല്ലാഹു പറയുന്നു: "തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു" (ക്വുർആൻ 91:9,10).

ഇസ്‌ലാമിക ശരീഅത്ത്, സ്വന്തത്തെ സംസ്കരിക്കുന്നതിനെയും വളർത്തുന്നതിനെയും വളരെ പ്രാധാന്യത്തൊടെയാണു കാണുന്നതെന്ന് അതിന്റെ അധ്യാപനങ്ങളെ വിലയിരുത്തിയാൽ മനസ്സിലാകും. ഇവ ബോധ്യപ്പെടുത്താൻ ഇസ്‌ലാം സ്വീകരിച്ച വിവിധ മാർഗങ്ങളിൽ ചിലത് ഇവയാണ്:

**ഭൗതിക-പാരത്രിക നേട്ടങ്ങൾ തേടുന്ന മുസ്‌ലിമിന്നും അത് അനിവാര്യം തന്നെ. ഇസ്‌ലാമിക ചുവടുവയ്പിലൂടെയാണ് അത് ആർജിക്കേണ്ടതെന്നു മാത്രം. ചില അടിസ്ഥാന ഘടകങ്ങളെ നിലനിർത്തുന്നതിലൂടെയാണ് ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ സൗഭാഗ്യവും സമാധാനവും വന്നുചേരുന്നത്. അതിൽ പ്രധാനമാണ് സ്വന്തത്തെ സംസ്‌കരിക്കാനാവശ്യമായ മര്യാദകൾ ശീലങ്ങളാക്കുകയെന്നത്. മുമ്പിലുള്ളതിലേക്ക് മാത്രം തുറന്നിടാനുള്ള ജാലകമല്ല മനുഷ്യനേത്രങ്ങൾ; ഇടയ്ക്കിടെ സ്വന്തത്തിലേക്കും അവ തുറന്നുവയ്ക്കണം. സ്വന്തത്തെ വളർത്താനും വൃത്തിയാക്കാനും സഹായകമായെതല്ലാം സ്വാംശീകരിക്കാനും മലീമസമാക്കുന്നതിനെയല്ലാം മാറ്റിനിർത്താനും കഴിവുള്ളവനാകണം വിശ്വാസി. അല്ലാഹു പറയുന്നു: "തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു'' (ക്വുർആൻ 91:9,10).**

ഒന്ന്) ആത്മസംസ്‌കരണത്തെ കുറിച്ച് വിശുദ്ധ ക്വുർആനിലും നബിവചനത്തിലും ആവർത്തിച്ചുള്ള ഓർമപ്പെടുത്തൽ:

"അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്യുവോ; (അവന്ന്) സ്വർഗംതന്നെയാണ് സങ്കേതം" (ക്വുർആൻ 79:40,41).

പ്രവാചകന്റെ പതിവായുള്ള ഒരു പ്രാർഥന: "അല്ലാഹുവേ, എന്റെ അത്മാവിന്ന് അതിന്റെ സൂക്ഷ്മതയും വിശുദ്ധിയും നീ നൽകേണമേ. നീയത്രെ അതിനെ സംസ്‌കരിക്കുന്നവരിൽ ഉത്തമൻ, നീയത്രെ അതിന്റെ രക്ഷാധികാരിയും ഉടമയും" (മുസ്‌ലിം).

രണ്ട്) പ്രവാചകനിയോഗത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായി ആത്മസംസ്‌കരണത്തെ ഉൾപ്പെടുത്തി:

"തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും അവരെ സംസ്‌കരിക്കുകയും അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു" (ക്വുർആൻ 3:164).

മൂന്ന്) ദൈവസമർപ്പണത്തിലൂടെയും മാലിന്യവിപാടനത്തിലൂടെയും ജീവിതശുദ്ധി വരുത്തുന്നവർക്ക് ഉന്നതമായ പ്രതിഫലം നൽകപ്പെടുമെന്നും അല്ലാത്തവർക്ക് കഠിനശിക്ഷയുണ്ടാകുമെന്നുമുള്ള വാഗ്ദാനം:

"തീർച്ചയായും വല്ലവനും കുറ്റവാളിയായിക്കൊണ്ട് തന്റെ രക്ഷിതാവിന്റെ അടുത്ത് ചെല്ലുന്നപക്ഷം അവന്നുള്ളത് നരകമത്രെ. അതിലവൻ മരിക്കുകയില്ല, ജീവിക്കുകയുമില്ല. സത്യവിശ്വാസി




യായിക്കൊണ്ട് സൽകർമങ്ങൾ പ്രവർത്തിച്ചിട്ടാണ് വല്ലവനും അവന്റെയടുത്ത് ചെല്ലുന്നതെങ്കിൽ അത്തരക്കാർക്കുള്ളതാകുന്നു ഉന്നതമായ പദവികൾ. അതായത് താഴ്ഭാഗത്തുകൂടി നദികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ" (ക്വുർആൻ 20:74-76).

നമ്മുടെ മുൻഗാമികൾ ആത്മസംസ്കരണത്തിലൂടെ ജീവിത വളർച്ചയും വിശുദ്ധിയും നേടുന്നതിൽ വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കുകയും സ്വഭാവത്തിലും പെരുമാറ്റത്തിലും അവ നടപ്പിൽ വരുത്തുകയും ചെയ്തിരുന്നുവെന്നതിൽ സത്യവിശ്വാസികൾക്ക് മാതൃകയുണ്ട്. പ്രസ്തുത വിഷയത്തിൽ അവരിൽ പ്രമുഖരായ പലരും സ്വതന്ത്രമായ ഗ്രന്ഥരചനകൾതന്നെ നടത്തിയിട്ടുണ്ട്. അഹ്മദ് ഇബ്നു ഹംബലിന്റെ 'വിരക്തി' (അസ്സുഹ്ദ്) എന്ന ഗ്രന്ഥം അതിൽ പ്രധാനമാണ്.

മനുഷ്യമനസ്സിനെ സംസ്കരിച്ചു വളർത്തിയെടുക്കാൻ ആവശ്യമായതും അനിവാര്യമായതുമായ ഒട്ടനവധി മാർഗങ്ങൾ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലത് നമുക്കു പരിശോധിക്കാം:

*1. പശ്ചാത്താപം:* ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എല്ലാ പാപങ്ങളിൽനിന്നും അല്ലാഹുവിനോടുള്ള അനുസരണക്കേടിൽനിന്നും മുക്തമായി സംഭവിച്ചുപോയ പാപങ്ങൾ പൊറുത്തുതരുവാൻ അവനോട് പ്രാർഥിക്കുകയെന്നതാണ്. എല്ലാ മനുഷ്യരോടും പശ്ചാത്തപിച്ചു മടങ്ങാൻ അല്ലാഹു ആവശ്യപ്പെടുന്നുണ്ട്. അല്ലാഹു പറയുന്നു: "...സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (ക്വുർആൻ 24:31).

*2. ആത്മപരിശോധന:* സ്വന്തത്തെ ഒരു സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കുകയും രോഗം കണ്ടറിഞ്ഞ് മരുന്ന് നിർണയിക്കുകയുമാണ് ഇതിന്റെ വിവക്ഷ. ജീവിതം



നേർപഥത്തിലൂടെ തന്നെയാണോ അതോ പിഴവും മാർഗഭ്രംശവും സംഭവിച്ചിട്ടുണ്ടോ എന്നതാവണം പരിശോധന. ഓരോ പരിശോധനക്ക് ശേഷവും പരിഹാര മാർഗങ്ങൾ പ്രയോഗത്തിൽ വരുത്തി കൂടുതൽ ഊർജസ്വലതയോടെ മുന്നേറുകെയന്നതാണു സത്യവിശ്വാസിയുടെ ബാധ്യത. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്കുവേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു" (ക്വുർആൻ 59:18).

*3. പ്രതിജ്ഞ പുതുക്കൽ:* ചെറുതും വലുതുമായ തെറ്റുകളിലൊന്നും ആപതിക്കുകയില്ലെന്ന് ഒരു മുസ്‌ലിം അല്ലാഹുവുമായി ആവർത്തിച്ചു കരാർ ചെയ്തുകൊണ്ടിരിക്കുകയെന്നത് സംസ്കരണത്തിന്റെയും അതിലൂടെ നിലനിൽക്കുന്ന വളർച്ചയുടെയും ചുവടുവയ്പുകളിൽ പ്രധാനപ്പെട്ടതാണ്. ഒരു വിശ്വാസി എപ്പോഴും തന്റെ ചെറിയ പാളിച്ചകളെ പോലും കണ്ടെത്തി ശരിപ്പെടുത്തിക്കൊണ്ടിരിക്കും. ഇനി വല്ലപ്പോഴും ഇച്ഛകളുടെ മുമ്പിൽ ദുർബലത തോന്നുമ്പോൾ അവൻ അല്ലാഹുവുമായി ചെയ്ത കരാറിനെ ഓർക്കുകയും മനസ്സിന്റെ മാന്യതയെ കാത്തുസൂക്ഷിക്കുകയും ചെയ്യും.

അല്ലാഹു പറയുന്നു: "നിങ്ങൾ കരാർ നിറവേറ്റുക. തീർച്ചയായും

**ചെറുതും വലുതുമായ തെറ്റുകളിലൊന്നും ആപതിക്കുകയില്ലെന്ന് ഒരു മുസ്‌ലിം അല്ലാഹുവുമായി ആവർത്തിച്ചു കരാർ ചെയ്തുകൊണ്ടിരിക്കുകയെന്നത് സംസ്കരണത്തിന്റെയും അതിലൂടെ നിലനിൽക്കുന്ന വളർച്ചയുടെയും ചുവടുവയ്പുകളിൽ പ്രധാനപ്പെട്ടതാണ്. ഒരു വിശ്വാസി എപ്പോഴും തന്റെ ചെറിയ പാളിച്ചകളെ പോലും കണ്ടെത്തി ശരിപ്പെടുത്തിക്കൊണ്ടിരിക്കും. ഇനി വല്ലപ്പോഴും ഇച്ഛകളുടെ മുമ്പിൽ ദുർബലത തോന്നുമ്പോൾ അവൻ അല്ലാഹുവുമായി ചെയ്ത കരാറിനെ ഓർക്കുകയും മനസ്സിന്റെ മാന്യതയെ കാത്തുസൂക്ഷിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: "നിങ്ങൾ കരാർ നിറവേറ്റുക. തീർച്ചയായും കരാറിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്" (ക്വുർആൻ 17: 34)**

കരാറിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്" (ക്വുർആൻ 17: 34).

*4. ദൈവിക നിരീക്ഷണത്തെ അറിയൽ:* അല്ലാഹുവിന്റെ നിരീക്ഷണത്തെയും സാന്നിധ്യത്തെയും സദാ ഓർത്തുകൊണ്ടിരിക്കുകയും അവൻ എന്റെ എല്ലാ രഹസ്യങ്ങളും സൂക്ഷ്മമായി അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്ന ഉറച്ച ബോധ്യവുമുള്ള ജീവിത രീതിയാണ് ഒരു മുസ്‌ലിമിന്ന് വേണ്ടത്.

അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു" (ക്വുർആൻ 4:1 ).

ഈയൊരു ഗുണത്തിലൂടെ അല്ലാഹുവിന്റെ കൽപനകളെ അതാത് സമയങ്ങളിൽ ജീവിതത്തിൽ കൊണ്ടുവരാനും മ്ലേഛതകളിൽനിന്നു മുക്തിനേടാനും ഒരു വിശ്വാസിക്കു കഴിയുന്നു.

*5. നിതാന്ത പരിശ്രമം:* കേവല പ്രാർഥനയോ ആഗ്രഹമോ ഉള്ളതുകൊണ്ട് മാത്രം ലക്ഷ്യത്തിലെത്തില്ല; മറിച്ച് ദേഹേച്ഛയോട് പൊരുതി ലക്ഷ്യപ്രാപ്തിക്ക് വേണ്ടി കഠിനാദ്ധ്വാനം ചെയ്യുകയെന്നതാണ് ഒരു വിശ്വാസി ചെയ്യേണ്ടത്. ദേഹേച്ഛ എപ്പോഴും വിശ്രമവും മടിയും തേടിക്കൊണ്ടിരിക്കും. അതിനോട് പൊരുതി അല്ലാഹുവിന്റെ ഇച്ഛയെ നടപ്പിൽ വരുത്താനുള്ള കഠിന പ്രയത്നം വലിയ ജിഹാദാണ്. അല്ലാഹു പറയുന്നു:

"അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ; (അവന്ന്) സ്വർഗംതന്നെയാണ് സങ്കേതം" (ക്വുർആൻ 79:40,41).

"നമ്മുടെ മാർഗത്തിൽ സമരത്തിൽ ഏർപെട്ടവരാരോ, അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുകതന്നെ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു സദ്‌വൃത്തരോടൊപ്പമാകുന്നു" (29:69).

**ആത്മസംസ്കരണത്തിന്റെ നേട്ടങ്ങൾ**

1. സ്രഷ്ടാവുമായുള്ള നിരന്തര ബന്ധവും സമ്പർക്കവും ഉണ്ടാകുന്നതിലൂടെ അവന്റെയടുക്കൽ ഉന്നത പദവി നേടാൻ കഴിയുന്നു. അല്ലാഹു പറയുന്നു: "തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെ അദൃശ്യനിലയിൽ ഭയപ്പെടുന്നവരാരോ അവർക്ക് പാപമോചനവും വലിയ പ്രതിഫലവുമുണ്ട്" (ക്വുർആൻ 67:12).

2. ഭൗതിക ജീവിതത്തിൽ വിജയം വരിക്കുകയും പാരത്രിക ജീവിതത്തിൽ മോക്ഷം ലഭിക്കുകയും ചെയ്യും, ശുദ്ധിവരുത്തിയ, രോഗമുക്തമായ ഹൃദയമുള്ളവർക്കല്ലാതെ സ്വർഗപ്രവേശനം സാധ്യമല്ല.

"അവർ (മനുഷ്യർ) ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം എന്നെ നീ അപമാനത്തിലാക്കരുതേ. അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ.(അന്ന്) സൂക്ഷ്മത പാലിക്കുന്നവർക്ക് സ്വർഗം അടുപ്പിക്കപ്പെടുന്നതാണ്. ദുർമാർഗികൾക്ക് നരകം തുറന്നു കാണിക്കപ്പെടുന്നതുമാണ്" (26: 87-91).

3. ഹൃദയവിശാലതയും മനസ്സമാധാനവും ലഭിക്കുന്നു: അല്ലാഹു പറയുന്നു: "അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കിക്കൊടുത്തത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരുന്നതിന് വേണ്ടി" (48:4).

4. മതത്തിൽ ഉറച്ചു നിൽക്കാനും ആരാധനാകർമങ്ങളിൽ നിരതനാവാനും കഴിയുന്നു. കാരണം അല്ലാഹുമായുള്ള ആത്മാർഥ ബന്ധം കാരണം അല്ലാഹു അവരുടെ ഹൃദയങ്ങളെ സന്മാർഗത്തിൽ ഉറപ്പിച്ചു നിർത്തും. അല്ലാഹു പറയുന്നു: "ഐഹികജീവിതത്തിലും പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ചുനിർത്തുന്നതാണ്. അക്രമകാരികളെ അല്ലാഹു ദുർമാർഗത്തിലാക്കുകയും ചെയ്യും. അല്ലാഹു താൻ ഉദ്ദേശിക്കുന്നതെന്തോ അത് പ്രവർത്തിക്കുന്നു" (14:27).

5. പകയും വിദ്വേഷവും ഇല്ലാത്ത ഹൃദയത്തിന്റെ ഉടമകളാകുമ്പോൾ സ്രഷ്ടാവിനോടെന്നപോലെ സൃഷ്ടികളോടും നല്ല ബന്ധം സ്ഥാപിക്കുവാൻ കഴിയും. അതിലൂടെ അവർക്കിടയിൽ സ്നേഹവും ഐക്യവും വ്യാപിക്കുന്നു. പരസ്പരം സ്നേഹിക്കുകയും ഉള്ളവർ ഇല്ലാത്തവരുമായി പങ്കുവയ്ക്കൽ നിലനിൽക്കുകയും ചെയ്യുന്നതിലൂടെ ഒരു ശരീരം പോലെ സമൂഹം മാറി വരുന്നു. നബി(സ്വ) പറഞ്ഞു: "സത്യവിശ്വാസികൾ; അവരുടെ പരസ്പര സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഉപമ ഒരു ശരീരം പോലെയാണ്. അതിൽ ഒരു അവയവത്തിന്നു വല്ലതും പറ്റിയാൽ മറ്റ് അവയവങ്ങൾ ഉറക്കമിളച്ചും പനി ബാധിച്ചും അതിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതു കാണാം" (മുസ്‌ലിം).

**(തുടരും)**

**പകയും വിദ്വേഷവും ഇല്ലാത്ത ഹൃദയത്തിന്റെ ഉടമകളാകുമ്പോൾ സ്രഷ്ടാവിനോടെന്നപോലെ സൃഷ്ടികളോടും നല്ല ബന്ധം സ്ഥാപിക്കുവാൻ കഴിയും. അതിലൂടെ അവർക്കിടയിൽ സ്നേഹവും ഐക്യവും വ്യാപിക്കുന്നു. പരസ്പരം സ്നേഹിക്കുകയും ഉള്ളവർ ഇല്ലാത്തവരുമായി പങ്കുവയ്ക്കൽ നിലനിൽക്കുകയും ചെയ്യുന്നതിലൂടെ ഒരു ശരീരം പോലെ സമൂഹം മാറി വരുന്നു. നബി(സ്വ) പറഞ്ഞു: "സത്യവിശ്വാസികൾ; അവരുടെ പരസ്പര സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഉപമ ഒരു ശരീരം പോലെയാണ്. അതിൽ ഒരു അവയവത്തിന്നു വല്ലതും പറ്റിയാൽ മറ്റ് അവയവങ്ങൾ ഉറക്കമിളച്ചും പനി ബാധിച്ചും അതിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതു കാണാം"**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 43

# അസ്സുഖ്റുഫ്

## (സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

وَلَوْلَآ أَن يَكُونَ ٱلنَّاسُ أُمَّةً وَٰحِدَةً
لَّجَعَلْنَا لِمَن يَكْفُرُ بِٱلرَّحْمَٰنِ لِبُيُوتِهِمْ سُقُفًا
مِّن فِضَّةٍ وَمَعَارِجَ عَلَيْهَا يَظْهَرُونَ ٣٣

وَلِبُيُوتِهِمْ أَبْوَٰبًا وَسُرُرًا عَلَيْهَا يَتَّكِـُٔونَ
٣٤

وَزُخْرُفًا ۚ وَإِن كُلُّ ذَٰلِكَ لَمَّا مَتَٰعُ ٱلْحَيَوٰةِ
ٱلدُّنْيَا ۚ وَٱلْءَاخِرَةُ عِندَ رَبِّكَ لِلْمُتَّقِينَ ٣٥

وَمَن يَعْشُ عَن ذِكْرِ ٱلرَّحْمَٰنِ نُقَيِّضْ لَهُۥ
شَيْطَٰنًا فَهُوَ لَهُۥ قَرِينٌ ٣٦

وَإِنَّهُمْ لَيَصُدُّونَهُمْ عَنِ ٱلسَّبِيلِ وَيَحْسَبُونَ
أَنَّهُم مُّهْتَدُونَ ٣٧

حَتَّىٰٓ إِذَا جَآءَنَا قَالَ يَٰلَيْتَ بَيْنِى وَبَيْنَكَ بُعْدَ
ٱلْمَشْرِقَيْنِ فَبِئْسَ ٱلْقَرِينُ ٣٨

33. മനുഷ്യർ ഒരേതരത്തിലുള്ള (ദുഷിച്ച) സമുദായമായിപ്പോകുകയില്ലായിരുന്നെങ്കിൽ പരമകാരുണികനിൽ അവിശ്വസിക്കുന്നവർക്ക് അവരുടെ വീടുകൾക്ക് വെള്ളികൊണ്ടുള്ള മേൽപുരകളും അവർക്ക് കയറിപ്പോകാൻ (വെള്ളികൊണ്ടുള്ള) കോണികളും നാം ഉണ്ടാക്കികൊടുക്കുമായിരുന്നു.

34. അവരുടെ വീടുകൾക്ക് (വെള്ളി) വാതിലുകളും അവർക്ക് ചാരിയിരിക്കാൻ (വെള്ളി) കട്ടിലുകളും.

35. സ്വർണംകൊണ്ടുള്ള അലങ്കാരവും നാം നൽകുമായിരുന്നു. എന്നാൽ അതെല്ലാം ഐഹികജീവിതത്തിലെ സുഖഭോഗം മാത്രമാകുന്നു. പരലോകം തന്റെ രക്ഷിതാവിന്റെ അടുക്കൽ സൂക്ഷ്മത പാലിക്കുന്നവർക്കുള്ളതാകുന്നു.

36. പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവനു നാം ഒരു പിശാചിനെ ഏർപ്പെടുത്തി കൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും.

37. തീർച്ചയായും അവർ(പിശാചുക്കൾ) അവരെ നേർമാർഗത്തിൽ നിന്ന് തടയും. തങ്ങൾ സന്മാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യും.

38. അങ്ങനെ നമ്മുടെ അടുത്ത് വന്നെത്തുമ്പോൾ (തന്റെ കൂട്ടാളിയായ പിശാചിനോട്) അവൻ പറയും: എനിക്കും നിനക്കുമിടയിൽ ഉദയാസ്തമയസ്ഥാനങ്ങൾ തമ്മിലുള്ള അകലം ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. അപ്പോൾ ആ കൂട്ടുകാരൻ എത്ര ചീത്ത!

وَلَن يَنفَعَكُمُ ٱلۡيَوۡمَ إِذ ظَّلَمۡتُمۡ أَنَّكُمۡ فِي ٱلۡعَذَابِ مُشۡتَرِكُونَ ٣٩

أَفَأَنتَ تُسۡمِعُ ٱلصُّمَّ أَوۡ تَهۡدِي ٱلۡعُمۡيَ وَمَن كَانَ فِي ضَلَٰلٖ مُّبِينٖ ٤٠

فَإِمَّا نَذۡهَبَنَّ بِكَ فَإِنَّا مِنۡهُم مُّنتَقِمُونَ ٤١

أَوۡ نُرِيَنَّكَ ٱلَّذِي وَعَدۡنَٰهُمۡ فَإِنَّا عَلَيۡهِم مُّقۡتَدِرُونَ ٤٢

فَٱسۡتَمۡسِكۡ بِٱلَّذِيٓ أُوحِيَ إِلَيۡكَۖ إِنَّكَ عَلَىٰ صِرَٰطٖ مُّسۡتَقِيمٖ ٤٣

وَإِنَّهُۥ لَذِكۡرٞ لَّكَ وَلِقَوۡمِكَۖ وَسَوۡفَ تُسۡـَٔلُونَ ٤٤

وَسۡـَٔلۡ مَنۡ أَرۡسَلۡنَا مِن قَبۡلِكَ مِن رُّسُلِنَآ أَجَعَلۡنَا مِن دُونِ ٱلرَّحۡمَٰنِ ءَالِهَةٗ يُعۡبَدُونَ ٤٥

39. നിങ്ങൾ അക്രമം പ്രവർത്തിച്ചിരിക്കെ നിങ്ങൾ ശിക്ഷയിൽ പങ്കാളികളാകുന്നു എന്ന വസ്തുത ഇന്ന് നിങ്ങൾക്ക് ഒട്ടും പ്രയോജനപ്പെടുകയില്ല.
40. എന്നാൽ (നബിയേ,) നിനക്ക് ബധിരന്മാരെ കേൾപിക്കാനും, അന്ധന്മാരെയും വ്യക്തമായ ദുർമാർഗത്തിലായവരെയും വഴികാണിക്കാനും കഴിയുമോ?
41. ഇനി നിന്നെ നാം കൊണ്ടുപോകുന്ന പക്ഷം അവരുടെ നേരെ നാം ശിക്ഷാനടപടി എടുക്കുക തന്നെ ചെയ്യുന്നതാണ്.
42. അഥവാ നാം അവർക്ക് താക്കീത് നൽകിയത് (ശിക്ഷ) നിനക്ക് നാം കാട്ടിത്തരികയാണെങ്കിലോ, നാം അവരുടെ കാര്യത്തിൽ കഴിവുള്ളവൻ തന്നെയാകുന്നു.
43. ആകയാൽ നിനക്ക് ബോധനം നൽകപ്പെട്ടത് നീ മുറുകെപിടിക്കുക. തീർച്ചയായും നീ നേരായ പാതയിലാകുന്നു.
44. തീർച്ചയായും അത് നിനക്കും നിന്റെ ജനതയ്ക്കും ഒരു ഉൽബോധനം തന്നെയാകുന്നു. വഴിയെ നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.
45. നിനക്ക് മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ചുനോക്കുക; പരമകാരുണികന് പുറമെ ആരാധിക്കപ്പെടേണ്ട വല്ല ദൈവങ്ങളേയും നാം നിശ്ചയിച്ചിട്ടുണ്ടോ എന്ന്.

33-35). ഇഹലോകം അല്ലാഹുവിന്റെ അടുക്കൽ ഒന്നുമല്ലെന്ന് അറിയിക്കുന്നു അല്ലാഹു. തന്റെ ദാസന്മാരോട് അവന് കരുണയില്ലായിരുന്നുവെങ്കിൽ അവർക്കൊന്നും നൽകുമായിരുന്നില്ല. സത്യനിഷേധികൾക്കാകട്ടെ അവൻ ഇഹലോകത്തെ വളരെയധികം വിശാലമാക്കി നൽകുകയും ചെയ്യുമായിരുന്നു. അവൻ ഉണ്ടാക്കിക്കൊടുക്കുമായിരുന്നു; (അവരുടെ വീടുകൾക്ക് വെള്ളികൊണ്ടുള്ള മേൽപുരകളും അവർക്ക് കയറിപ്പോകാൻ (വെള്ളികൊണ്ടുള്ള) കോണികളും) അതായത് വെള്ളിസ്റ്റെപ്പുകൾ. (അവർക്ക് കയറിപ്പോകാൻ) മുകളിലേക്ക്. (അവരുടെ വീടുകൾക്ക് (വെള്ളി) വാതിലുകളും അവർക്ക് ചാരിയിരിക്കാൻ (വെള്ളി കട്ടിലുകളും) വെള്ളി കൊണ്ടുള്ള അലങ്കാരങ്ങളും അവർക്ക് എർപ്പെടുത്തുമായിരുന്നു. ഭൗതിക ജീവിതത്തിലെ വ്യത്യസ്തമായ അലങ്കാരങ്ങളും അവർ ആഗ്രഹിക്കുന്നത് നൽകുകയും ചെയ്യുമായിരുന്നു. പക്ഷേ, തന്റെ ദാസന്മാരോടുള്ള കരുണ കൊണ്ടാണിങ്ങനെ ചെയ്യാതിരിക്കുന്നത്. ഇഹലോകത്തോടുള്ള സ്നേഹം കാരണം പാപങ്ങൾ അധികരിപ്പിക്കുകയും അവിശ്വാസത്തിൽ ഏർപ്പെടുകയും ചെയ്യുമോ എന്ന ഭയത്താൽ. തന്റെ ദാസന്മാരുടെ നന്മക്കുവേണ്ടി പൊതുവായിട്ടോ അല്ലാതെയോ ചില ഭൗതിക കാ

ര്യങ്ങൾ അല്ലാഹു തടസ്സപ്പെടുത്തിയേക്കാം എന്നും ഇതിൽനിന്ന് മനസ്സിലാക്കാം. ഒരു കൊതുകിന്റെ ചിറകിന്റെ വിലപോലും അല്ലാഹുവിന്റെ അടുക്കൽ ഇഹലോകത്തിനില്ല. ഇവിടെ പരാമർശിക്കപ്പെട്ട ഭൗതിക വിഭവങ്ങളെല്ലാം നശ്വരമാണ്. അല്ലാഹുവിന്റെ കൽപനാവിരോധങ്ങൾ പാലിക്കുന്ന സൂക്ഷ്മാലുക്കൾക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കലുള്ള പരലോക വിഭവമാണ് ഏറ്റവും ഉത്തമമായത്. എല്ലാ നിലക്കും അവിടത്തെ സുഖം പൂർണതയുള്ളതാണ്. സ്വർഗത്തിൽ മനസ്സുകൾ ഗ്രഹിക്കുന്നതും കണ്ണുകൾക്ക് ആനന്ദം നൽകുന്നതുമാണുള്ളത്. അവരതിൽ നിത്യവാസികളായിരിക്കും. രണ്ടുലോകവും തമ്മിലുള്ള അന്തരം എത്ര വലുതാണ്!

36). തന്റെ ഉദ്ബോധനങ്ങളെ അവഗണിക്കുന്നവർക്കുള്ള കഠിനമായ ശിക്ഷയെക്കുറിച്ചാണ് അല്ലാഹു ഇവിടെ പരാമർശിക്കുന്നത്. അല്ലാഹു പറയുന്നു: (ആരെങ്കിലും അന്ധത നടിക്കുന്നപക്ഷം) തടയുകയും തിരിഞ്ഞുകളയുകയും ചെയ്യുന്നപക്ഷം. (പരമകാരുണികന്റെ ഉദ്ബോധനത്തിന്റെ നേർക്ക്) മഹത്തായ ക്വുർആനാണ് ആ ഉദ്ബോധനം. പരമകാരുണ്യവാൻ തന്റെ ദാസന്മാരോട് ചെയ്ത ഏറ്റവും വലിയ കാരുണ്യമാണത്. അതിനെ സ്വീകരിക്കുന്നവൻ ഏറ്റവും ഉത്തമമായ സമ്മാനം സ്വീകരിച്ചവനാണ്; ഉന്നതമായ ആഗ്രഹങ്ങൾ സഫലീകരിച്ചവനും. എന്നാൽ അതിനെ നിരാകരിച്ചവനും അവഗണിച്ചവനും ഒരിക്കലും സൗഭാഗ്യം തിരിച്ചുകിട്ടാത്ത നഷ്ടവും പരാജയവും സംഭവിച്ചവനാണ്. പരമകാരുണ്യവാൻ അവന് ഒരു പിശാചിനെ ഏർപ്പെടുത്തിക്കൊടുക്കും. ആ പിശാചാകട്ടെ, സദാസമയവും അവനോടൊപ്പം നിന്ന് അവനെ ഭീഷണിപ്പെടുത്തിയും കൊതിപ്പിച്ചും തെറ്റിലേക്ക് ശക്തമായി തള്ളിവിട്ടുകൊണ്ടിരിക്കും.

37). (തീർച്ചയായും അവർ അവനെ നേർമാർഗത്തിൽനിന്നും തടയും) അതായത് ശരിയായ മതത്തിൽനിന്നും നേർമാർഗത്തിൽനിന്നും. (തങ്ങൾ സന്മാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യും) പിശാച് അവർക്ക് അസത്യത്തെ അലങ്കാരമായി കാണിക്കുകയും നല്ലതാണെന്ന് തോന്നിപ്പിക്കുകയും ചെയ്തതിനാലും സത്യത്തെ അവർ അവഗണിച്ചതുകൊണ്ടുമാണത്. ഇങ്ങനെ ഇവയെല്ലാം അവരിൽ ഒരുമിച്ചുചേർന്നു. സന്മാർഗിയാണെന്ന് വിചാരിച്ചാണ് ഇതെല്ലാം ചെയ്തത് എന്നത് അവർക്ക് രക്ഷപ്പെടാനുള്ള ഒരു കാരണമാകുമോ എന്ന് ചോദിച്ചാൽ അതിന്റെ മറുപടി എന്തായിരിക്കും? അല്ലെന്നാണ് മറുപടി. അവർ അറിവില്ലാത്തവരായത് സന്മാർഗം സ്വീകരിക്കാൻ അവസരമുണ്ടായിട്ടും അല്ലാഹുവിന്റെ ഉദ്ബോധനങ്ങളെ അവഗണിച്ചതുകൊണ്ടാണ്. അങ്ങനെ സാധിച്ചിട്ടും സന്മാർഗത്തിൽ നിന്നവർ അകന്നുനിന്നു. അസത്യത്തിൽ തൽപരരായി. അതിനാൽ കുറ്റം അവരുടേതുതന്നെ.

38). തന്റെ കൂട്ടുകാരനായ പിശാചിനോട് ചേർന്ന് അല്ലാഹുവിന്റെ ഉദ്ബോധനങ്ങളെ അവഗണിക്കുന്നവന്റെ അവസ്ഥ ഇഹലോകത്ത് ഇതാണ്. വഴികേടും യാഥാർഥ്യങ്ങളെ മനസ്സിലാക്കാൻ കഴിയാതിരിക്കലുമൊക്കെയാണ്. പരലോകത്ത് തന്റെ രക്ഷിതാവിങ്കൽ ചെല്ലുമ്പോഴാകട്ടെ, അങ്ങേയറ്റം ദാരുണമാണ് അവന്റെ കാര്യം. അഗാധമായ ഖേദവും ദുഃഖവും തന്റെ കൂട്ടുകാരനായ പിശാചിനെ തള്ളിപ്പറയലും. അതൊന്നും അന്നത്തെ വിപത്തുകൾക്ക് പരിഹാരമല്ല. അതാണ് അല്ലാഹു പറഞ്ഞത്: (അങ്ങനെ നമ്മുടെയടുത്ത് വന്നെത്തുമ്പോൾ അവൻ പറയും, എനിക്കും നിനക്കുമിടയിൽ ഉദയാസ്തമയസ്ഥാനങ്ങൾ തമ്മിലുള്ള അകലം ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ). മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

وَيَوْمَ يَعَضُّ ٱلظَّالِمُ عَلَىٰ يَدَيْهِ يَقُولُ يَٰلَيْتَنِي ٱتَّخَذْتُ مَعَ ٱلرَّسُولِ سَبِيلًا ﴿٢٧﴾ يَٰوَيْلَتَىٰ لَيْتَنِي لَمْ أَتَّخِذْ فُلَانًا خَلِيلًا ﴿٢٨﴾ لَّقَدْ أَضَلَّنِي عَنِ ٱلذِّكْرِ بَعْدَ إِذْ جَآءَنِي ۗ وَكَانَ ٱلشَّيْطَٰنُ لِلْإِنسَٰنِ خَذُولًا ﴿٢٩﴾

"അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ. എന്റെ കഷ്ടമേ, ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ. എനിക്ക് ബോധനം വന്നുകിട്ടിയതിനുശേഷം അതിൽ നിന്നവൻ എന്നെ തെറ്റിച്ചുകളഞ്ഞല്ലോ എന്നിങ്ങനെ അവൻ പറയും. പിശാച് മനുഷ്യനെ കൈവിട്ട് കളയുന്നവനാകുന്നു" (25:27-29).

39). അല്ലാഹു പറയുന്നു: (നിങ്ങൾ അക്രമം പ്രവർത്തിച്ചിരിക്കെ നിങ്ങൾ ശിക്ഷയിൽ പങ്കാളികളാകുന്നു എന്ന വസ്തുത ഇന്ന് നിങ്ങൾക്ക് ഒട്ടും പ്രയോജനം ചെയ്യില്ല) നിങ്ങളും നിങ്ങളുടെ കൂട്ടുകാരും ഉറ്റവരും നരകശിക്ഷയിൽ ഒരുമിച്ചാണെന്നത് ഉയിർത്തെഴുന്നേൽപ് നാളിൽ നിങ്ങൾക്കൊരു പ്രയോജനവും ചെയ്യില്ല. അക്രമത്തിൽ നിങ്ങൾ ഒന്നിച്ചായിരുന്നതിനാൽ ശിക്ഷയിലും നിങ്ങൾ ഒന്നിച്ചായി. വിപത്തുക്കളിലെ സമാശ്വസിപ്പിക്കൽ അവർക്ക് പ്രയോജനകരമല്ല. ഇഹലോകത്തെ ദുരന്തങ്ങളിൽ ഒന്നിച്ച് ശിക്ഷ അനുഭവിക്കുമ്പോൾ ശിക്ഷ ലഘുവായി അനുഭവപ്പെടാം, പരസ്പരമുള്ള ആശ്വസിപ്പിക്കൽ മൂലം. എന്നാൽ പരലോക വിപത്തിൽ ചെറിയൊരാശ്വാസത്തിനുപോലും വകയില്ല. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക്

നീ സൗഖ്യം നൽകേണമേ. നിന്റെ കാരുണ്യത്താൽ നീ ആശ്വാസം നൽകേണമേ.

40). പ്രവാചകന്റെ പ്രബോധനം സ്വീകരി ക്കാത്ത നിഷേധികളുടെ കാര്യത്തിൽ അദ്ദേഹത്തെ ആശ്വാസി പ്പിച്ചുകൊണ്ടാണ് ഈ വചനത്തിൽ അല്ലാഹു പറയു ന്നത്; അവരെ സന്മാർഗത്തിലെത്തിക്കാൻ വഴിയില്ല: (എന്നാൽ നിനക്ക് ബധിരന്മാരെ കേൾപ്പിക്കാനാകു മോ?) കേൾക്കാത്തവരായ. (അന്ധന്മാരെ വഴി കാ ണിക്കാനും) കാണാത്തവരായ; അതല്ലെങ്കിൽ നീ വഴികാണിക്കുമോ? (വ്യക്തമായ ദുർമാർഗത്തിലായ വരെ) അവൻ ദുർമാർഗത്തെ ഇഷ്ടപ്പെടുന്നവനും വഴി കേട് വ്യക്തമായി മനസ്സിലാക്കിയവനുമായിരിക്കെ, യഥാർഥത്തിൽ അവൻ ശബ്ദമൊന്നും കേൾക്കാത്ത, ബധിരനെപ്പോലെയല്ല. കാഴ്ചയില്ലാത്ത അന്ധനെപ്പോ ലെയുമാണ്; സന്മാർഗം സ്വീകരിക്കാതെ വ്യക്തമായ വഴികേടിൽ പെട്ടുപോയവൻ. അല്ലാഹുവിന്റ സ്മരണ വിട്ടതിനാൽ അവരുടെ ബുദ്ധിയും യുക്തിയുമെല്ലാം പാടെ മാറിയിരിക്കുന്നു. സന്മാർഗത്തിലെത്തുന്നതി നെ തടയാവുന്ന ധാരാളം ദുർഗുണങ്ങളും തെറ്റായ വിശ്വാസങ്ങളും അവർ പുതുതായി പടച്ചുണ്ടാക്കി. അങ്ങനെ വിനാശം അവരിൽ അനിവാര്യമായി.

41). ഈ വിഭാഗത്തിന് ഇരുലോകത്തും ശിക്ഷയ ല്ലാതെ മറ്റൊന്നും ശേഷിക്കുന്നില്ല. അതാണ് അല്ലാ ഹു പറഞ്ഞത്: (ഇനി നിന്നെ നാം കൊണ്ടുപോകു ന്നപക്ഷം അവരുടെ നേരെ നാം ശിക്ഷാനടപടി എടുക്കുകതന്നെ ചെയ്യുന്നതാണ്.) നാം അവർക്ക് വാഗ്ദാനം ചെയ്ത ശിക്ഷ നിനക്ക് കാണിച്ചുതരുന്നതി ന് മുമ്പ് നാം നിന്നെ കൊണ്ടുപോകുകയാണെങ്കിൽ നമ്മിൽനിന്നുള്ള സത്യസന്ധമായ വിവരമായി നീ അറിയുക. നാം അവരെ ശിക്ഷിക്കുകതന്നെ ചെയ്യും.

42). (അഥവാ നാം അവർക്ക് താക്കീത് നൽകി യത് നിനക്ക് നാം കാട്ടിത്തരികയാണെങ്കിലോ) ശി ക്ഷക്ക്. (നാം അവരുടെ കാര്യത്തിൽ കഴിവുള്ളവൻ തന്നെയാകുന്നു) ശിക്ഷ നൽകുന്നതും താമസിപ്പി ക്കുന്നതുമെല്ലാം ചില യുക്തികൾക്കനുസരിച്ച് മാ ത്രമാണ്. ഇതാണ് താങ്കളുടെയും സത്യനിഷേധിക ളുടെയും അവസ്ഥ.

43). എന്നാൽ താങ്കൾ ചെയ്യേണ്ടത്: (നിനക്ക് ബോധനം നൽകപ്പെട്ടത് നീ മുറുകെപ്പിടിക്കുക) പ്ര യോഗവത്കരിച്ചും നിർദിഷ്ട ഗുണങ്ങൾ ഉൾക്കൊണ്ടും പ്രബോധനം ചെയ്തും; സ്വന്തത്തിലും മറ്റുള്ളവരിലും അത് നടപ്പിലാ ക്കാൻ ആഗ്രഹിച്ചും. (തീർച്ചയായും നീ നേരായ പാതയിലാകുന്നു) അല്ലാഹുവിലേക്കും അവന്റെ ആദരണീയ ഭവനത്തിലേക്കും എത്തിക്കു ന്ന പാതയിൽ, അത് താങ്കളെ കൂടുതൽ സന്മാർഗി യാവാനും അതിനെ മുറുകെപ്പിടിക്കാനും നിർബ ന്ധിപ്പിക്കുന്നു. താങ്കളല്ലാത്തവരുടെ അടിസ്ഥാനം സംശയങ്ങളും ഊഹാപോഹങ്ങളും അക്രമവും അനീതിയുമാവുമ്പോൾ സത്യസന്ധതയും നീതിയു മാണ് ഈ സത്യം നിർമിക്കപ്പെട്ടതിന്റെ അടിത്തറ.

44). (തീർച്ചയായും അത്) അതായത് ഈ പരി ശുദ്ധ ക്വുർആൻ. (നിനക്കും നിന്റെ ജനതയ്ക്കും ഒരു ഉദ്ബോധനം തന്നെയാകുന്നു) നിങ്ങൾക്ക് അഭിമാ നവും പരിശുദ്ധവും ഒരാൾക്കും നിർണയിക്കാനോ നിർവഹിക്കാനോ പറ്റാത്ത അനുഗ്രഹവുമാണ്. ഇഹ പര നന്മകൾ അത് നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. അതിന് പ്രേരണ നൽകുകയും ചെയ്യുന്നു. രോഗക രമായതിനെ താക്കീതു ചെയ്യുകയും അതിനെക്കു റിച്ച് നിങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. (വഴിയെ നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതുമാണ്) അതിനെക്കുറിച്ച്; അത് നിങ്ങൾ നിർവഹിക്കുകയും ഉയർച്ച പ്രാപിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തോ എന്ന്. നിർവഹിച്ചിട്ടില്ലെങ്കിൽ അത് നി ങ്ങൾക്കെതിരെ തെളിവും നിങ്ങളുടെ നന്ദികേടുമാണ്.

45). (നിനക്ക് മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ചു നോക്കുക; പരമകാരുണി കന് പുറമെ ആരാധിക്കപ്പെടേണ്ട വല്ല ദൈവങ്ങളെ യും നാം നിശ്ചയിച്ചിട്ടുണ്ടോ എന്ന്) പ്രവാചകന്മാരിൽ ഒരാളെയെങ്കിലും അവർ പിൻപറ്റുന്നുണ്ടന്ന് തെളിവ് പറയാൻ മുശ്രിക്കുകൾക്കുണ്ടോ? നീ ആ പ്രവാചക ന്മാരോട് ചോദിക്കുകയും വിവരമാരായുകയും ചെ യ്താൽ, അല്ലാഹുവിനോടൊപ്പം മറ്റൊരാരാധ്യനെ സ്വീകരിക്കാൻ നിർദേശിച്ചതായി. ഒരു ദൂതനനെയോ മുഴുവൻ പ്രവാചകന്മാരെയോ എടുത്താലും അവ രെല്ലാം ഉപദേശിച്ചത് അല്ലാഹുവിനെ മാത്രം ആരാ ധിക്കാനും അവനിൽ പങ്കുചേർക്കരുതെന്നുമാണെ ന്ന് കാണാനാവും. അല്ലാഹു പറയുന്നു:

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ
اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ ۖ فَمِنْهُم

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം" (16:36).

എല്ലാ പ്രവാചകന്മാരും തങ്ങളുടെ ജനതയോ ട് പറഞ്ഞത്:

اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ

"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; അവന ല്ലാതെ മറ്റാരാരാധ്യനും നിങ്ങൾക്കില്ല."

ഇതിൽനിന്ന് മനസ്സിലാകുന്നത് ശിർക്കിനെ സ്ഥാ പിക്കുവാൻ മുശ്രിക്കുകൾക്ക് യാതൊരവലംബമോ ബുദ്ധിപരമോ പ്രവാചകന്മാരിൽനിന്ന് ഉദ്ധരിക്കുന്ന തോ ആയ യാതൊരു തെളിവോ ഇല്ലെന്നാണ്.

ലേഖനം




# രോഗം: വിശ്വാസികൾ അറിയേണ്ടത്

ഹുസൈൻ സലഫി
: +971 50 634 6963

മനുഷ്യന് ബാധിക്കുന്ന എല്ലാവിധ രോഗങ്ങൾക്കും ചികിത്സിക്കുവാൻ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. രോഗം എത്ര ചെറുതാണെങ്കിലും അതിനു യോജിച്ച ചികിത്സാ രീതികൾ ഇന്ന് സാർവത്രികമാണ്. ചികിത്സയിൽ നിന്ന് ഒളിച്ചോടി, തന്റെ ശരീരത്തെ കൂടുതൽ ആപത്തിലേക്ക് തള്ളിവിടുവാൻ ഒരു സത്യവിശ്വാസിക്ക് പാടില്ല. ചികിത്സ വിശ്വാസിയുടെ തവക്കുലിന് (അല്ലാഹുവിൽ ഭരമേൽപിക്കുന്നതിന്) ഒരിക്കലും എതിരാകുന്നില്ല എന്ന് നാം മനസ്സിലാക്കണം. അല്ലാഹു നമ്മോട് ചെയ്യാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വളരെ കൃത്യമായി നിർവഹിച്ചതിന് ശേഷമാണ് അല്ലാഹുവിൽ ഭരമേൽപിക്കേണ്ടത്.

നബി(സ്വ) പറഞ്ഞു: “നിശ്ചയം, ചികിത്സ ഇറക്കിക്കൊണ്ടല്ലാതെ ഒരു രോഗവും അല്ലാഹു ഇറക്കിയിട്ടില്ല. അത് അറിയാത്തവർ അറിയാത്തവരും അത് അറിഞ്ഞവർ അറിഞ്ഞവരുമാകുന്നു.”

എല്ലാ രോഗങ്ങൾക്കും അല്ലാഹു മരുന്ന് നിശ്ചയിച്ചിട്ടുണ്ട്. അവ കണ്ടെത്തി ഉപയോഗിച്ചാൽ അല്ലാഹുവിന്റെ സഹായത്താൽ ശമനമുണ്ടാകും. മനുഷ്യർ മരുന്ന് കണ്ടെത്താത്ത രോഗങ്ങളെയാണ് പലപ്പോഴും മാറാരോഗങ്ങളെന്നും

ചികിത്സയില്ലാത്ത രോഗങ്ങളെന്നും വിശേഷിപ്പിക്കുന്നത്. ഇന്നത്തെ മാറാരോഗം കുറെ കാലം കഴിഞ്ഞ്മരുന്ന് കണ്ടെത്തുമ്പോൾ മാറുന്നരോഗമായി മാറും.

**ചികിത്സ രണ്ടുവിധം**

**ഒന്ന്: ഭൗതികമായ ചികിത്സ.**

**രണ്ട്: ആത്മീയമായ ചികിത്സ.**

*ഭൗതികമായ ചികിത്സ:* അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, യൂനാനി... ഇങ്ങനെ വിവിധങ്ങളായ ഭൗതിക ചികിത്സാ വിഭാഗങ്ങളുണ്ട്. ഓരോ വിഭാഗവും വ്യത്യസ്തമായ മരുന്നുകൾകൊണ്ടാണ് ചികിത്സ നടത്തുന്നത്. വ്യായാമ മുറകളും ചികിത്സയുടെ ഭാഗമാണ്.

പ്രവാചകൻ(സ്വ) ഒരു ചികിത്സകനായിരുന്നില്ല. അതേയവസരത്തിൽ അല്ലാഹുവിന്റെ പ്രത്യേകമായ വഹ്‌യ് മുഖേന ചികിത്സയുമായി ബന്ധപ്പെട്ട ഒരു പാട് കാര്യങ്ങൾ പറഞ്ഞുതന്നിട്ടുണ്ട്. പല മരുന്നുകളെക്കുറിച്ചും അവയുടെ ഉപയോഗത്തെക്കുറിച്ചും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ അവിടുന്ന് പ്രത്യേകത പറഞ്ഞിട്ടുള്ള രണ്ട് വസ്തുക്കളാണ് കരിഞ്ചീരകവും തേനും.

“തീർച്ചയായും ഈ കരിഞ്ചീരകം മരണമൊഴികെ എല്ലാത്തിനും മരുന്നാകുന്നു'' (ബുഖാരി, മുസ്‌ലിം). കരിഞ്ചീരകത്തിന്റെ ഔഷധഗുണം ഈ ഹദീസ് വ്യക്തമാക്കിത്തരുന്നു.

തേനിനെക്കുറിച്ച ക്വുർആനിന്റെ പരാമർശം ഇപ്രകാരമാണ്: “അതിൽ ജനങ്ങൾക്ക് ശമനമുണ്ട്” (സൂറതുന്നഹ്ൽ: 69).

വയറിന് അസുഖം ബാധിച്ച ഒരു സ്വഹാബിയോട് വേദന മാറുവാൻ തേൻ കുടിക്കുവാനാണ് റസൂൽ(സ്വ) കൽപിച്ചത്. തേൻകുടിച്ചപ്പോൾ അദ്ദേഹത്തിന്റെ രോഗം മാറിയില്ല. ആ സ്വഹാബി വീണ്ടും നബി(സ്വ)യുടെ അടുക്കൽ ചെന്ന് പറഞ്ഞു: “പ്രവാചകരേ, തേൻ കുടിച്ചു. രോഗത്തിന് മാറ്റമൊന്നുമില്ല.” അപ്പോൾ റസൂൽ(സ്വ) പറഞ്ഞു: “ഇനിയും തേൻ കുടിക്കൂ.” അങ്ങനെ രണ്ടോ മൂന്നോ തവണ തേൻ കുടിക്കുവാൻ നിർദേശിച്ചു. അത് എത്തേണ്ട അളവിൽ വയറ്റിൽ എത്തിയപ്പോൾ ശമനമുണ്ടായി.

നബി(സ്വ) പറഞ്ഞു:''എല്ലാ രോഗത്തിനും മരുന്നുണ്ട്. ആ നിശ്ചയിക്കപ്പെട്ട മരുന്ന് രോഗിക്ക് ശരിയായ നിലക്ക് കിട്ടിക്കഴിഞ്ഞാൽ അല്ലാഹുവിന്റെ അനുമതി പ്രകാരം ശമനമാകും.''

സ്വഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലും മറ്റു ഹദീസ് ഗ്രന്ഥങ്ങളിലും ‘കിതാബുത്ത്വിബ്ബ്’ അഥവാ ‘ചികിത്സയുടെ അധ്യായം’ എന്ന പേരിൽ അധ്യായംതന്നെ കാണാം. അതിൽ ധാരാളം ഹദീസുകളിൽ റസൂൽ(സ്വ) ചികിത്സയുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യങ്ങൾ കാണാവുന്നതാണ്.

രോഗം വന്നാൽ ചികിത്സിക്കാത്ത ചില മതവിശ്വാസികളും ലോകത്തുണ്ട്. ‘ദൈവം തന്നത് ദൈവം തന്നെ മാറ്റട്ടെ’ എന്നാണ് അവരുടെ ‘ന്യായം!’ സ്വൂഫികളും ത്വരീകത്ത് പ്രസ്ഥാനക്കാരും ഇതേകാര്യം ജനങ്ങളെ പറഞ്ഞ് പഠിപ്പിക്കുന്നുണ്ട്. വാസ്തവത്തിൽ, അല്ലാഹു ഒരു കാര്യം നേടുവാൻ വേണ്ടി നിശ്ചയിച്ച് തന്നിട്ടുള്ള മാർഗങ്ങളെ സമീപിക്കുക എന്നത് തവക്കുലിന് എതിരല്ല.

ചികിത്സിക്കുമ്പോൾ ഹറാമുകൊണ്ട് ചികിത്സിക്കാൻ പാടില്ല. ഇസ്‌ലാമിന്റെ പൊതുതത്ത്വമാണിത്. നബി(സ്വ) പറഞ്ഞു: “നിശ്ചയമായും അല്ലാഹു പറഞ്ഞു: മരുന്നും രോഗവും അല്ലാഹു ഇറക്കിയിട്ടുണ്ട്. എല്ലാ രോഗത്തിനും അല്ലാഹു മരുന്നും നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ ചികിത്സിക്കുവിൻ. നിങ്ങൾ നിഷിദ്ധം കൊണ്ട്ചികിത്സിക്കുകയുമരുത്.”

‘ചില രോഗങ്ങൾക്ക് മരുന്നായി ഞങ്ങൾ മദ്യപിക്കാറുണ്ട് പ്രവാചകരേ. അതിനാൽ മദ്യപിക്കാൻ ഞങ്ങൾക്ക് താങ്കൾ അനുവാദം തരണം’ എന്ന് പറഞ്ഞ ഒരാളോട് നബി(സ്വ) പറഞ്ഞത് ഇപ്രകാരമാണ്: ‘അല്ലാഹു, നിഷിദ്ധമാക്കപ്പെട്ട വസ്തുക്കളിൽ നിങ്ങൾക്ക് ശിഫ (ശമനം) നിശ്ചയിച്ചിട്ടില്ല.’

‘നിഷിദ്ധമായവയുടെ കൂട്ടത്തിൽ രക്തം കുടിച്ചുകൊണ്ടുള്ള ചികിത്സയും മൂത്രപാനത്തിലൂടെയുള്ള ചികിത്സയും ഉൾപ്പെടുന്നു.

**ചികിത്സയിൽ നിന്ന് ഒളിച്ചോടി, തന്റെ ശരീരത്തെ കൂടുതൽ ആപത്തിലേക്ക് തള്ളിവിടുവാൻ ഒരു സത്യവിശ്വാസിക്ക് പാടില്ല. ചികിത്സ വിശ്വാസിയുടെ തവക്കുലിന് (അല്ലാഹുവിൽ ഭരമേൽപിക്കുന്നതിന്) ഒരിക്കലും എതിരാകുന്നില്ല എന്ന് നാം മനസ്സിലാക്കണം. അല്ലാഹു നമ്മോട് ചെയ്യാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വളരെ കൃത്യമായി നിർവഹിച്ചതിന് ശേഷമാണ് അല്ലാഹുവിൽ ഭരമേൽപിക്കേണ്ടത്. രോഗം വന്നാൽ ചികിത്സിക്കാത്ത ചില മതവിശ്വാസികളും ലോകത്തുണ്ട്. ‘ദൈവം തന്നത് ദൈവം തന്നെ മാറ്റട്ടെ’ എന്നാണ് അവരുടെ ‘ന്യായം!’ സ്വൂഫികളും ത്വരീക്വത്ത് പ്രസ്ഥാനക്കാരും ഇതേകാര്യം ജനങ്ങളെ പറഞ്ഞ് പഠിപ്പിക്കുന്നുണ്ട്. വാസ്തവത്തിൽ, അല്ലാഹു ഒരു കാര്യം നേടുവാൻ വേണ്ടി നിശ്ചയിച്ച് തന്നിട്ടുള്ള മാർഗങ്ങളെ സമീപിക്കുക എന്നത് തവക്കുലിന് എതിരല്ല. ചികിത്സിക്കുമ്പോൾ ഹറാമുകൊണ്ട് ചികിത്സിക്കാൻ പാടില്ല. ഇസ്‌ലാമിന്റെ പൊതുതത്ത്വമാണിത്. നബി(സ്വ) പറഞ്ഞു: “നിശ്ചയമായും അല്ലാഹു പറഞ്ഞു: മരുന്നും രോഗവും അല്ലാഹു ഇറക്കിയിട്ടുണ്ട്. എല്ലാ രോഗത്തിനും അല്ലാഹു മരുന്നും നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ ചികിത്സിക്കുവിൻ. നിങ്ങൾ നിഷിദ്ധം കൊണ്ട്ചികിത്സിക്കുകയുമരുത്.''**

**ഇന്ന് പ്രചാരത്തിലുള്ള ഒരു ചികിത്സയാണ് മ്യൂസിക് തെറാപ്പി അഥവാ സംഗീതം കൊണ്ടുള്ള ചികിത്സ. നല്ല തട്ടുതകർപ്പൻ സംഗീതം കേൾപിച്ചു കൊടുത്താൽ അസുഖം മാറുമെങ്കിൽ ക്യാൻസർ ഹോസ്പിറ്റലുകളിലും കുഷ്ഠരോഗ ചികിത്സാലയങ്ങളിലുമൊക്കെ അത് പരീക്ഷിക്കാമല്ലോ. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം സംഗീതോപകരണങ്ങളുപയോഗിച്ചുകൊണ്ടുള്ള ശബ്ദങ്ങൾ നിഷിദ്ധമാണ്. ശമനമുണ്ടെന്ന് ആരെങ്കിലും പറയുന്നതിനാൽ അത് അനുവദനീയമായി മാറില്ല.**
**മൂത്രം നജസാണെന്നും അതുമുഖേന ചികിത്സിച്ചുകൂടാ എന്നും നാം മനസ്സിലാക്കുകയുണ്ടായി. എന്നാൽ പണ്ഡിതലോകത്ത് ഈ വിഷയത്തിൽ അഭിപ്രായ വ്യത്യാസമുള്ള ഒരു കാര്യമുണ്ട്. മനുഷ്യന്റെ മൂത്രത്തിന്റെ വിഷയത്തിലല്ല അഭിപ്രായ വ്യത്യാസം. ഭക്ഷ്യയോഗ്യമായ കാലികളുടെ (ആട്, മാട്, ഒട്ടകങ്ങൾ) മൂത്രം നജസാണോ അല്ലേ എന്ന വിഷയത്തിലാണ് പണ്ഡിതലോകത്ത് ചില വീക്ഷണ വ്യത്യാസങ്ങളുള്ളത്.**

രോഗി തന്റെ മൂത്രം സ്വയം കുടിച്ചുകൊണ്ടുള്ള ചികിത്സാരീതിക്ക് ഇന്ന് ഇന്ത്യയിൽ പ്രചാരം സിദ്ധിച്ചു വരികയാണ്. കൂടുതൽ ആളുകൾ ഒരു ചികിത്സാരീതി അവലംബിക്കുന്നു എന്ന ഒറ്റക്കാരണത്താൽ അത് അനുവദനീയമാവുകയില്ല. നിഷിദ്ധമായ വസ്തുക്കൾ കൊണ്ട് ചികിത്സിക്കുന്നത് അല്ലാഹു വിരോധിച്ചിരിക്കുന്നുവെന്ന് പ്രവാചകൻ(സ്വ) അസന്ദിഗ്ധമായി പ്രസ്താവിച്ചത് നാം മുകളിൽ കണ്ടുകഴിഞ്ഞല്ലോ.

അതുപോലെ ഇന്ന് പ്രചാരത്തിലുള്ള ഒരു ചികിത്സയാണ് മ്യൂസിക് തെറാപ്പി അഥവാ സംഗീതം കൊണ്ടുള്ള ചികിത്സ. നല്ല തട്ടുതകർപ്പൻ സംഗീതം കേൾപിച്ചുകൊടുത്താൽ അസുഖം മാറുമെങ്കിൽ ക്യാൻസർ ഹോസ്പിറ്റലുകളിലും കുഷ്ഠരോഗ ചികിത്സാലയങ്ങളിലുമൊക്കെ അത് പരീക്ഷിക്കാമല്ലോ. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം സംഗീതോപകരണങ്ങളുപയോഗിച്ചുകൊണ്ടുള്ള ശബ്ദങ്ങൾ നിഷിദ്ധമാണ്. ശമനമുണ്ടെന്ന് ആരെങ്കിലും പറയുന്നതിനാൽ അത് അനുവദനീയമായി മാറില്ല.

മൂത്രം നജസാണെന്നും അതുമുഖേന ചികിത്സിച്ചുകൂടാ എന്നും നാം മനസ്സിലാക്കുകയുണ്ടായി. എന്നാൽ പണ്ഡിതലോകത്ത് ഈ വിഷയത്തിൽ അഭിപ്രായ വ്യത്യാസമുള്ള ഒരു കാര്യമുണ്ട്. മനുഷ്യന്റെ മൂത്രത്തിന്റെ വിഷയത്തിലല്ല അഭിപ്രായ വ്യത്യാസം. ഭക്ഷ്യയോഗ്യമായ കാലികളുടെ (ആട്, മാട്, ഒട്ടകങ്ങൾ) മൂത്രം നജസാണോ അല്ലേ എന്ന വിഷയത്തിലാണ് പണ്ഡിതലോകത്ത് ചില വീക്ഷണ വ്യത്യാസങ്ങളുള്ളത്. ആ കൂട്ടത്തിൽ ഏറ്റവും പ്രബലമായി വന്നിട്ടുള്ള ഒരു ഹദീസ് നമുക്ക് സ്വഹീഹുൽ ബുഖാരിയിൽ തന്നെ കാണാൻ സാധിക്കും.

റസൂലിന്റെ കാലത്ത് ചിലയാളുകൾക്ക് മദീനയിൽ വന്നപ്പോൾ കാലാവസ്ഥയുടെയും മറ്റും കാരണത്താൽ ചില രോഗങ്ങൾ ഉണ്ടായി എന്നും അന്നേരം റസൂൽ(സ്വ) അവരോട് ഒട്ടകത്തിന്റെ പാലും മൂത്രവും കുടിക്കാൻ വേണ്ടി പറഞ്ഞു എന്നുമാണ് ഹദീസിലുള്ളത്. വിദൂര ദേശത്തുനിന്ന് മദീനയിലേക്ക് എത്തിയ ഉകൈ്വൽ, ഉറൈന ഗോത്രക്കാരായിരുന്നു അവർ.

ഒട്ടകം ഭക്ഷ്യയോഗ്യമായ കാലിവർഗത്തിൽ പെട്ടതാണ്. അതിന്റെ പാലും മൂത്രവും ഉപയോഗിക്കുവാനാണ് പറഞ്ഞത്. ഇതിന്റെ അടിസ്ഥാനത്തിൽ നാം അറുത്ത് ഭക്ഷിക്കുന്ന ആടിന്റെയും മാടിന്റെയും മൂത്രവും നജസല്ല. അത് ചികിത്സക്ക് ഉപയോഗിക്കാം എന്ന് അഭിപ്രായപ്പെട്ട പന്ധിതൻമാരുണ്ട്. അതേയവസരത്തിൽ നബി(സ്വ) ഒട്ടകത്തിന്റേത് മാത്രമാണ് പറഞ്ഞത് എന്ന നിലയ്ക്ക് ഒട്ടകമൂത്രം മാത്രമെ ചികിത്സയുടെ ആവശ്യാർഥം ഉപയോഗിക്കാവൂ എന്നാണ് മറ്റു ചില പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇവയെല്ലാം വളരെ വിശദമായി കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളാണ്. ചില സൂചനകൾ നൽകിയെന്ന് മാത്രം.

നിത്യജീവിതത്തിൽ പല രോ



ഗങ്ങളും നമ്മെ ബാധിക്കാറുണ്ട്. രോഗം വന്നാൽ നാം ചികിത്സിക്കാറുമുണ്ട്. ഒരു ഡോക്ടറെ കാണാൻ പോകുമ്പോൾ ഇസ്‌ലാമികമായ ചില മര്യാദകളുണ്ട്. അത് എല്ലാ രംഗത്തും മുസ്‌ലിംകൾ കാത്തുസൂക്ഷിക്കേണ്ട മര്യാദകൾ തന്നെയാണ്.

പുരുഷ ഡോക്ടറും രോഗിയായ സ്ത്രീയും; അല്ലെങ്കിൽ വനിതാ ഡോക്ടറും രോഗിയായ പുരുഷനും എന്നിങ്ങനെ പരിശോധനാ മുറിയിൽ ചികിത്സയുടെ പേരിൽ തനിച്ചാവാൻ പാടില്ല. ഇത് ഇസ്‌ലാമികമായ ഒരു പൊതു തത്ത്വമാണ്. അന്യസ്ത്രീയും പുരുഷനും ഒരിടത്ത് തനിച്ചാകുന്നതിനെ ഇസ്‌ലാം വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്.

സ്ത്രീയാണ് ചികിത്സ തേടുന്നതെങ്കിൽ മഹ്‌റമായിട്ട് ആരെങ്കിലും കൂടെ വേണം. മഹ്‌റം ഇല്ലെങ്കിൽ വേറെ ഏതെങ്കിലും സ്ത്രീ കൂടെ വേണം. അടച്ചിട്ട റൂമിലാണല്ലോ തനിച്ചാകുക എന്ന പ്രശ്നം വരുന്നത്. മൂന്നാമതായി ഒരാളുടെ സാന്നിധ്യം അവിടെ ഉണ്ടായിരിക്കുകയെങ്കിലും വേണം. അതുമല്ലെങ്കിൽ പുറത്ത് കാത്തിരിക്കുന്ന ആളുകൾക്ക് കാണാവുന്ന നിലക്ക് ഡോർ തുറന്നിട്ടുകൊണ്ടായിരിക്കണം പരിശോധന. ഇന്നത്തെ കാലത്ത് ഈ നിർദേശത്തിന്റെ ആവശ്യകത പ്രത്യേകം പറയേണ്ടതില്ലല്ലോ.

നബി(സ്വ) പറഞ്ഞു: "വിവാഹ ബന്ധം നിഷിദ്ധമായ ബന്ധുക്കൾ കൂടെയില്ലാതെ ഒരു പുരുഷനും ഒരു അന്യസ്ത്രീയും എവിടെയും തനിച്ചായി കാണാൻ പാടില്ല."

"ഒരിടത്തും നിങ്ങൾ അന്യസ്ത്രീകളുമായി തനിച്ചാകാൻ പാടില്ല. ഒരു പുരുഷനും ഒരു സ്ത്രീയും ഒറ്റക്കാകുന്നത് സൂക്ഷിക്കണേ. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ ആ റബ്ബിനെ തന്നെയാണ് സത്യം, ഒരു അന്യപുരുഷനും അന്യസ്ത്രീയും തനിച്ചായിക്കഴിഞ്ഞാൽ അവർക്കിടയിൽ പിശാച് പ്രവേശിക്കാതിരിക്കില്ല" (ത്വബ്റാനി).

രണ്ടാൾ തനിച്ചാകുമ്പോൾ മൂന്നാമനായി ശൈത്വാനുണ്ടാകും. അതുകൊണ്ട് കൂടെ ആരുമില്ലാതെ ഒറ്റക്കാവരുത്. ട്യൂഷൻ നൽകുന്ന അധ്യാപകനും വിദ്യാർഥിനിയും തനിച്ചാകുന്നതും ഹൗസ് ഡ്രൈവർ വീട്ടിലെ സ്ത്രീയുമായി വാഹനത്തിൽ തനിച്ചാകുന്നതുമെല്ലാം അപകടത്തിലേക്ക് നയിക്കാൻ സാധ്യതയുള്ളതാണ്.

*ആത്മീയ ചികിത്സ:* ഭൗതികമായ ചികിത്സക്ക് പുറമെ നമ്മുടെ നിത്യജീവിതത്തിൽ നാം പാലിക്കേണ്ട മറ്റൊരു ചികിത്സയാണ് ആത്മീയമായ ചികിത്സ. എന്താണ് ഈ ആത്മീയ ചികിത്സ? ഇന്ന് ഏറ്റവും കൂടുതൽ തട്ടിപ്പുകളും അനിസ്‌ലാമികതയും നിറഞ്ഞുനിൽക്കുന്ന രംഗമാണിത്.

പരിശുദ്ധ ക്വുർആനിലെ സൂക്തങ്ങൾ, പ്രാർഥനകൾ, അല്ലാഹുവിന്റെ നാമങ്ങൾ, പ്രവാചകൻ(സ്വ) പഠിപ്പിച്ചുതന്ന ദുആകൾ, ദിക്റുകൾ തുടങ്ങിയവ രോഗശമനത്തിനായുള്ള മന്ത്രങ്ങളായി ഇസ്‌ലാം നമുക്ക് അനുവദിച്ചുതന്നിരിക്കുന്നു. ഇതാണ് ആത്മീയ ചികിത്സ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലൂടെ രോഗശാന്തി ആഗ്രഹിക്കുകയും തേടുകയുമാണ് നാം ചെയ്യുന്നത്.

സൂറതുൽ ഫാതിഹ രോഗികൾക്ക് പ്രാർഥിക്കാവുന്ന ചെറിയ അധ്യായമാണ്. ആയതുൽ കുർസിയ്യ്, സൂറത്തുൽ ഇഖ്‌ലാസ് (ക്വുൽ ഹുവല്ലാഹു അഹദ്), മുഅവ്വിദതൈനി (ക്വുൽ അഊദി ബിറബ്ബിൽ ഫലക്, ക്വുൽ അഊദു ബിറബ്ബിന്നാസ്) എന്നീ സൂറതുകൾ മുഖേന മഹാനായ പ്രവാചകൻ(സ്വ) അവിടുന്ന് രോഗിയാകുമ്പോൾ മന്ത്രിക്കാറുണ്ടായിരുന്നുവെന്ന് അവിടുത്തെ പ്രിയപത്നി ആഇശ(റ) പ്രസ്താവിച്ചതായി കാണാം:

ആഇശ(റ) പറയുന്നു: 'അല്ലാഹുവിന്റെ റസൂൽ(സ്വ) രോഗിയായാൽ അഭയാർഥനാ സൂറതുകൾ (സൂറതുൽ ഫലക്വും സൂറതുന്നാസും) പാരായണം ചെയ്ത് ശരീരത്തിൽ ഊതുകയും കൈകൊണ്ട് തടവുകയും ചെയ്യാറുണ്ടായിരുന്നു. അദ്ദേഹത്തിന്ന് മരണ കാരണമായിത്തീർന്ന രോഗം പിടിപ്പെട്ടപ്പോൾ ഞാൻ അദ്ദേഹം ഓതി ഊതാറുള്ള അഭയാർഥനാ സൂറതുകൾ പാരായണം ചെയ്ത് അദ്ദേഹത്തിന്റെ ശരീരത്തിൽ ഊതാൻ തുടങ്ങി. പ്രവാചക കരംകൊണ്ട് തന്നെ അവിടുത്തെ ശരീരത്തിൽ ഞാൻ തടവുകയും ചെയ്തു' (ബുഖാരി, മുസ്‌ലിം).

ഈ രണ്ട് സൂറതുകൾ ഓതിക്കൊണ്ട് നബി(സ്വ) തന്റെ കൈകൊണ്ട് സ്വശരീരത്തിൽ തടവിയിരുന്നതായി ഇതിൽനിന്ന് മനസ്സിലാക്കാം. പക്ഷേ, നബി(സ്വ)ക്ക് വഫാത്തിന് കാരണമായിത്തീർന്ന രോഗം ബാധിച്ച സന്ദർഭത്തിൽ ഇങ്ങനെ ചെയ്യാൻ സാധിക്കാതെ വരികയും ഭാര്യ ആഇശ(റ) ഈ സൂറതുകൾ ഓതി ഊതിക്കൊണ്ട് പ്രവാചകന്റെ കരങ്ങൾ കൊണ്ടുതന്നെ അവിടുത്തെ ശരീരത്തിൽ തടവിയെന്നാണല്ലോ ഈ ഹദീസിൽ നിന്നും മനസ്സിലാകുന്നത്. ഏറ്റവും കൂടുതൽ ബറകതുള്ള, അഥവാ അനുഗ്രഹം പ്രതീക്ഷിക്കാവുന്ന കരങ്ങൾ പ്രവാചകന്റേതാണല്ലോ. അതുകൊണ്ടുതന്നെയാണ് മഹതി സ്വന്തം കൈകൾ കൊണ്ട് പ്രവാചകന്റെ ശരീരത്തിൽ തടവാതിരുന്നതും പ്രവാചകന്റെ കരങ്ങൾ കൊണ്ടുതന്നെ തടവിയതും.

പ്രവാചക മാതൃകയുള്ളതിനാൽ നമുക്കും ഇത് നിർവഹിക്കാവുന്നതാണ്. രോഗം വന്നുകഴിഞ്ഞാൽ സ്വയം തന്നെ ചെയ്യുക. ഇതൊക്കെ നടപ്പിൽ വരുത്തേണ്ട കാര്യമാണ്. ഏത് അസുഖമാണെങ്കിലും സൂറതുൽ ഇഖ്‌ലാസും മുഅവ്വിദതൈനിയും ഓതിക്കൊണ്ട് ഊതി സ്വശരീരത്തിൽ തടവാം. അതിന് സ്വയം കഴിയാത്ത അവസ്ഥയിലാണെങ്കിൽ ഭാര്യക്ക് ഭർത്താവിനും ഭർത്താവിന് ഭാര്യക്കും ഇത് ചെയ്തുകൊടുക്കാം. മക്കൾക്ക് വേണ്ടിയോ, മാതാപിതാക്കൾക്ക് വേണ്ടിയോ ചെയ്തുകൊടുക്കാവുന്നതാണ്. ഇങ്ങനെ ഒരാൾക്ക് സ്വന്തം അത് ചെയ്യാൻ സാധ്യമാകാത്ത ഘട്ടത്തിൽ മറ്റുള്ളവർക്കും ചെയ്തുകൊടുക്കാം എന്നർഥം.

ഇതൊന്നും ആരും അന്ധവിശ്വാസമായി ഗണിക്കേണ്ടതില്ല. ചികിത്സ ഒഴിവാക്കി ഇത് ചെയ്യണമെന്നല്ല ഇപ്പറഞ്ഞതിനർഥം.

ഉസ്മാനുബ്നു അബിൽആസ്(റ) റസൂലി(സ്വ)ന്റെ അടുക്കൽ ചെന്നുകൊണ്ട് 'ഞാൻ ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പ് മുതൽക്കേ എന്റെ ശരീരത്തിൽ വേദന ഇടക്കിടെ വരാറുണ്ട്' എന്നു പറഞ്ഞപ്പോൾ നബി(സ്വ) അദ്ദേഹത്തോട് നിർദേശിച്ചത് ഇപ്രകാരമാണ്: 'താങ്കൾക്ക് വേദനയനുഭവപ്പെടുന്ന ശരീരഭാഗത്ത് താങ്കളുടെ കൈ വെക്കുക. എന്നിട്ട് മൂന്ന് പ്രാവശ്യം 'ബിസ്മില്ലാഹ്' എന്ന് പറയുക. 7 പ്രാവശ്യം 'അഊദു ബില്ലാഹി വ ക്വുദ്‌റതിഹി മിൻ ശർറി മാ അജിദു വഉഹാദിറു' എന്നുകൂടി പറയുക.'

ഭൗതികമായ ചികിത്സ നൽകുന്ന കൂട്ടത്തിൽ ഒരു മുസ്‌ലിം ഡോക്ടർക്ക് നിർവഹിക്കാവുന്ന ഒരു ദഅ്‌വത്ത് കൂടിയാണിത്. 'ഞാൻ നിർദേശിക്കുന്ന മരുന്ന് കഴിച്ചാൽ അല്ലാഹുവിന്റെ തൗഫീക്വുണ്ടെങ്കിൽ ശമനമുണ്ടാകും. ഇതിന്റെ കൂടെത്തന്നെ നിങ്ങൾ പ്രവാചകൻ (സ്വ) പഠിപ്പിച്ച ഈ മന്ത്രം അഥവാ പ്രാർഥനകൂടി ചെയ്യുന്നത് നല്ലതായിരിക്കും' എന്ന് രോഗിയോട് പറയാൻ ഒരു മുസ്‌ലിം ഡോക്ടർക്ക് കഴിയണം.

'എനിക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാവിധ പ്രയാസങ്ങളിൽനിന്നും ഞാൻ ഭയപ്പെടുന്ന കാര്യങ്ങളിൽനിന്നും വേദനകളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും അല്ലാഹുവേ, നിന്നോട് ഞാൻ രക്ഷതേടുന്നു' എന്ന് പ്രാർഥിക്കുക. അല്ലാഹുവിന്റെ മഹത്തായ നാമങ്ങൾ എടുത്തുപറഞ്ഞ് പ്രാർഥിക്കുക.

പ്രവാചകൻ(സ്വ) പഠിപ്പിച്ചതു പ്രകാരം പ്രവർത്തിച്ചതിനാൽ തനിക്ക് പിന്നീട് വേദനയനുഭവപ്പെട്ടിട്ടില്ല എന്ന് ഉസ്മാനുബ്നു അബിൽആസ് (റ) പിന്നീട് പറഞ്ഞതായി കാണാം. മഹാൻമാരായ സ്വഹാബിമാർ നബി(സ്വ) പറയുന്നതും

**ഇസ്‌ലാം നിഷിദ്ധമാക്കിയ മന്ത്രങ്ങമുണ്ട്; ശിർക്കൻ മന്ത്രങ്ങൾ അതിൽ പെടുന്നു. അല്ലാഹുവിനോടല്ല അതിൽ പറയുക; മലക്കുകളോടും ജിന്നുകളോടും ഇതര സൃഷ്ടികളോടുമാണ്. അല്ലാഹുവിന്റെ നാമങ്ങൾക്കു പകരമായി ശിർക്കൻ വിശ്വാസത്തിന്റെ പദങ്ങൾ ഉരുവിട്ടുകൊണ്ടുള്ള മന്ത്രങ്ങൾ വർജിക്കുകതന്നെ വേണം. അതുപോലെ മലക്കിന്റെയും ജിന്നിന്റെയും പേരുകൾ എഴുതിക്കെട്ടുന്നവരുണ്ട്. അവരെ വിളിച്ച് പ്രാർഥിക്കുന്നവരുണ്ട്. ഇതൊക്കെ കഠിനമായ ശിർക്കും ഇസ്‌ലാം വിരോധിച്ചിട്ടുള്ള സംഗതികളുമാണ്. ആത്മീയ ചികിത്സ എന്ന നിലയിൽ കൈയിലും കഴുത്തിലുമൊക്കെ ചരട് കെട്ടുന്നവരുണ്ട്. ചിലപ്പോൾ ചരടുകളിൽ ഐക്കല്ലുകളും ഏലസ്സുകളുമുണ്ടാകും. രോഗശമനത്തിനുവേണ്ടി വീടിന്റെ നാല് മൂലകളിൽ കുപ്പിയും തകിടുമൊക്കെ കെട്ടിത്തൂക്കുന്നവരുമുണ്ട്.**

പഠിപ്പിക്കുന്നതും തൽക്ഷണം സ്വീകരിക്കുന്നതിലും അത് തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിലും എത്രമാത്രം തൽപരരായിരുന്നുവെന്ന് ഈ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു.

അല്ലാഹു ഉദ്ദേശിച്ചാൽ അവൻ പെട്ടെന്ന് രോഗം സുഖപ്പെടുത്തുന്നു. അല്ലെങ്കിൽ നമ്മുടെ പ്രാർഥനക്ക് പ്രതിഫലം അല്ലാഹു നമ്മുടെ നന്മയുടെ ഏടുകളിൽ രേഖപ്പെടുത്തുകയും ചെയ്യും. 'ഉത്തരം കിട്ടുന്നില്ല' എന്നു പറഞ്ഞ് പ്രാർഥനയോട് വിമുഖത കാട്ടുവാൻ പാടില്ല.

മനസ്സിന് ഏകാഗ്രത നഷ്ടപ്പെട്ട്, ദുഃഖത്തിൽ കഴിഞ്ഞുകൂടുന്നവരുടെ കാര്യത്തിൽ നബി(സ്വ) പറഞ്ഞത് ഇപ്രകാരമാണ്: 'അല്ലാഹു; അവനെന്റെ റബ്ബാണ്. ഞാൻ അവനിൽ ഒന്നിനെയും പങ്കുചേർക്കുകയില്ല' (ഇബ്നുമാജ).

'എന്നെന്നും ജീവിച്ചിരിക്കുന്നവനും അജയ്യനുമായ അല്ലാഹുവേ, നിന്റെ കാരുണ്യംകൊണ്ട് ഞാൻ നിന്നോട് സഹായം ചോദിക്കുന്നു. എന്റെ മുഴുവൻ കാര്യങ്ങളും നീ എനിക്ക് നന്നാക്കിത്തരേണമേ. ഒരു കണ്ണിമവെട്ടുന്ന നേരംപോലും എന്റെ കാര്യം നീ എന്നിൽ ഏൽപിക്കാതിരിക്കുകയും ചെയ്യേണമേ.'

'അല്ലാഹുവേ, മനഃക്ലേശത്തിൽനിന്നും ദുഃഖത്തിൽനിന്നും ദുർബലതയിൽനിന്നും അലസതയിൽനിന്നും പിശുക്കിൽനിന്നും ഭീരുത്വത്തിൽനിന്നും കടംകൊണ്ട് കഷ്ടതപ്പെടുന്നതിൽനിന്നും ആളുകൾ അക്രമിച്ച് അതിജയിക്കുന്നതിൽനിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു.'

വ്യത്യസ്ത റിപ്പോർട്ടുകളിൽ വ്യത്യസ്തങ്ങളായ പദപ്രയോഗങ്ങളിലൂടെ വന്നിട്ടുള്ള ഒട്ടേറെ ഹദീസുകൾ ഈ വിഷയത്തിൽ നമുക്ക് കാണാം. ഇപ്രകാരമുള്ള ദുആകളും ദിക്റുകളുംകൊണ്ട് മാനസികമായ കരുത്ത് നേടുക. ശാരീരികമായ രോഗങ്ങളുണ്ടാകുമ്പോഴും ഈ രൂപത്തിലുള്ള മന്ത്രങ്ങളുണ്ടെന്ന് സൂചിപ്പിച്ചുവല്ലോ. ശറഇൽ അനുവദിച്ചിട്ടുള്ള അത്തരത്തിലുള്ള മന്ത്രങ്ങൾക്കാണ് റുക്വ്‌യ ശറഇയ്യ എന്ന് പറയുന്നത്.

ഇസ്‌ലാം നിഷിദ്ധമാക്കിയ മന്ത്രങ്ങമുണ്ട്; ശിർക്കൻ മന്ത്രങ്ങൾ അതിൽ പെടുന്നു. അല്ലാഹുവിനോടല്ല അതിൽ പറയുക; മലക്കുകളോടും ജിന്നുകളോടും ഇതര സൃഷ്ടികളോടുമാണ്. അല്ലാഹുവിന്റെ നാമങ്ങൾക്കു പകരമായി ശിർക്കൻ വിശ്വാസത്തിന്റെ പദങ്ങൾ ഉരുവിട്ടുകൊണ്ടുള്ള മന്ത്രങ്ങൾ വർജിക്കുകതന്നെ വേണം. അതുപോലെ മലക്കിന്റെയും ജിന്നിന്റെയും പേരുകൾ എഴുതിക്കെട്ടുന്നവരുണ്ട്. അവരെ വിളിച്ച് പ്രാർഥിക്കുന്നവരുണ്ട്. ഇതൊക്കെ കഠിനമായ ശിർക്കും ഇസ്‌ലാം വിരോധിച്ചിട്ടുള്ള സംഗതികളുമാണ്.

ആത്മീയ ചികിത്സ എന്ന നിലയിൽ കൈയിലും കഴുത്തിലുമൊക്കെ ചരട് കെട്ടുന്നവരുണ്ട്. ചിലപ്പോൾ ചരടുകളിൽ ഐക്കല്ലുകളും ഏലസ്സുകളുമുണ്ടാകും. രോഗശമനത്തിനുവേണ്ടി വീടിന്റെ നാല് മൂലകളിൽ കുപ്പിയും തകിടുമൊക്കെ കെട്ടിത്തൂക്കുന്നവരുമുണ്ട്. കോഴിമുട്ടയുടെ പുറത്തും കരിക്കിൻമേലും വെള്ളരിക്കയുടെ പുറത്തുമൊക്കെ എന്തൊക്കെയോ എഴുതുക, ഹോമം നടത്തുക, തീകുണ്ഠാരത്തിൽ എറിയുക... ഇങ്ങനെ അന്യമതസ്ഥരിൽനിന്നും കടമെടുത്ത ശിർക്കൻ ആചാരങ്ങൾ കൊണ്ടുനടക്കുന്നവർ ഏറെയുണ്ട്.

ഇങ്ങനെയൊക്കെ ചെയ്യാൻ നിർദേശിക്കുന്നത് സിദ്ധന്മാരായി ചമഞ്ഞുനടക്കുന്നവരും ജ്യോത്സ്യൻമാരും കണക്കൻമാരും മഷിനോട്ടക്കാരുമൊക്കെയാണ്. ഇത്തരം ആത്മീയചൂഷകരെ സമീപിച്ച് പരിഹാരം തേടുന്നതിനെ വലിയ പാതകമായി ഇസ്‌ലാം പഠിപ്പിക്കുന്നു.

നബി(സ്വ) പറഞ്ഞു:"ആരെങ്കിലും ജ്യോത്സ്യനെ സമീപിച്ചാൽ നാൽപത് രാവുകളിലെ അവരുടെ നമസ്‌കാരം സ്വീകരിക്കപ്പെടുകയില്ല.''

"ആരെങ്കിലും ജ്യോത്സ്യനെയോ കണക്ക് നോട്ടക്കാരനെയോ സമീപിക്കുകയും എന്നിട്ട് അവർ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ തീർച്ചയായും അവൻ നബി(സ്വ)ക്ക് ഇറക്കപ്പെട്ടതിൽ (ക്വുർആനിൽ) അവിശ്വസിച്ചിരിക്കുന്നു.''

ജ്യോത്സ്യൻ പറഞ്ഞത് വിശ്വസിച്ചാൽ അവൻ കാഫിറാകുമെന്നും അത് വിശ്വസിച്ചില്ലെങ്കിലും അയാളെ സമീപിക്കുന്നതുകൊണ്ട് മാത്രം ഒരാളുടെ നാൽപത് ദിവസത്തെ നമസ്‌കാരം സ്വീകരിക്കപ്പെടില്ലെന്നും നബി(സ്വ) താക്കീത് ചെയ്തിരിക്കുന്നു!

ഇന്ന് മന്ത്രത്തെ സംബന്ധിച്ച് സമൂഹത്തിൽ കാണുന്ന രണ്ട് നിലപാടുകളെ സംബന്ധിച്ച് മുഹമ്മദ് അമാനി മൗലവി(റഹി) പറയുന്നു: "മന്ത്രത്തോടും അതോടുള്ള ചികിത്സയോടും മിക്കവാറും രണ്ട്

**സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം കരണീയമായത്, രോഗം വന്നാൽ മരുന്നുപയോഗിച്ച് ചികിത്സിക്കുകയും അതോടൊപ്പം ഹദീസുകളിൽ വന്ന ദിക്‌റുകളും ദുആകളും മുഖേന മന്ത്രിക്കുകയുമാണ്. ശരിയായ ഒരു മുസ്‌ലിം റുക്വ്‌യ ശറഇയ്യയെ നിഷേധിക്കുന്നവരുടെയും മന്ത്രം എന്നു പറഞ്ഞ് ഒരു ലക്കും ലഗാനുമില്ലാതെ മതവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നവരുടെയും കൂട്ടത്തിലല്ല, ചികിത്സ തേടുകയും മരുന്ന് സേവിക്കുകയും ഹദീഥുകളിൽ വന്ന ദിക്‌റുകളും ദുആകളും മുഖേന അല്ലാഹുവിനാട് രോഗശാന്തി തേടുകയും ചെയ്യുന്നവരുടെ കൂട്ടത്തിലാണ് ഉൾപ്പെടേണ്ടത്.**

രൂപത്തിലുള്ള സമീപനങ്ങളാണ് ആളുകൾക്കുള്ളത്. മന്ത്രത്തെ സംബന്ധിച്ച് ഇന്ന് ആളുകൾ രണ്ട് തരക്കാരാണ്. ഒരു വിഭാഗം തീരെ അവിശ്വസിക്കുന്നു. ചിലയാളുകളുടെ പണി പറ്റെ നിഷേധിക്കലാണ്. ക്വുർആൻകൊണ്ടും മറ്റേത് മന്ത്രമായാലും ഈ സമീപനക്കാർക്ക് അതിൽ വിശ്വാസമുണ്ടാവില്ല. മാത്രവുമല്ല, അവർക്കതിനോടൊക്കെ പുച്ഛവുമായിരിക്കും.''

മന്ത്രങ്ങളെ പാടെ നിഷേധിക്കുകയും അതിനെക്കുറിച്ച് വന്നിട്ടുള്ള സ്ഥിരപ്പെട്ട പ്രമാണങ്ങളെ അഹന്തയോടെ തള്ളിക്കളയുകയും ചെയ്യുന്നവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. പ്രാമാണികമായി സ്ഥിരപ്പെട്ട കാര്യങ്ങളെ മുഴുവൻ തങ്ങളുടെ ബുദ്ധിയുടെ തുലാസിൽ അളന്നുനോക്കി മാത്രം അവയോടുള്ള സമീപന രീതി തീരുമാനിക്കുന്ന ഇക്കൂട്ടരുടെ ദുശ്ശാഠ്യമാണ് അവസാനം സമ്പൂർണ ഹദീസ് നിഷേധത്തിലേക്കും പിന്നീട് മെല്ലെ യുക്തിവാദത്തിലേക്കുമൊക്കെ ഇവരെ എത്തിക്കുവാൻ കാരണമാകുന്നത്. അല്ലാഹുവിൽ അഭയം തേടുകയല്ലാതെ വേറെ നിവൃത്തിയില്ല.

ഇസ്‌ലാം അനുവദിച്ച മന്ത്രത്തിലെ യഥാർഥ്യങ്ങൾക്കു നേരെ കണ്ണടക്കുന്നവർ അതിനെ പുച്ഛിക്കുന്നവരും തങ്ങളുടെ അൽപജ്ഞാനത്തിന്റെ പേരിൽ അഹങ്കരിക്കുന്നവരുമാണ്. മന്ത്രവാദികളുടെയും കൂടോത്രക്കാരുടെയുമൊക്കെ ജൽപനങ്ങൾ വേദവാക്യംപോലെ സ്വീകരിക്കുന്നവരാകട്ടെ ശരിയായ വിശ്വാസങ്ങളിൽനിന്ന് അകലുന്നവരുമാണ്.

ശാസ്ത്ര, സാങ്കേതിക രംഗത്തെ വികാസത്തിനനുസരിച്ച് മതവിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും പൊളിച്ചെഴുതണമെന്ന് പറയുന്നവർക്ക് ഇതൊന്നും ദഹിക്കണമെന്നില്ല. ഈ പരിഷ്‌കൃത നൂറ്റാണ്ടിലും ഇങ്ങനെയൊക്കെ പറയുന്നവർ അജ്ഞതയുടെ വിത്തുപാകാൻ ശ്രമിക്കുന്നവരാണെന്നു പറഞ്ഞ് പ്രമാണങ്ങൾക്കെതിരിൽ ഇവർ ഒച്ചവെക്കാറുണ്ട്. ഇവർ പലപ്പോഴും ചൂണ്ടിക്കാണിക്കാറുള്ളത് ബീവിമാർ, ജിന്നുമ്മമാർ, ചാത്തൻ സേവക്കാർ പോലുള്ളവരെ സമീപിച്ച് പിഴച്ചുപോകുന്നവരെയാണ്. ഇത്എതിർക്കപ്പെടേണ്ടത് തന്നെയാണ്. എന്നാൽ അതിന്റെ പേരിൽ ഇസ്‌ലാം അനുവദിച്ച കാര്യങ്ങളെ മൊത്തം ആക്ഷേപിക്കുന്നത് ന്യായമല്ല.

സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം കരണീയമായത്, രോഗം വന്നാൽ മരുന്നുപയോഗിച്ച് ചികിത്സിക്കുകയും അതോടൊപ്പം ഹദീസുകളിൽ വന്ന ദിക്‌റുകളും ദുആകളും മുഖേന മന്ത്രിക്കുകയുമാണ്. ശരിയായ ഒരു മുസ്‌ലിം റുക്വ്‌യ ശറഇയ്യയെ നിഷേധിക്കുന്നവരുടെയും മന്ത്രം എന്നു പറഞ്ഞ് ഒരു ലക്കും ലഗാനുമില്ലാതെ മതവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നവരുടെയും കൂട്ടത്തിലല്ല, ചികിത്സ തേടുകയും മരുന്ന് സേവിക്കുകയും ഹദീഥുകളിൽ വന്ന ദിക്‌റുകളും ദുആകളും മുഖേന അല്ലാഹുവിനാട് രോഗശാന്തി തേടുകയും ചെയ്യുന്നവരുടെ കൂട്ടത്തിലാണ് ഉൾപ്പെടേണ്ടത്. ■




# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്മൻ**

**പ്രമാണങ്ങൾ**

തെളിവുകൾക്ക് അടിസ്ഥാനമായ പ്രമാണങ്ങൾ അഥവാ ആധാരങ്ങൾ പലവിധമുണ്ട്. അവ താഴെ പറയുന്നവയാണ്:

അധമർണന്റെ വസ്തു ഉത്തമർണന് നിയമപ്രകാരം കൈമാറ്റം ചെയ്തുകൊണ്ടുള്ളതായ പ്രമാണം (deed of assignment), ആർക്കെങ്കിലും എന്തെങ്കിലും ചെയ്യുന്നതിനുള്ള (ഉദാ: ഒരു തുക ഓരോ വർഷവും നൽകുന്നതിനുള്ള) നിയമാനുസൃതകരാർ (deed of covenant), പങ്കുവ്യാപാരക്കരാർ (deed of partnership), വസ്തുകൈമാറ്റ ആധാരം, വസ്തുകൈമാറ്റപ്രമാണം, ഓഹരികളുടെ ഉടമസ്ഥത കൈമാറിക്കൊണ്ടുള്ള പ്രമാണം (deed of transfer or transfer deed), ഒരു കക്ഷി തനിച്ച് ചമയ്ക്കുന്നതും ആ കക്ഷി മാത്രം നിയമബദ്ധമാകുന്നതുമായ പ്രമാണം. ഉദാ: ഒരാൾ തന്റെ പേരിൽ മാറ്റം വരുത്തുന്നതിന് ചമയ്ക്കുന്ന നിയമാനുസൃതരേഖ (deed poll), ഇഷ്ടദാനാധാരം (gift deed or instrument of gift), പാട്ടച്ചീട്ട് (lease deed), പണയാധാരം, ഒറ്റിയാധാരം (mortgage deed), ഭാഗപത്രം, ഒരാളുടെ സ്വത്തുക്കൾ അയാളുടെ കാലശേഷം അവകാശികൾ ഭാഗം ചെയ്തെടുക്കുന്നു, അല്ലെങ്കിൽ ഒന്നിലധികം പേർക്ക് അവകാശപ്പെട്ട സ്വത്തുക്കൾ അവർ ഭാഗം ചെയ്തെടുക്കുന്നു partition deed or instrument of partition), പ്രമാണത്തിന്റെ അസ്സൽ (0riginal deed), പിഴതിരുത്താധാരം -ഒരു തീരാധാരത്തിന്റെ അസ്സൽ തയ്യാറാക്കിയപ്പോൾ വസ്തുവിന്റെ സർവേനമ്പരിലോ മറ്റോ വന്നുപോയ കൈപ്പിശക് തിരുത്തുന്നതിനുവേണ്ടി ചമയ്ക്കുന്ന ആധാരം (rectification deed), ഒഴിവുകുറി ആധാരം (release deed), ധനനിശ്ചയാധാരം; ഇവിടെ ഒരാൾ ജീവിച്ചിരിക്കെത്തന്നെ തന്റെ സ്വത്തുക്കൾ അവകാശികൾക്ക് ഭാഗംചെയ്തുകൊ ക്കുന്നു (settlement deed), വസ്തുവിന്റെ ഉടമസ്ഥാവകാശം കാണിക്കുന്ന പ്രമാണം; പട്ടയം (title deed), ഒരാൾ മറ്റൊരാളുടെയോ, മറ്റാളുകളുടെയോ, സ്വന്തമോ ആയ പ്രയോജനത്തിനുവേണ്ടി ഭരണം നടത്താൻ വിശ്വാസത്തിന്മേൽ ആരെയെങ്കിലും വസ്തുവകകളോ മുതലോ ഏൽപിച്ചുകൊണ്ടുള്ളതും ഇപ്രകാരം ഏൽപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ടുള്ളതുമായ നിയമാനുസൃത പ്രമാണം (trust deed or trust instrument).

ഒരു കേസിൽ കക്ഷികൾ കൊ

ടുക്കുന്ന ഇടക്കാല അപേക്ഷകൾക്ക് അടിസ്ഥാനമായ വസ്തുതകൾ ബോധ്യപ്പെടുത്തിയിരിക്കേണ്ടത് സത്യവാങ്മൂലം (affidavit)മുഖേനയാണ്. അധികാരപ്പെടുത്തിയിട്ടുള്ള ആളിന്റെ (ഉദാ: മജിസ്ട്രേറ്റ്, അഭിഭാഷകൻ, നോട്ടറി മുതലായവർ) മുമ്പാകെ സത്യം ചെയ്ത് എഴുതിക്കൊടുക്കുന്ന പ്രസ്താവനയാണ് സത്യവാങ്മൂലം. സത്യമാണെന്ന് ഉറപ്പുള്ള കാര്യങ്ങൾ മാത്രമെ സത്യവാങ് മൂലത്തിൽ ചേർക്കാവൂ. സത്യവാങ്മൂലത്തിൽ മനഃപൂർവം കളവായ കാര്യങ്ങൾ ചേർക്കുന്നത് കുറ്റകരമാണ്. പ്രമാണങ്ങൾ, ആധാരങ്ങൾ, ഉടമ്പടികൾ എന്നിവ സാക്ഷ്യപ്പെടുത്തുക, പ്രൊനോട്ടോ വിനിമയപത്രമോ കാഷ് ചെയ്യാൻ ഹാജരാക്കുക, ഏതൊരാളിൽനിന്നും സത്യവാങ്മൂലം വാങ്ങുക, ഏതൊരാളെയും സത്യവാചകം ചൊല്ലിക്കുക, ഇന്ത്യയ്ക്കു വെളിയിൽ നടപ്പിൽ വരുത്തേണ്ട ആധാരങ്ങൾ തയ്യാറാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുക മുതലായ ചുമതലകൾ നിർവഹിക്കുന്നതിനായി ഗവണ്മെന്റ് അധികാരപ്പെടുത്തിയിട്ടുള്ള അഭിഭാഷകനാണ് Notary Public (Notary). ഈ നിയമനം രണ്ടു വർഷത്തേക്കായിരിക്കും. നോട്ടറിയായി പ്രാക്ടീസ് ചെയ്യുന്നതിന് നിർദിഷ്ട ഫീസ് അടച്ച് സർട്ടിഫിക്കേറ്റ് വാങ്ങേണ്ടതുണ്ട്.

**സാക്ഷിവിസ്താരം**

സാക്ഷിമൊഴികളും തെളിവുകളുടെ സ്രോതസ്സാണ്. സിവിൽ കേസുകളിൽ ആദ്യം തെളിവ് ഹാജരാക്കേണ്ടത് വാദിഭാഗമാണ്. സാക്ഷികളും പലതരമുണ്ട്. ആ തരംതിരിവ് ഇപ്രകാരമാണ്:

1) പ്രതികൂലസാക്ഷി(adverse witness).
2) കുറ്റകൃത്യം നടത്തുന്നത് തികച്ചും യാദൃച്ഛികമായി കാണുന്ന സാക്ഷി (chance witness).
3) പ്രതിഭാഗം സാക്ഷി(defence witness or witness for defence).
4) കേട്ടതിനെ അടിസ്ഥാനമാക്കി മൊഴിനൽകുന്ന സാക്ഷി(ear witness).
4) വിദഗ്ധ സാക്ഷി (expert or professional or skilled witness).
5) ദൃക്സാക്ഷി (eye witness).
6) മറുഭാഗം ചേർന്ന സാക്ഷി (hostile witness).
7) പ്രമാണം രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ അതിൽ ഒപ്പുവയ്ക്കുന്ന സാക്ഷി (marginal witness).
8) കേസിൽ സുപ്രധാന തെളിവു നൽകാൻ കഴിയുന്ന സാക്ഷി (material witness).
9) പ്രോസിക്യൂഷൻ ഭാഗം (ക്രിമിനൽ കേസിലെ വാദിഭാഗം) സാക്ഷി(prosecution witness).
10) കേസിൽ ഒരു കക്ഷിയോട് അനർഹമായ പക്ഷപാതം പ്രകടിപ്പിക്കുന്ന സാക്ഷി (zealous witness).
11) വാദിഭാഗം സാക്ഷി (witness for plaintiff).
12) കോടതിയിൽ ഹാജരായിക്കൊണ്ട് മൊഴി നൽകാൻ കാത്തിരിക്കുന്ന സാക്ഷി (witness in attendence).

സാക്ഷികൾ കോടതിയിലെ സാക്ഷിക്കൂട്ടിൽ നിന്നുകൊണ്ടാണ് (witness box or witness stand) മൊഴി നൽകുക.

തർക്കസംഗതികൾ തെളിയിക്കേണ്ട ചുമതല പ്രതിഭാഗത്തിനാണെങ്കിൽ തെളിവ് ആദ്യം നൽകേണ്ടത് പ്രതിഭാഗമാണ്. കക്ഷികൾക്ക് മൊഴി നൽകണമെന്നുണ്ടെങ്കിൽ തങ്ങളുടെ ഭാഗം സാക്ഷികളെ വിസ്തരിക്കുന്നതിന് മുമ്പായി ആയത് നൽകിയിരിക്കണം. സാക്ഷികളെ പരസ്യമായിട്ടായിരിക്കും കോടതിയിൽ വിസ്തരിക്കുക. ഒരു സാക്ഷിയെ തന്റെ കക്ഷിയുടെ അഭിഭാഷകൻ നടത്തുന്ന ആദ്യ വിസ്താരമാണ് മുഖ്യവിസ്താരം. ഇതേത്തുടർന്ന് ആ സാക്ഷിയെ എതിർകക്ഷിയുടെ അഭിഭാഷകൻ നടത്തുന്ന വിസ്താരമാണ് എതിർവിസ്താരം (ക്രോസ്). ക്രോസിൽ തന്റെ സാക്ഷി നൽകിയ മൊഴിയിൽ എന്തെങ്കിലും അവ്യക്തത വന്നുപോയിട്ടുണ്ടെങ്കിൽ ആയത് വിശദീകരിച്ചുകൊടുക്കുന്നതിൽ, ആ സാക്ഷിയെ തന്റെ കക്ഷിയുടെ അഭിഭാഷകൻ വീണ്ടും നടത്തുന്ന വിസ്താരമാണ് പുനർവിസ്താരം (re-examination). ഇരുഭാഗം സാക്ഷികളെയും ഇപ്രകാരം ഈ മൂന്നു വിസ്താരങ്ങൾക്കും വിധേയരാക്കും. മുഖ്യ പുനർവിസ്താരം (re-examination-in-chief or re-chief) നേരത്തെ നടന്ന ചീഫ് വിസ്താരവേളയിൽ വാദിഭാഗം അഭിഭാഷകൻ സാക്ഷിയോടു ചോദിക്കാൻ, മനപ്പൂർവമല്ലാതെ വിട്ടുപോയ ഏതെങ്കിലും സാരവത്തായ ചോദ്യമുണ്ടെങ്കിലോ, പുതിയ ഏതെങ്കിലും വസ്തുത വെളിവിൽ വരുത്താനുണ്ടെങ്കിലോ, സാക്ഷിവിസ്താരം പൂർത്തിയായ ശേഷം കോടതി അനുമതി നൽകുന്നെങ്കിൽ മാത്രം, ആയതിനെ അടിസ്ഥാനമാക്കി അഭിഭാഷകൻ ആ സാക്ഷിയെ നടത്തുന്ന വിസ്താരമാണ്. പുനർ എതിർവിസ്താരം (re-cross examination or re-cross) നടത്താൻ പ്രതിഭാഗം അഭിഭാഷകന് അനുമതി നൽകുന്നതാണെന്ന വ്യവസ്ഥയിന്മേലായിരിക്കും റി ചീഫിന് കോടതി അനുമതി നൽകുക. റി ചീഫിനെത്തുടർന്ന് എതിർഭാഗം അഭിഭാഷകൻ ഈ സാക്ഷിയുടെ റീ ക്രോസ് വിസ്താരം നടത്തുന്നതുമായിരിക്കും. കോടതിയിലെത്തി സാക്ഷ്യം നൽകാനാവാത്ത സ്ഥിതിയിലുള്ള സാക്ഷിയെ കോടതി നിയോഗിക്കുന്ന കമ്മീഷൻ (commission) മുഖേന സാക്ഷിയുടെ വസതിയിൽവച്ച് വിസ്തരിക്കാവുന്നതാണ്. ■




ഹുസ്ന മലോറം

നാളേക്കു വേണ്ടി നാമെന്തു ചെയ്തു;
നാളെ വിജയിക്കാനെന്തു ചെയ്തു?
മണ്ണിലെ വാസം കഴിഞ്ഞുവെന്നാൽ
മണ്ണിനടിയിലെ വാസമുണ്ട്!
ആർക്കും നിഷേധിക്കാനായിടാത്ത
സത്യമാണിക്കാര്യമോർത്തിടേണം.
ആറടി മണ്ണിൽ കൂട്ടാരുമില്ല,
അക്കൂരിരുട്ടിൽ നാമേകരാണ്.
നാം ചെയ്ത നന്മകൾ മാത്രമാണ്
നമ്മൾക്കു കൂട്ടായ് അന്നുള്ള കാര്യം.
ഇഹലോകം കർമങ്ങൾ ചെയ്തിടാനാ,
പരലോകം കർമഫലത്തിൻ വേദി.
ചോദ്യങ്ങൾ നമ്മോടു നേരിലാണ്,
ഉത്തരമേകേണ്ടോർ നമ്മളാണ്.
താങ്ങും തണലുമായ് ആരുമില്ല,
സ്വന്തക്കാർ, ബന്ധുക്കളില്ല കൂടെ.
അവിടെ വിജയം വരിച്ചിടുവാൻ
ദീനിന്റെ മാർഗത്തിൽ നീങ്ങിടേണം.
നന്മകളെല്ലാം നാം ചെയ്തിടേണം,
തിന്മകൾ പാടെ വെടിഞ്ഞിടേണം.




GET IT ON Google Play

Download on the App Store

## പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 NOVEMBER 12

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANIZATION

**300ൽ അധികം ലക്കങ്ങൾ പിന്നിട്ട്,**
**ഏഴാം**
**വയസ്സിലേക്ക്...**

7



ഒറ്റ പ്രതി
₹12

വാർഷിക
വരിസംഖ്യ: ₹624

പ്രചാരണ
മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

**വരി ചേരുക,**
**വായിക്കുക...**

**പ്രചാരണ മാസം**
**2022 നവംബർ: 10 - ഡിസംബർ: 10**

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com